ജനസംഖ്യ വളരെ കൂടുതലുള്ള ഇൻഡ്യഭക്ഷണസാധനങ്ങളുടെവിഷയത്തിൽ സ്വയം പര്യാപ്തമായ ഒരു രാജ്യമല്ല. പാശ്ചാത്യരുടെ ഒരു വിപണിയായി ഇൻഡ്യയെ രൂപാന്തരപ്പെടുത്തിയതല്ലാതെകാർഷികമോ വ്യാവസായികമോ ആയ അഭിവൃദ്ധിക്കുവേണ്ടി ഇംഗ്ലീഷ്കാർ അധികമൊന്നും ചെയ്തിരുന്നില്ല. എന്നാൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഈ ചുരുങ്ങിയ കാലത്തിനിടയ്ക്കു് അണകളും, തോടുകളും നിർമ്മിച്ചു് ജലസേചനപദ്ധതികളേർപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടു്. പ്ലാനിംഗ് കമ്മിഷനെ നിയമിച്ചു് ജനങ്ങളുടെ ജീവിതത്തോതു് ഉയർത്തുന്നതിനുവേണ്ട പ്രാരംഭപ്രവർത്തനങ്ങളും, പഞ്ചവത്സരപദ്ധതിമുഖേന നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. അമേരിക്കയുടെ സഹായത്തോടുകൂടി "കമ്യൂണിററി പ്രോജക്റ്റ്സ്" (സാമൂഹികവികസന പദ്ധതി) ഗ്രാമീണരുടെ ഉദ്ധാരണത്തിനുവേണ്ടി ചില സ്ഥലങ്ങളിൽ നടപ്പിൽ വരുത്താൻ ആരംഭമിട്ടുകഴിഞ്ഞു. അമേരിക്കയുടെ സഹായം അവരുടെ സാമ്രാജ്യദുർമ്മോഹപ്രകടനമാണെന്നു ചിലർ വ്യാഖ്യാനിക്കുന്നുണ്ടെങ്കിലും, ഇൻഡ്യയുടെ ഉറച്ച വിദേശനയം മൂലം യാതൊരു സ്വാധീനശക്തിയും ഇൻഡ്യയുടെ മേൽ ആക്രമം ചെലുത്താൻ സാധ്യമാകുന്നതല്ല. ഗ്രാമീണർക്കു് പുരോഗമനോന്മുഖങ്ങളായഉപദേശങ്ങൾകൊടുക്കയും അവരുടെ ഇടയിൽ പ്രവർത്തിക്കയും ചെയ്യുകയാണ് അതിൻെറ ഉദ്ദേശം. ഉള്ള സ്വത്തു് പങ്കിട്ടെടുക്കുകയോ, രാഷ്ട്രം സ്വത്തു കൈവശപ്പെടുത്തുകയോ അല്ല വേണ്ടതു്. ഓരോരുത്തനും അവനവൻെറ ആവശ്യത്തിനു വേണ്ട സാധനങ്ങൾ ഉല്പാദിപ്പിക്കാൻ യത്നിക്കുകയും, ഗവണ്മെൻറ് ചെറിയ തോതിൽ അങ്ങനെയുള്ളവരെ സഹായിക്കുകയുമാണല്ലോ ഒരു "വെൽഫെയർ" സ്റ്റേയിററിൻെറ ലക്ഷണം. ഉള്ള സ്വത്തു് പങ്കിട്ടെടുക്കുന്നതിനേക്കാൾ ഓരോരുത്തനും അത്രയും സ്വത്തു് ഉണ്ടാക്കുന്നതിനു ശ്രമിച്ചാൽ അതു് എത്രയോ ഉത്തമമാണ്. ജനായത്തഭരണത്തിൻെറ ഉദ്ദേശവും അതുതന്നെയാണല്ലോ.

വിവിധ ജാതിമതസ്ഥർ വസിക്കുന്ന ഇൻഡ്യയെ ഒരു മതേതരരാഷ്ട്രമായി പ്രഖ്യാപിച്ചിട്ടുണ്ടു്. വർഗ്ഗീയസമരവും വിദ്വേഷവും ഇതുമൂലം ഒഴിവാക്കുവാൻ സാധിക്കുമെന്നാണ് ഗവണ്മെൻറിൻെറ പ്രതീക്ഷ. എന്നാൽ ഇൻഡ്യയിലെ ഓരോ പൗരനും അവനവൻെറ മതത്തിൽ വിശ്വസിക്കാനും അതുപ്രചരിപ്പിക്കാനുമുള്ള അവകാശമുണ്ടു്. വെറും ഭൗതികമായ അടിസ്ഥാനത്തിലല്ല, ആദ്ധ്യാത്മികമായ അസ്ഥിവാരത്തിലാണ്പുരോഗമനംസ്ഥിതിചെയ്യുന്നതെന്നും, മതം കൂടാതെയുള്ള മനുഷ്യജീവിതം അപൂർണ്ണമാണെന്നും ഇൻഡ്യ വിശ്വസിക്കുന്നു.

സ്വാതന്ത്ര്യവും, ധീരവുമായ ഒരു വിദേശനയമാണ് ഇൻഡ്യയ്ക്കുള്ളത്. മററു രാജ്യങ്ങളുമായുള്ള നയതന്ത്രബന്ധം എല്ലാ രാജ്യങ്ങളെ സംബന്ധിച്ചും പ്രാധാന്യമർഹിക്കുന്നതാണ്. വ്യക്തിസ്വാതന്ത്ര്യത്തേയും മതപരമായ ചിന്തകളേയും ചോദ്യം ചെയ്തുകൊണ്ട് ഇരുമ്പു മറയ്ക്കുള്ളിൽ സ്വേച്ഛാധികാരഭരണം നടത്തുന്ന റഷ്യയോടും, മററു ലോകത്തിലുള്ള വിവിധ രാജ്യങ്ങളോടും തികച്ചും സ്വതന്ത്രമായ നയതന്ത്രബന്ധം പാലിക്കുന്നതിനും ഇൻഡ്യയ്ക്കു സാധിച്ചിട്ടുണ്ട്. ലോകത്തെ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെപ്പററി ചർച്ച ചെയ്യുന്നതിനുവേണ്ടി എല്ലാ രാഷ്ട്രങ്ങളും ഇൻഡ്യയെ സമീപിക്കുന്നത് ഇതിനൊരു ഉദാഹരണമാണ്. വിദേശങ്ങളിൽ നിന്നുള്ള ധനസഹായം ഭീകരസംഘങ്ങൾ മുഖേനയായിരിപ്പാൻ പാടില്ലെന്നും ഗവണ്മെൻറു മുഖേനയായിരിക്കണമെന്നുമുള്ള പ്രസ്താവന ഇൻഡ്യയുടെ സ്വതന്ത്രമായ വിദേശനയത്തിനു ദൃഷ്ടാന്തമാണ്. യാതൊരു പുരോഗതിയുമില്ലാതെ കിടക്കുന്ന ഏഷ്യൻരാജ്യങ്ങളുടെ പുരോഗതിക്കുവേണ്ടി ഇൻഡ്യ വേണ്ട ഒത്താശകൾ ചെയ്യുന്നതിനും സന്നദ്ധമാണ്. ലോകത്തിൻെറ ശാശ്വതമായ സമാധാനത്തിനും ശാന്തിക്കുംവേണ്ടി നിലകൊള്ളുന്ന ഇൻഡ്യയുടെ പ്രവർത്തനങ്ങളെ ഐക്യരാഷ്ട്രസമിതി അത്യന്തം സംതൃപ്തിയോടെയാണ് വീക്ഷിച്ചു പോരുന്നത്.

നാളതുവരെ ലോകത്തിൽ നടന്നിട്ടുള്ള തിരഞ്ഞെടുപ്പുകളിൽ വലിയ തെരഞ്ഞെടുപ്പാണ് ഇൻഡ്യയിൽ ഈയിടെ നടന്നത്. അതിൽ ജനാധിപത്യത്തിനു വിജയം ലബ്ധമാകയുംചെയ്തു. ജനങ്ങൾക്കുവേണ്ടി, ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു സംഘം ജനങ്ങൾ തന്നെ ഭരിക്കുന്ന ഗവണ്മെൻറാണ് ഇൻഡ്യയ്ക്കുള്ളത്. വിദേശങ്ങളിൽ പാർക്കുന്ന ഇൻഡ്യാക്കാർക്ക് നേരിട്ടുകൊണ്ടിരിക്കുന്ന വിഷമ പ്രശ്നങ്ങളെയെല്ലാം പരിഹരിക്കുന്നതിനു വേണ്ട നടപടികൾ ഈ ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ട്.

പ്രബലങ്ങളായ പ്രതിബന്ധങ്ങളെയെല്ലാം തരണം ചെയ്തു ചുരുങ്ങിയ സമയംകൊണ്ടു ലോകരാഷ്ട്രങ്ങളുടെ ഇടയിൽ പ്രധാനസ്ഥാനം കരസ്ഥമാക്കിയിരിക്കുന്ന ഇൻഡ്യയുടെ ഭാവി സുരക്ഷിതമാക്കേണ്ട ഭാരം ഇന്നത്തെ യുവാക്കന്മാരിലാണ് സ്ഥിതിചെയ്യുന്നത്. രാജ്യത്തിൻെറ നിലനില്പിനുവേണ്ടതെല്ലാം പ്രവർത്തിക്കേണ്ട ഭാവിപൗരന്മാരാണവർ. വിപ്ലവംകൊണ്ടു സ്വാതന്ത്ര്യം നേടുവാനുദ്യമിയ്ക്കാതെ വിദ്യാഭ്യാസംകൊണ്ടു സംസ്കാരമാർജ്ജിച്ചു് കൃത്യനിഷ്ഠയോടും, ശിക്ഷണബോധത്തോടും മാതൃഭൂമിയുടെ അഭിവൃദ്ധിക്കായി ജീവിതമർപ്പിക്കുവാൻ അവർ തയ്യാറാകയാണു വേണ്ടത്. അതാണ് അവരനുഷ്ഠിക്കേണ്ട ധർമ്മം.

—: ജയ് ഹിന്ദ് :—

# * മംഗളോപഹാരം.

*G. Vaidyanatha aiyar.*

ഇപ്പാരിൽപ്പേരുപൊങ്ങും പെരുമയൊടമരും
ദിവ്യതേജസ്വിയാകും
മാർപ്പാപ്പാതൻപ്രസാദത്തിനു ഗുണനിധിയാ-
മാരു സൽപ്പാത്രമായി,
അപ്പാണ്ഡിത്യാംബുരാശേ, ഭവികനിലയമേ,
"മാർഗ്രിഗോറ്യൂസ്സ്" സംജ്ഞ-
യ്ക്കിപ്പോളർഹൻ ഭവാനിക്കവനകലികതാൻ
സാദരം കാഴ്ചവെയ്പൂ.

മൊട്ടിൽക്കാണുന്നവല്ലോ വികസിതകുസുമ-
ത്തിങ്കൽ വാരാന്നലാവും
പുഷ്പശ്രീ വ്യക്തമല്ലെങ്കിലുമകതളിരി-
ന്നിമ്പമേകും വിധത്തിൽ
കുട്ടിക്കാലത്തേതമട്ടമലചരിതനാ-
മങ്ങതൻ സദ്ഗുണം നൽ-
ച്ചിട്ടയ്യൊത്തുള്ള കർമ്മപ്രഭയിലഖിലവും
ഞങ്ങൾ കണ്ടൂ മഹാത്മൻ!

അന്തർവാണിക്കിടെപ്പെട്ടനുപമധിഷണാ-
ശാലിയാമങ്ങു വിട്ടു
സ്വന്തം മാതാവിനേയും ജനകനെയുമഹോ!
ബന്ധുവർഗ്ഗത്തിനേയും;
ചന്തം ചിന്തുന്ന കാവ്യത്തിൻ സമതവഹി-
ച്ചീടുമത്യാഗവൃത്തം
ചിന്തിക്കുന്തോറുമാരും പുളകിതതനുവായ്
ത്തീരുമാറുള്ളതല്ലോ.

ആരാധ്യാരാധ്യരാമഗ്ഗുരുവരരിതുപോ-
രന്നു കാണിച്ച മാർഗ്ഗം
സ്ഥാരാഭം കാണ്മൂ, ധർമ്മോത്സുകശുഭചരിത-
ന്മാർക്ക് ഗന്തവ്യമായി;

വാരാളും വൈദികാഗ്രേസര മഹിമയെഴും
ഭവ്യപൂർണ്ണൻ ഭവാനാ-
ണാരാജദ്വീഥിയൂടേ ജനതയെയിനിമേൽ
കൊണ്ടുപോകേണ്ടതോർത്താൽ.

ധർമ്മഭ്രംശം ഭവിക്കും യുഗമതിലുലകം
താങ്ങിവാഴ്ത്തുന്നതോർത്താൽ
കർമ്മത്താൽ ഖ്യാതിതേടിപ്പട്ടതയൊടമരും
തദ്ഗുരുശാചാര്യരത്രേ;
നൈർമ്മല്യം തിങ്ങുമങ്ങുന്നനുദിവസമഹോ!
നിർവഹിക്കുന്ന കൃത്യം
നിർമ്മായം വാഴ്ത്തുമെന്നും സുജനതതിമഹാ
പ്രാതിഭോത്തംസമൃത്തേ!

ഈ വിദ്യാമന്ദിരത്തിൻ ഭരണമതുലിതൗ-
ജസ്സോടങ്ങന്നാളിൽ
ഹേ! വിദ്വൻ, ശ്ലാഘ്യമാകും തവനിപുണതയെ-
ങ്ങൾക്കു നേരിട്ടുകാണായ്;
ഭാവിശ്ശ്രേയസ്സു പാഠാലയമിതിനുളവാ-
യീടുവാൻ ഭവ്യപൂരം
തൂവി ശ്രീമൻ, ഭവാൻ പൂലതികവളരുവാൻ
വിണ്ണിന്റെ തൂമാരിപോലേ.

ഭൂയിഷ്ഠശാഖമാർന്നിപ്പഠനനിലയനം
പോലെ മററുള്ളതാകും
ശ്രീയുക്തസ്ഥാപനൗഘങ്ങളുമനുപമമാം
കീർത്തിപൂണ്ടുല്ലസിക്കാൻ
ആയുസ്സാരോഗ്യസമ്പൽസ്സുഖമിവയവിട-
ത്തേയ്ക്കു നൽകട്ടെ മേന്മേൽ
ശ്രീയേശുക്രിസ്തുവിശ്വത്തിനുവരഗുരുവായ്
വാഴുമാദൈവപുത്രൻ.

* 30-1-1953—ൽ മാർ ഇവാനിയോസ് കാളേജിൽവച്ചു ദിവ്യശ്രീ ബനഡിക്ട് മാർ ഗ്രിഗോറിയോസ് ഒ. ഐ. സി. എം എ. തിരുമേനിയുടെ ബഹുമാനാർത്ഥം കൂടിയ യോഗത്തിൽ സമർപ്പിച്ചത്.

# രാഷ്ട്രഭാഷയാകാൻ ഹിന്ദിക്കുള്ള യോഗ്യത.

*Kenil Stephen—II U. C.*

**പ**ല മതങ്ങളും, നിരവധി ജാതികളും നിലവിലിരിക്കുന്നഭാരതത്തിലെ ജനങ്ങൾക്ക് ഒരു സാമാന്യസംസ്കാരം അത്യാവശ്യമാണ്. ഐക്യബോധവും, സഹോദരഭാവവും അതിനു അപരിഹാര്യമത്രേ. ആശയവിനിമയത്തിനു സഹായിക്കുന്ന ഒരു പൊതുഭാഷയുണ്ടെങ്കിൽ മാത്രമേ ജനങ്ങൾക്ക് അതു സാദ്ധ്യമാകയുമുള്ളു.

പരസ്പരസമ്പർക്കം പുലർത്തുവാൻ, പൊതുഭാഷ സംസാരിക്കുന്ന ജനതയ്ക്കു് എളുപ്പത്തിൽ കഴിയും. ഭാരതത്തിലെ ജനങ്ങൾക്ക് അവരുടെ മാതൃഭാഷയോടു കൂടുതൽബന്ധം ഉണ്ടായിരിക്കുക സ്വാഭാവികമാണല്ലോ. തെരഞ്ഞെടുക്കപ്പെടുന്ന പൊതുഭാഷയോടു് അഥവാ രാഷ്ട്രഭാഷയോടു് അവരുടെ മാതൃഭാഷയ്ക്കു് സാദൃശ്യമോ, സാമീപ്യമോ ഉണ്ടായിരിക്കുന്നതു് അനുഗ്രഹമായിരിക്കും. അതല്ലെങ്കിൽ, എല്ലാവർക്കുംഎളുപ്പത്തിൽ ഗ്രഹിക്കുവാൻ പര്യാപ്തമായിരിക്കണം സ്വീകരിക്കപ്പെടുന്ന രാഷ്ട്രഭാഷ.

ഈ മൌലികമായ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഹിന്ദിഭാഷയെപ്പററി നമുക്ക് അല്പം അവധാനപൂർവ്വം ചിന്തിക്കാം. ഇൻഡ്യയിൽ ഇന്നു് അധിവസിക്കുന്ന ജനങ്ങളുടെയിടയിൽ പ്രധാനമായി പ്രചാരത്തിലിരിക്കുന്ന ഭാഷകൾ ഹിന്ദി, മലയാളം, തമിഴ്, ബങ്കാളി എന്നിവയാണ്. മലയാളത്തിനു സംസ്കൃതത്തോടുള്ള ബന്ധം ദൃഢതരമാകയാൽ സംസ്കൃതവുമായി അടുപ്പമുള്ള ഹിന്ദിക്ക് മലയാളത്തിനോടു സാമീപ്യത്തിനു വകയുണ്ടു്. തമിഴ് മലയാളത്തിൻെറ ഒരു ജ്യേഷ്ഠസഹോദരിയായി ഗണിക്കപ്പെട്ടിരിക്കുന്നസ്ഥിതിക്ക് മലയാളത്തിനു ഹിന്ദിയോടു സാമീപ്യമുണ്ടായിരിക്കുന്ന കാലത്തോളം തമിഴിനും ആ അടുപ്പം ഇല്ലെന്നു പറയാൻ നിവൃത്തിയില്ല. അപ്പോൾ, മലയാളം തമിഴ് എന്നീ ഭാഷകൾ കൈകാര്യം ചെയ്യുന്ന മലയാളികൾക്കും, തമിഴർക്കും ഹിന്ദിയെ രാഷ്ട്രഭാഷയായി അംഗീകരിക്കാൻ സാദ്ധ്യതകൾഉണ്ടു്. മാത്രമല്ല, മലയാളികളും തമിഴരുമായ ജനങ്ങൾ തെന്നിന്ത്യാക്കാരായതിനാലും, അവരുടെ വിദ്യാഭ്യാസാഭിവൃദ്ധി മററു പ്രദേശങ്ങളേക്കാളും ആശാസ്യമായിരിക്കുന്നതിനാലും മലയാളികൾക്കും, തമിഴർക്കും അതു് നിഷ്പ്രയാസം ആസന്നഭാവിയിൽ തന്നെ

ദൈനംദിന ജീവിതത്തിൽ പ്രയോഗത്തിൽ വരുത്താവുന്നതാണ്.

ഹിന്ദി, മലയാളത്തെക്കാളുമധികം സംസ്കൃതത്തോട് ലിപി സംബന്ധിച്ചും മററും, സാമ്യതവഹിക്കുന്നുണ്ട്. തന്മൂലം, സംസ്കൃതം കൈകാര്യം ചെയ്യുന്നവക്ക് ഹിന്ദി മനസ്സിലാക്കാൻഎളുപ്പത്തിൽ സാധിക്കും. മാത്രവുമല്ല, ഹിന്ദിയിലും, സംസ്കൃതത്തിലുമെഴുതപ്പെട്ടിട്ടുള്ള അനേകം പുസ്തകങ്ങൾ തന്നെയും ഇക്കാര്യത്തിൽ പ്രയോജകീഭവിക്കുന്നുണ്ട്.

ബങ്കാളിയുടെ കാര്യത്തിലാണെങ്കിൽ, ആ ഭാഷ സംസാരിക്കുന്നവർ ജീവിതരീതികളുടെ സാമ്യതകൊണ്ടും, പ്രവിശ്യാസാമീപ്യംകൊണ്ടും ഹിന്ദി വശമാക്കാൻ പ്രാപ്തരാകുമെന്നതിൽ സന്ദേഹിക്കാനില്ല. ഇവയെല്ലാം ചിന്തിക്കുമ്പോൾ രാഷ്ട്രഭാഷാസ്ഥാനത്തിനു് ഹിന്ദിക്കു തന്നെയാണു് യോഗ്യതയെന്നു കാണാവുന്നതാണ്.

ജനസംഖ്യയെ അടിസ്ഥാനമാക്കി പരിശോധിച്ചാലും, ഹിന്ദി തന്നെയാണു രാഷ്ട്രഭാഷാസ്ഥാനം അർഹിക്കുന്നതെന്നു കാണാൻ കഴിയും. എന്തുകൊണ്ടെന്നാൽ, ഹിന്ദി നിലവിലിരിക്കുന്ന മദ്ധ്യേന്ത്യയിലാണ് ജനവാസം അധികമുള്ളത്. അതു മാത്രവുമല്ല മററു ഭാഷകൾ സംസാരിക്കുന്നവരെ അപേക്ഷിച്ചു ഹിന്ദി സംസാരിക്കുന്നവരാണ് ഇൻഡ്യയിൽ അധികം. ഒരു രാഷ്ട്രഭാഷയുടെ മൗലികമായ ഉദ്ദേശം തന്നെ പരസ്പരമുള്ള ആശയവിനിമയവും, പൊതുവായ സംസ്കാരസമ്പാദനവും സുസാധമാക്കി ഐക്യബോധം ജനങ്ങളിൽ അഭിവൃദ്ധിപ്പെടുത്തുകയാകുന്നു. ഈ വിഷയത്തിൽ ഹിന്ദിക്കുള്ള കഴിവ് മററു ഭാരതീയഭാഷകളേക്കാൾ ഉലോം കൂടുതലാണെന്നു് ആരും സമ്മതിക്കും. നിരവധി ഗ്രന്ഥങ്ങളുള്ള ഒരു ഭാഷയാണ് ഹിന്ദി. ആ ഗ്രന്ഥങ്ങളിൽ അധികവും പ്രസിദ്ധന്മാരും മഹാന്മാരുമായ കവികളും, കലാകാരന്മാരും എഴുതിയിട്ടുള്ളവയത്രേ. അനവധി വർഗ്ഗീയസമരങ്ങളുടെ കേളീരംഗമായിരുന്ന ഇൻഡ്യായപ്പററി അവയിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ആ സമരങ്ങളുടെ പട്ടികയിൽ സാമ്രാജ്യസ്ഥാപനത്തിനായി ദുഷിച്ച മനോഭാവത്തോടെ ഭാരതത്തിലെങ്ങും രക്തപ്പുഴയൊഴുക്കിയ സംഭവങ്ങൾ കാണാം. വർഗ്ഗീയവാദത്തിൻെറ മാറെറാലി മുഴക്കി, ഇന്ത്യൻ ജനതയെ തമ്മിൽ ഭയങ്കരങ്ങളായ യുദ്ധങ്ങൾക്കു പ്രേരിപ്പിച്ചു്, അവയുടെ അനിഷ്ടഫലങ്ങൾ അനുഭവിപ്പിക്കുന്ന പലേ അദ്ധ്യായങ്ങളും അവയിലുണ്ട്. ഹിന്ദി ഒരു രാഷ്ട്രഭാഷയായി അംഗീകരിക്കപ്പെടുകയും, പ്രയോഗത്തിൽ വരുകയും ചെയ്യുന്ന പക്ഷം, കാശ്മീർ മുതൽ കന്യാകുമാരിവരെയുള്ള ഇന്ത്യൻ ജനതയ്ക്കു് അത്തരം ഗ്രന്ഥങ്ങൾ പഠിക്കുവാനും, തദ്വാരാ ആഭ്യന്തരകലഹത്തിൻെറ ദാരുണവശങ്ങൾ ഗ്രഹിക്കുവാനും പരസ്പരവിദ്വേഷം വെടിഞ്ഞു് ഭാവി ശോഭനമാക്കുവാനും സാധിക്കും.

എളുപ്പത്തിൽ ഗ്രഹിക്കുവാൻ കഴിയുന്ന ഭാഷയെന്ന നിലയിൽ ഹിന്ദി ഒരു പ്രശ്നമേയല്ല. വളരെ വേഗത്തിൽ അതിൻെറ പ്രാഥമികപാഠങ്ങൾ മാത്രമല്ല സിംഹഭാഗവും മനസ്സിലാക്കാൻ ആക്കും സാധിക്കും. നേരേ മറിച്ചു് മലയാളമോ, തമിഴോ അതിൻെറ സ്ഥാനത്തു പ്രതിഷ്ഠി

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

ക്കുകയാണെങ്കിൽ ഭാരതത്തിലെ ഭൂരിപക്ഷം ജനങ്ങൾക്കും അവ പഠിക്കുവാൻ അത്ര എളുപ്പത്തിൽ കഴിയുന്നതല്ല; വളരെക്കാലം കാത്തിരുന്നാലെ സാധിക്കൂ. ഒരു രാജ്യത്തിൻെറ ഉത്കർഷം അതിൽ നിവസിക്കുന്ന ജനങ്ങളെയാണല്ലോ അധികവും ആശ്രയിച്ചിരിക്കുന്നത്. അതിനാൽ ഋജുവായ മാർഗ്ഗനിർദ്ദേശംകൊണ്ടു മഹത്തായ ഒരു ലക്ഷ്യത്തിലെത്തുവാൻ അവരെ സഹായിക്കേണ്ടതു് ബുദ്ധിമാന്മാരായ ചിന്തകന്മാരുടെ കർത്തവ്യമാണ്. അവരിൽ ഹിന്ദി ഭാഷാപണ്ഡിതന്മാർക്കും സർവ്വാദരണീയമായ സ്ഥാനത്തിനവകാശമുണ്ട്. ഹിന്ദി ഭാഷയിൽ രചിക്കപ്പെട്ടിട്ടുള്ള കൃതികളിൽ പലതും ജനഹൃദയങ്ങളെ വികസിപ്പിക്കുവാൻ പര്യാപ്തങ്ങളുമാണ്.

ഹിന്ദി ഒരു രാഷ്ട്രഭാഷയായിത്തീരുന്നതോടുകൂടി പ്രാദേശികചിന്താഗതിക്കാരുടെ മനോഗതിക്ക് മാററം വരാതിരിക്കയില്ല. അപ്പോൾ അവർ സകലതിനേയും ഇന്ത്യയുടെ ഒട്ടാകെയുള്ള ഒരു പ്രശ്നമായി കരുതുവാൻ പ്രേരിതരാകുകയും ചെയ്യും. ഇന്ത്യയിൽ ഹൈന്ദവസംസ്കാരത്തിൻെറ കേന്ദ്രസ്ഥാനം മദ്ധ്യേന്ത്യയോടടുത്തായതിനാൽ, ആ സംസ്കാരത്തിൻെറ സ്വാധീനശക്തി നിലവിലിരിക്കുന്ന പ്രദേശങ്ങൾ, അഥവാ ഇന്ത്യയൊട്ടാകെത്തന്നെ ആ കേന്ദ്രവുമായി ബന്ധപ്പെടുവാൻ സ്വയം പ്രേരിതമാകും. ശ്രീരാമചരിതവും, കുരുക്ഷേത്രയുദ്ധവും, ഭഗവത് ഗീതയും മററും ശരിക്കു ഗ്രഹിക്കുവാൻ അതു സഹായിക്കും. അപ്പോൾ തുളസീദാസൻേറയും കബീർദാസിൻേറയും തൂലികയിൽക്കൂടിയുള്ള അവയുടെ ഹൃദ്യങ്ങളായ വിവരണങ്ങളും, ചിത്രണങ്ങളും നമുക്ക് അനശ്വരാനന്ദമരുളും. അനുഭവജ്ഞാനമുള്ളവരുടെ പ്രതിപാദത്തിനു ശക്തിയുണ്ടായിരിക്കുക സ്വാഭാവികമാണല്ലോ. ഹൈന്ദവസംസ്കാരത്തിൻെറ സൂക്ഷ്മജ്ഞാനം നൽകുന്നവയത്രേ ഈ മഹാകവികളുടെ ഹിന്ദി ഭാഷയിലുള്ള കൃതികൾ.

ഇന്ത്യയുടെ ചരിത്രത്തിൽ സ്വാതന്ത്ര്യത്തിനുവേണ്ടി നിരന്തരം പ്രയത്നിച്ച ത്യാഗിവര്യരിൽ അധികം പേരും വടക്കേ ഇൻഡ്യയിലുള്ളവരാണ്. അവരുടെ ചരിത്രം വിവരിക്കപ്പെട്ടിട്ടുള്ളതു് അധികവും ഹിന്ദിഭാഷമുഖേനയുമാണ്. അക്കൂട്ടത്തിൽ മഹാത്മാഗാന്ധിയുടെ ചരിത്രത്തിനു് അതിപ്രധാനമായ ഒരു സ്ഥാനമാണുള്ളതു്. ലോകത്തെയാകമാനം ആകർഷിച്ച ആ ത്യാഗിവര്യൻെറ അഹിംസാതത്വങ്ങളെപ്പററി സൂക്ഷ്മജ്ഞാനം നൽകാൻ ഹിന്ദിഭാഷയ്ക്കാണ് കൂടുതൽ കഴിവ്. അതുകൊണ്ടു് ഹിന്ദിഭാഷാപഠനം ഭാരതീയക്കു പൊതുവേ അപരിത്യാജ്യമാണെന്നാണ് എൻെറ അഭിപ്രായം.

രാഷ്ട്രഭാഷാസ്ഥാനം ഹിന്ദിക്കു നൽകുന്നതായാൽ മററു ഭാരതീയഭാഷകൾക്കുള്ള പ്രാധാന്യം ക്രമേണ കുറയുവാനിടയുണ്ടെന്നു ചിലർക്കു ഭയമുള്ളതായി തോന്നുന്നു. അടിസ്ഥാനരഹിതമാണ് ആ ഭയം. ഇംഗ്ലീഷ് രാജ്യഭാഷയെന്ന നിലയിൽ സർവ്വാധികാരം നടത്തിക്കൊണ്ടിരുന്നിട്ടും ഭാരതീയഭാഷകളുടെ പ്രാധാന്യത്തിനോ, പ്രചാരത്തിനോയാതൊരുതടസ്സവും നേരിട്ടിരുന്നില്ലെന്നുള്ളതു് നമുക്ക് അനുഭവം കൊണ്ടു് അറിയാവുന്ന ഒരു പരമാർത്ഥമാണല്ലോ. ആ സ്ഥിതിക്ക് ഹിന്ദി രാഷ്ട്രഭാഷയായാലും പ്രാദേശികഭാഷകൾക്കുള്ള പ്രാധാന്യം

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

വദ്ധിക്കുവാനല്ലാതെ കുറയുവാൻ മാർഗ്ഗമില്ല. തമിഴും ബംഗാളിയുംപോലെ സാഹിത്യഗുണം തികഞ്ഞ ഭാഷയല്ല ഹിന്ദിയെന്നും ഭാരതീയക്ക് ഉപേക്ഷിക്കുവാൻ നിവ്വാഹമില്ലാത്തവിധം പ്രചാരം സിദ്ധിച്ചിട്ടുള്ളതും, സവ്വരാജ്യപ്രാധാന്യമുള്ളതുമായ ഭാഷയാണ് ഇംഗ്ലീഷ് എന്നും, അതിനാൽ ഉത്തരേന്ത്യക്കാരെ തൃപ്തിപ്പെടുത്തുന്നതിനു മാത്രമായി രാഷ്ട്രഭാഷാസ്ഥാനം ഹിന്ദിക്കു നൽകുന്നതു് ബുദ്ധിപൂവ്വമായ പ്രവൃത്തിയല്ലെന്നും ചിലർ ശക്തിയുക്തം വാദിക്കുന്നുണ്ടു്. ഈ വാദം നിലനിൽക്കുന്നതോ, അത്ഥയുക്തമോ അല്ലെന്നു ചിന്താശക്തിയുള്ള മഹാന്മാർക്കു സമത്ഥിക്കുവാൻ കഴിയും. താമസിയാതെ ഒരു മഹാശക്തിയായിത്തീരുവാനുള്ള സ്വതന്ത്രഇന്ത്യക്കു് മററു മഹാശക്തികൾക്കുള്ളതുപോലെ ഒരു പൊതുഭാഷ കൂടിയേതീരൂ. അതിനു തൽക്കാലം, എല്ലാപ്രകാരത്തിലും യോഗ്യതയുള്ളതു് ഭൂരിപക്ഷം ജനങ്ങൾ സംസാരിച്ചു പോരുന്ന ഹിന്ദിതന്നെയാണെന്നുള്ളതിനു സംശയമില്ല. കുറവുകൾ വല്ലതും ഉണ്ടെങ്കിൽ അവ കാലക്രമത്തിൽ പരിഹരിക്കാവുന്നതു മാത്രമാകയാൽ ഹിന്ദിയ്ക്കു് രാഷ്ട്രഭാഷാസ്ഥാനം നൽകുന്നതു് ഏതുവിധത്തിലും ഉചിതമായിരിക്കുമെന്നു തന്നെയാണ് എന്റെ വിനീതമായ അഭിപ്രായം.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

ത്യാഗമെന്നതേ നേട്ടം,
താഴ്മതാനഭ്യുന്നതി
യോഗവിത്തേവം ജയി–
ക്കുന്നിതെൻ ഗുരുനാഥൻ.

വള്ളത്തോൾ.

# രണ്ടു ഹൃദയങ്ങൾ.

*P. N. George—II U. C.*

നേരം സന്ധ്യയാകാറായി. പശ്ചിമസൂര്യന്റെ സുവർണ്ണകരങ്ങൾ പുഴയുടെ തെളിഞ്ഞുവിരിഞ്ഞ മാറിൽ നിസ്സീമകലാപാടവത്തോടെ കനകകസവുകരകൾ പിടിപ്പിക്കുകയാണ്.

"അല്ല! ഈ പോകുന്നത് ആരാണ്?

കമലം അതുകേട്ടമാത്രയിൽ ബ്രേക്കിട്ടാലെന്നപോലെ പെട്ടെന്നു നിന്നു ചുററുപാടും നോക്കി. പക്ഷേ ആളെ കാണ്മാനില്ല.

അടുത്തുണ്ടായിരുന്ന ചെടികളുടെ മദ്ധ്യത്തിൽനിന്നും അഴകുള്ള ഒരു മുഖം ഉയർന്നു.

ശശീ! അമ്പേ പേടിച്ചുപോയല്ലോ?

കമലത്തിന്റെ ചുമന്ന അധരപല്ലവങ്ങളിൽ ഒരു പുഞ്ചിരി ഓളം വെട്ടി. അവൾ ചോദിച്ചു "ഇവിടെന്താ എടുക്കുവാ?"

"ആടിനെ തീററുവാ"

"കമലം! എന്തോന്നാ കുട്ടേൽ? നോക്കട്ടെ"

ശശി അടുത്തുചെന്നു് കുട്ടയിൽ എന്തെല്ലാമുണ്ടെന്നു തിരഞ്ഞു. അവന്റെ വലതുകൈ ആ കുട്ടയിലെ ഉള്ളടക്കങ്ങളിലും, കണ്ണുകൾ അവളുടെ തുടുത്ത മോഹനങ്ങളായ അവയവങ്ങളിലും നിർബാധം വ്യാപരിച്ചു.

വിളറിയ മുഖത്തോടുകൂടി അവൾ പെട്ടെന്നു പറഞ്ഞു "ഇന്നു രാത്രിയിലാണ് ഞങ്ങൾ പീരുമേട്ടിലുള്ള തോട്ടത്തിലേക്കു പോകുന്നത്"

"പീരുമേടിനോ? ഇന്നോ?"

"ഇന്നു നിലാവു തെളിയുമ്പോൾ"

പിന്നെ വരത്തില്ലേ ഒരിക്കലും?

"ഇല്ലായിരിക്കും;എനിക്കറിയാൻമേലാ"

നിരാശ ഉടലെടുത്തമട്ടിൽ ശശി പറഞ്ഞു "കമലം, നീ കൂടാതെയുള്ള ജീവിതം അറുതിയില്ലാത്ത ഒരു മണലാരണ്യയാത്രയായിട്ടത്രേ ഞാൻ ദർശിക്കുന്നത്." "ഇനീം എന്റെ"........അവൻ കരയുന്നതുപോലെ തോന്നി.

നനഞ്ഞു തുടങ്ങിയ നയനങ്ങളോടെ കമലം പറഞ്ഞു "കമലം, അവിടുത്തേതാണെന്ന് നല്ലപോലെ അറിവുള്ള കാര്യമല്ലേ. അങ്ങയെപ്പററിയുള്ള സ്മരണകൾ മാത്രമാണ് ഈ സാധുജീവിയെ നടത്തുന്നതെന്ന് അവിടുത്തേക്ക് അറിയാമല്ലോ. മാസങ്ങളോ, കൊല്ലങ്ങളോ, വേണമെങ്കിൽ ആജീവനാന്തം, ശശിക്കുവേണ്ടി ഈ കമലം കാത്തിരിപ്പാൻ മടിക്കയില്ലെന്നും അറിയാമല്ലോ."

സന്ധ്യാസമയത്തെ വെളിച്ചത്തിൽ ആ മുഖം വളരെ മോഹനമായിരുന്നു. നെററിയിലേക്കു ചാടിവീണ കുറുനിരകളെ കിക്കിളിയിട്ടുകൊണ്ടു് ഒരു ഇളംകാററ് അതുവഴി കടന്നുപോയി. അടുത്തുണ്ടായിരുന്ന ആൽ

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

വൃക്ഷത്തിൻെറ ചില്ലകൾ ചലിച്ചു. രണ്ടു മാടത്തകൾ ഒരു കൊമ്പിലിരുന്നു ചൂളമടിച്ചു.

അവൾ ശശിയുടെ നിറഞ്ഞ കണ്ണുകളിലേയ്ക്കു ഒന്നുനോക്കി.

"ദോ–അരാണ്ടൊക്കെ വരുന്നു. ഞാൻ പോണു" ബാഷ്പപൂർണ്ണങ്ങളായ നയനങ്ങളോടെ അവൾ ആ കോമളാകാരനെ ഒന്നുകൂടി നോക്കിയശേഷം വീട്ടിലേയ്ക്കു നടന്നു. ശശിയും ആറ്റിൻപററത്തെ തെളിച്ചുകൊണ്ടു വികാരഭരിതനായി അവൻെറ ചെററപ്പുരയിലേയ്ക്കു യാത്രയായി.

... ... ... ... ...

കമലം വീട്ടിലെത്തി; ജോലിത്തിരക്കിനിടയിൽ കല്യാണിയമ്മ പറഞ്ഞു "മകളേ, വേഗംപോയി മേലു കഴുകീട്ടുവാ. പോകാറായി"

"എപ്പഴാ അമ്മേ പോണേ?"

"മോളേ! വണ്ടി വരാത്ത താമസമേയുള്ളു."

കമലം ദുഃഖംകൊണ്ടു പരവശയായി. ആ ഗ്രാമം ഇരുളിൽ മുങ്ങിയതുപോലെ അവൾക്കു തോന്നി; അവൾ കിണററിനരികിൽ പോയി; ബാല്യകാലം മുതൽ തന്നെ സ്നേഹിച്ചിരുന്ന ആ തോഴനുമായുള്ള വേർപാടോർത്തു അവൾ ദുഃഖിച്ചു. ആ പ്രിയപ്പെട്ട കിണററിൻകരയേയും, അപ്പുറത്തു കാണുന്ന കപ്പമാവിൻ കൂട്ടത്തേയും, അവിടെ കാണുന്ന ചെററപ്പുരയേയും, അതിൽ വസിക്കുന്ന കോമളനായ ആ കർഷകകുമാരൻ ശശിയേയും അവൾ ഇനി എന്നു കാണുവാനാണു!

തിണ്ണയിൽ കത്തുന്ന വിളക്കിനെതിരെയായി ചുവരിനടുത്തു ദുഃഖപരവശനായി ഇരിക്കുന്ന തൻെറ കളിത്തോഴനെ അവൾക്കു കാണാമായിരുന്നു. അവൾ വിങ്ങിവിങ്ങി കരഞ്ഞു.

"മോളേ" നീ കുളിച്ചില്ലേ?

അമ്മ കിണററിന്നരികേവന്നതു കമലം അറിഞ്ഞതേയില്ല.

"നീ എന്തിനാ മോളേ കരയിണതു? നീ അത്രയ്ക്കു മണ്ടിയാണോ? "വാ എണീക്കു, അമ്മ വെള്ളം കോരിത്തരാം......" കമലം എഴുന്നേററു, അമ്മ വെള്ളം കോരിക്കൊടുത്തു.

ശരൽക്കാലത്തിലെ കാർമേഘരഹിതമായ ആകാശത്തിൻെറ കിഴക്കരികിൽ അല്പം ക്ഷതം സംഭവിച്ച ചന്ദ്രൻ പതുക്കെ തല പൊക്കിനോക്കി.

അപ്പോഴേക്കും ശങ്കരച്ചേട്ടൻ വീട്ടു സാധനങ്ങൾ എല്ലാം വണ്ടിയിൽ ഒതുക്കി. അന്നു അവരെല്ലാവരും ഒരുമിച്ചായിരുന്നു ഊണു കഴിച്ചതു. കല്യാണിയമ്മയും കൊച്ചുപിള്ളേരും വണ്ടിയിൽകയറി. വണ്ടിക്കകത്തു കേറാൻ സ്ഥലമില്ലാത്തതിനാൽ ശങ്കരച്ചേട്ടനും, കമലവും കൂടി പുറകെനടന്നു. വണ്ടിയുടെ ചക്രം പതുക്കെ ഉരുണ്ടുതുടങ്ങി. എന്നെന്നേക്കുമായി അടയ്ക്കപ്പെട്ട ആ പാവപ്പെട്ട വീടിനെ അവർ അവസാനമായി ഒന്നുകൂടി നോക്കി. തഴച്ചു നിന്നിരുന്ന മാവിൻകൊമ്പുകൾ തലയാട്ടി അവർക്കു മംഗളം ആശംസിച്ചു.

ശങ്കരച്ചേട്ടൻ വണ്ടിക്കാരനുമായി സംസാരിച്ചു മുമ്പോട്ടു നീങ്ങി. "കമലം എങ്ങനെ അവിടം വിട്ടുപിരിയും"

അവൾ തൻെറ കാമുകനെ ഓർത്തു വിഷാദിച്ചു ഓരോ കാൽച്ചുവടുകൾ മുമ്പോട്ടു നീക്കി. ആ പഴയ ആൽവൃക്ഷത്തിൻെറ

സമീപത്തെത്തി. ശങ്കരച്ചേട്ടനും മററും അവളുടെ ദൃഷ്ടിയിൽ നിന്നും മറഞ്ഞു.

"കമലം" ആ കാമുകൻെറ വിളി അവളുടെ ഹൃദയത്തിൽ കൊള്ളിയാൻ മിന്നിച്ചു. ശശി അടുത്തു ചെന്നു. പ്രേമപൂർണ്ണമായ അവൻെറ കരവലയത്തിൽ അവൾ ഒതുങ്ങിനിന്നു. അവരുടെ അധരങ്ങൾ തമ്മിൽ സ്പർശിച്ചു. ഇരുഹൃദയങ്ങളും തുടിച്ചു. അശ്രുകണങ്ങൾ ഒന്നുചേർന്ന് ഒഴുകി.

ശശിക്ക് എന്തൊക്കെയോ പറയുവാനുണ്ട്. പക്ഷേ അവൻെറ നാവു പൊങ്ങിയില്ല.

അകലെനിന്നും ശങ്കരച്ചേട്ടൻ കമലത്തിനെ വിളിക്കുന്നതായി അവൾ കേട്ടു. കണ്ണുനീർ തുടച്ചുകൊണ്ട് അവൾ വേഗത്തിൽ അച്ഛൻെറ സമീപത്തേയ്ക്ക് ഓടി.

നീറുന്ന ഹൃദയത്തോടെ ശശി അവിടെത്തന്നെ നിന്നു. അവൻെറ ഹൃദയം കമലത്തെ അനുഗമിക്കാൻ വെമ്പൽകൊണ്ടു. പക്ഷേ, അതെങ്ങനെ സാധിക്കും. കമലം കൺമുമ്പിൽനിന്നും അപ്രത്യക്ഷമാകുന്നതുവരെ അവൻ അവളെ നോക്കി നിശ്ചലനായി നിന്നു. ഒടുവിൽ അവൻ ആ വിദൂരതയിലേയ്ക്കു നോക്കി ഒരു നെടുവീർപ്പുവിട്ടു.

എവിടെ നിന്നോ ഒരു കോഴി പാതിരാത്രിയായെന്ന് അറിയിച്ചു. അവൻ സാവധാനം വീട്ടിലേയ്ക്കു നടന്നു. ആ രാത്രി അവന് ഒരു നിമിഷംപോലും ഉറങ്ങുവാൻ കഴിഞ്ഞില്ല. കമലത്തിൻെറ വേർപാടുകൊണ്ടുള്ള വ്യഥ അവനെരോഗശയ്യയിലാക്കി. എന്തിന്, ഒരു പ്രഭാതത്തിൽ ശശി തൻെറ പ്രിയപ്പെട്ട കമലത്തോടും, ലാളിച്ചു വളർത്തിയ അട്ടിൻപററത്തോടും, ആ നാടിനോടും യാത്ര പറഞ്ഞു.

ഇന്നിതേ ശ്രീഭാരതസാമ്രാജ്യം സ്വതന്ത്രമായ്
ധന്യമാം പ്രജാസാമ്യം കൈക്കൊണ്ടു വിജയിപ്പൂ.
ആ മഹാസാമ്രാജ്യത്തിന്നന്യൂനഘടകമായ്
ക്ഷേമസൗഭാഗ്യം സർവ്വലോകർക്കും വളർത്തുവാൻ.

ആശയും പ്രതീക്ഷയുമായ് ഞങ്ങൾ മുന്നേറുന്നു-
ണ്ടാശപാസമരീചികൾ മിന്നുന്നുമുണ്ടങ്ങിങ്ങായ്.
എന്നുമൊരോണക്കാലമിമ്മന്നിൽ മുന്നേപ്പോലെ
വന്നുചേർന്നിടാൻ ഞങ്ങളൊന്നിച്ചുദ്യമിച്ചീടും.

എൻ. ഗോപാലപിള്ള എം. എ.



C. M. Oommen II U. C.
Best Musician 1952-53.



V. O. Koshy.
Best Photographer, 1952-53.



Thampy Mammen II U. C.
Represented the University, Foot-ball.



Music Club ready for performance.



K. G. Georgekutty.
(First class and first in the University for Economics B. A. 1951-52)



R. Selvin III U. C. K. K. Koruthu IV U. C.
Represented the University in Volley Ball.

IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# കവിത.

C. P. R.—IV U. C.

പുലരിയിലുദയം ചെയ്യും പുത്തൻ
കിരണം പുളകം നൽകുമ്പോൾ
വിലസും പാദപശിഖരത്തിൽ നി-
ന്നുയരും കുയിലിൻ ഗാനത്തിൽ,
തരളിതശീതളപവനനുതിർക്കും
കളകളമർമ്മര ഗാനത്തിൽ,
ശിശിരനിശാംബരവാടിയിൽ വിടരും
നിരുപമതാരകമലരുകളിൽ,
കമിതാവിൻ കരവലയത്തിൽച്ചേ-
ന്നതിമുത്താളും കാമിനിയിൽ,
തഴുകും കാററിലുലഞ്ഞീടും വെൺ-
മുകിലിന്നിടയിലെ മഴ വില്ലിൽ,
നരനിരചിത്തറിപ്പുഞ്ചിരിതൂകു-
ന്നരുവിക്കരയിലെ മയിലിണയിൽ,
മഞ്ഞക്കതിരുകൾ മന്ദഹസിക്കും
മഞ്ഞുളമാകും വയലുകളിൽ,
ഉഴവിൽപ്പണിചെയ്തീടും കർഷകർ
ചൊരിയും വേർപ്പിൻ തുള്ളികളിൽ,
ജനകീയത്തിൽച്ചേർന്നു മദിക്കും
ജനതതിതന്നുടെ പോർവിളിയിൽ,
സുരഭിലസുമതതി തന്നിലുലാത്തും
കരിവണ്ടിണതൻ ഗാനത്തിൽ
കാണുന്നിതു ഞാൻ കവിതാവനിതേ
ചേണിയലും നിൻ ശുഭരൂപം.

# സഹകരണപ്രസ്ഥാനം.

C. T. *Mathai*—II U. C.

മനുഷ്യൻ ഒരു സാമുദായികജീവിയാണ്. അവനു പരസഹായം കൂടാതെ ജീവിക്കാൻ സാധിക്കുകയില്ല. അതിനാൽ മനുഷ്യന്റെ ദൈനംദിനാവശ്യങ്ങൾ നിർല്ലോഭം നിറവേററുന്നതിനു നിദാനമായ സഹകരണപ്രസ്ഥാനം ഇന്ന് അവന്റെ ജീവിതത്തിലൊരു അത്യാവശ്യഘടകമായിത്തീർന്നിരിക്കുകയാണ്. പല രീതിയിൽ പല ഉദ്ദേശത്തോടെ സഹകരണപ്രസ്ഥാനം ഇന്നു നമ്മുടെ ഇടയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അവയുടെ എണ്ണം പ്രതിദിനം വർദ്ധിച്ചു വരുന്നുമുണ്ട്.

എല്ലാ മനുഷ്യരും ജീവസന്ധാരണമാർഗ്ഗം സുഗമമാക്കുന്നതിൽ അതീവ തൽപരരായിരിക്കുന്നു. തദ്ദേശസാദ്ധ്യതയ്ക്കു സഹകരണം അവശ്യം വേണ്ടതാണ്. ആദിമകാലത്തു ജീവസന്ധാരണ വിഷയത്തിൽ ഇന്നത്തെപ്പോലെ ക്ലേശമില്ലായിരുന്നു. അതിനാൽ സഹകരണസംഘങ്ങളുടെ ആവശ്യകത അന്ന് അധികമുണ്ടായിരുന്നില്ല. എന്നാൽ, ആ സ്ഥിതിക്കു പാടേ പററിയ മാററം നിമിത്തം സഹകരണപ്രസ്ഥാനങ്ങളുടെ ആവശ്യകത ഇന്നു വളരെ വർദ്ധിച്ചിട്ടുണ്ട്. എന്നു തന്നെയുമല്ല, നാം ഇന്നു ജീവിക്കുന്നത് ഒരു "സഹകരണപ്രസ്ഥാനയുഗ"ത്തിലാണെന്നു തന്നെ പറയുന്നതായാലും അതു പരമാർത്ഥമായിരിക്കും. കാരണം ഒരു വ്യക്തിക്കോ, ഒരു രാഷ്ട്രത്തിനുപോലുമോ, മററൊരു വ്യക്തിയുടേയോ, രാഷ്ട്രത്തിന്റേയോ, സഹായമില്ലാതെ മുമ്പോട്ടുപോകാൻ സാദ്ധ്യമല്ലാത്ത നിലയാണ് ഇന്നുള്ളത്. ഒരു രാജ്യത്തിൽ അവിടത്തെ ആവശ്യത്തിനു വേണ്ടതെല്ലാമുണ്ടായിരിക്കുക സംഭാവ്യമല്ല. ഉദാഹരണമായി ഇൻഡ്യയെത്തന്നെ നമുക്കെടുക്കാം. ഇന്ത്യക്ക് ആവശ്യമായ ആഹാരസാധനങ്ങൾ അവിടെ ഉണ്ടാകുന്നില്ല; അതിനാൽ ഭക്ഷണസാധനങ്ങളുടെ കാര്യത്തിൽ മററു രാജ്യങ്ങളുടെ സഹായവും സഹകരണവും ആവശ്യമായിത്തീർന്നിരിയ്ക്കുന്നു. അതുപോലെ തന്നെ ഇൻഡ്യയിൽനിന്നും പല അസംസ്കൃതസാധനങ്ങളും മററു രാജ്യങ്ങളിലേയ്ക്കു കയററി അയയ്ക്കുന്നുമുണ്ട്.

സഹകരണപ്രസ്ഥാനം, ബാഹ്യമായും, ആഭ്യന്തരമായുമുള്ള പുരോഗതിക്കു സഹായമാണ്. കച്ചവടം, കൃഷി, കൈത്തൊഴിൽ എന്നിവ സംബന്ധിച്ച് സഹകരണപ്രസ്ഥാനങ്ങൾക്കുള്ള സ്ഥാനം അമൂല്യമാണ്. ഒന്നാമതായി വാണിജ്യപരമായി നോക്കുന്നതായാൽ സഹകരണപ്രസ്ഥാനം അതിൽ നല്ല ഒരു സ്ഥാനമർഹിക്കുന്നുണ്ട്. വ്യക്തികളുമായി ക്രയവിക്രയം നടത്തുകയാണെങ്കിൽ, സാധനങ്ങൾ ന്യായമായ വിലയ്ക്ക് വിൽക്കുന്നതിനോ മിതമായ വിലയ്ക്ക് വാങ്ങുന്നതിനോ സാധി

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

ച്ചില്ലെന്നു വരാം. എന്നാൽ അവ സഹകരണാടിസ്ഥാനത്തിൽ വിറ്റുകൊടുക്കുകയാണെങ്കിൽ നമ്മുടെ സാധനങ്ങൾക്ക് ശരിയായ വില കിട്ടുന്നതിനും, മിതമായ വിലയ്ക്കു് സാധനങ്ങൾ ലഭിക്കുന്നതിനും സാധിക്കുന്നതാണ്.

പുരാതനകാലങ്ങളെ അപേക്ഷിച്ച് ഇന്ന് എല്ലാരാജ്യങ്ങളും പൊതുവെ കാർഷികമായി വളരെയധികം പുരോഗമിച്ചിട്ടുണ്ട്. അതിനു സഹായകമായി നിൽക്കുന്ന രണ്ടു പ്രധാനഘടകങ്ങൾ നവീനങ്ങളായ വളങ്ങളുടെ കണ്ടുപിടിത്തവും, സഹകരണപ്രസ്ഥാനങ്ങളുടെ ആവിർഭാവവുമാണ്. മുമ്പ് പണത്തിൻെറയോ അനുകൂലങ്ങളായ മററു സാഹചര്യങ്ങളുടേയോ അഭാവം മൂലം, സാമാന്യജനങ്ങൾക്ക് കൃഷി ആദായകരമായ രീതിയിൽ നടത്തുന്നതിനു സാധിച്ചിരുന്നില്ല. എന്നാൽ, ഇപ്പോഴാകട്ടെ സഹകരണാടിസ്ഥാനത്തിൽ നമുക്ക് അതു് സാധ്യമായിട്ടുണ്ട്. തന്മൂലം കൃഷി അഭിവൃദ്ധിപ്പെട്ടുകൊണ്ടുമിരിക്കുന്നു. ഒരുവനു വളരെ കുറച്ചു നിലമേ ഉള്ളൂ എന്നിരിക്കട്ടെ. അതിലേയ്ക്കു് വെള്ളം കൊണ്ടുപോകുക, വെള്ളം വററിയ്ക്കുക മുതലായ ആവശ്യങ്ങൾക്കു വളരെ പണച്ചിലവും, അദ്ധ്വാനവും, വേണ്ടിവരുന്നു. എന്നാൽ മേല്പറഞ്ഞ സംഗതികൾ, അയൽപക്കത്തുള്ള നിലമുടമസ്ഥന്മാരുമായി സഹകരിച്ചു സഹകരണാടിസ്ഥാനത്തിൽ നടത്തുകയാണെങ്കിൽ, നവീനയന്ത്രങ്ങളുടേയും മററും സഹായത്താൽ, അധികം പണച്ചിലവും അദ്ധ്വാനവും കൂടാതെ സാധിക്കാവുന്നതാണ്. കാർഷികരാജ്യമായ ഇന്ത്യയിൽ ഇപ്രകാരമുള്ള സഹകരണസംഘങ്ങളുടെ പ്രവർത്തനം അത്യന്താപേക്ഷിതമാണ്. അവയുടെ സഹായത്താൽ വിഭവസമൃദ്ധമായ ഒരു രാഷ്ട്രമായി ഇന്ത്യയെ ഉയർത്താൻ സാധിക്കുകയും ചെയ്യും.

വ്യവസായപരമായി നോക്കിയാലും സഹകരണപ്രസ്ഥാനങ്ങൾക്കുള്ള സ്ഥാനം പിന്നോക്കമല്ലെന്നു മനസ്സിലാക്കാം. ഏതൊരു രാഷ്ട്രത്തിൻെറയും അഭിവൃദ്ധി, അതിലെ വ്യവസായാഭിവൃദ്ധിയെ ആശ്രയിച്ചാണിരിക്കുന്നതു്. ഉദാഹരണമായി, സാമ്പത്തികമായി അത്യുച്ചകോടിയിലെത്തിയിരിക്കുന്ന അമേരിക്കയെ നോക്കുക. അതിൻെറ അഭിവൃദ്ധിയ്ക്കുള്ള കാരണം വ്യവസായങ്ങളാണെന്നു തെളിയുന്നുണ്ട്. അതിനാൽ ഇന്നും കേവലമൊരു കാർഷികരാജ്യമായിമാത്രം സ്ഥിതിചെയ്യുന്ന ഇന്ത്യ വ്യാവസായികമായി വളരെ പുരോഗമിക്കേണ്ടിയിരിക്കുന്നു. അതു് സഹകരണാടിസ്ഥാനത്തിൽ മാത്രമേ സാദ്ധ്യമാകയുള്ളൂ. അടുത്തകാലംവരെ വൻതരം വ്യവസായങ്ങളെല്ലാം വലിയ കുബേരന്മാരുടെ കൈയിലായിരുന്നു. ഒരു സാധാരണവ്യക്തിക്ക് മൂലധനമില്ലാതിരുന്നതിനാൽ നടത്തുന്നതിനു സാധിച്ചിരുന്നില്ല. എന്നാൽ ഇന്നാകട്ടെ സഹകരണപ്രസ്ഥാനത്തിൻെറ ആവിർഭാവത്തോടുകൂടി ആ നിലയ്ക്കു് മാററം വന്നിട്ടുണ്ട്. ഏതൊരു വ്യക്തിക്കും സഹകരണാടിസ്ഥാനത്തിൽ വൻതോതിലുള്ള വ്യവസായങ്ങളും നടത്താൻ സാധിക്കുന്നതാണ്. അങ്ങനെ വ്യവസായങ്ങളും തദ്വാരാ, രാഷ്ട്രവും അഭിവൃദ്ധിപ്പെടുന്നതിനും, ജീവിതസന്ധാരണം സുഗമമാകുന്നതിനും സഹകരണപ്രസ്ഥാനം സഹായകമായിത്തീർന്നിരിക്കുന്നു. അതിനാൽ വാണിജ്യം, കൃഷി, വ്യവസായം എന്നീ വിഷയങ്ങളിൽ സഹകരണ



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

പ്രസ്ഥാനത്തിനു ചെയ്യാവുന്ന ഗുണങ്ങൾ അപരിമേയങ്ങളാകുന്നു.

കായികവും, വൈജ്ഞാനികവുമായ അഭിവൃദ്ധിക്കും സഹകരണപ്രസ്ഥാനം സഹായമരുളുന്നുണ്ടു്. ശാസ്ത്രീയമായ പുരോഗതി ഇന്നിത്രമാത്രം വിജയംപ്രാപിച്ചിട്ടുള്ളതു് പല പണ്ഡിതന്മാരുടേയും പ്രവൎത്തനഫലമായിട്ടാണല്ലോ.

ഇങ്ങനെ വിവിധ നിലകളിൽ സഹകരണപ്രസ്ഥാനത്തിന്റെ സേവനങ്ങൾ നിസ്തുല്യങ്ങളാണെന്നു് കാണാൻ കഴിയും. ആധുനികലോകത്തിൽ അവ അപരിത്യാജ്യവും, അനൎഘവുമായിത്തീൎന്നിട്ടുമുണ്ടു്. അതിനാൽ വേണ്ടുംവിധം ഉപയോഗിക്കുകയാണെങ്കിൽ അവ മനുഷ്യന്റെ ഇന്നത്തെ ക്ലേശങ്ങളെ ലഘൂകരിക്കുവാൻ സഹായകമായിത്തീരുമെന്നു തന്നെ തീൎത്തു പറയാവുന്നതാണു്.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

പൂന്തിങ്കളിൽപ്പങ്കമണച്ച ധാതാ-
വപൂൎണ്ണതയ്ക്കേ വിരചിച്ച വിശ്വം;
വിടൎന്ന തങ്കപ്പനിനീൎസ്സുമത്തി-
ന്നതിങ്കൽ നില്പെത്ര നിമേഷമുണ്ടാം.

കണ്ണുനീർത്തുള്ളി.

TRIVANDRUM
LIBRARY

# ഞങ്ങളുടെ വിനോദ യാത്ര.

*Kunjachan T.—IV U. C.*

മനോമോഹനമായ പ്രഭാതം. സൂര്യഭഗവാനെ വന്ദിക്കാൻ ദേവകന്യകകൾ കയറിവന്ന പുഷ്പകവിമാനങ്ങൾപോലെ ബാലാർക്കന്റെ ചെങ്കനൽ പ്രഭ തട്ടി ശോഭിക്കുന്ന മേഘപാളികൾ സൂര്യന്റെ ചുററും ശാന്തമായി നിലകൊള്ളുന്നു. തുഷാരശീതളനായ മന്ദമാരുതൻ ഉഷസ്സിന്റെ ദിവ്യതയ്ക്കു ഭംഗം വരുമെന്നു ഭയപ്പെട്ടിട്ടെന്നപോലെ, ഇതളിൽ അതേവരെ തല ചായ്ച്ചുറങ്ങിയിരുന്ന തരുലതാദികളെ തട്ടിയുണർത്തിക്കൊണ്ടു മെല്ലെമെല്ലെ സഞ്ചാരമാരംഭിക്കുന്നു. ഉദയശോഭ കാണുവാനായി സ്വയം മിഴി തുറക്കുന്ന മുകുളമുഗ്ദ്ധകൾ പവനപോതങ്ങളുടെ ലാളനസുഖമനുഭവിച്ചു രോമഹർഷമണിയുന്നു. പുഷ്പങ്ങൾതോറും മുരണ്ടു പറന്നിരുന്ന മധുകരങ്ങൾ കൗതുകംകൊണ്ടോ എന്തോ നിശ്ചലത കൈക്കൊള്ളുന്നു. സൃഷ്ടിമാഹാത്മ്യത്തെ വാഴ്ത്തിപ്പുകഴ്ത്തുമാറു് കിളികളുടെ കളകൂജനങ്ങൾ മുഴങ്ങിത്തുടങ്ങുന്നു. വൃക്ഷങ്ങളുടേയും, ചെടികളുടേയും. ലതകളുടേയും ഇലകളിലും, പുല്ലുകളുടെ അഗ്രങ്ങളിലും പററിപ്പിടിച്ചു നിൽക്കുന്ന മഞ്ഞിൻതുള്ളികൾ സൂര്യരശ്മിയുടെ സപ്തവർണ്ണങ്ങൾ പ്രതിഫലിപ്പിച്ചു് വൈഡൂര്യാദി നവരത്നങ്ങളെപ്പോലെ ശോഭിക്കുന്നു. എങ്ങും ഒരു ഉണർവ്വും ഉന്മേഷവും. ഇപ്രകാരം പ്രകൃതിദേവി, പ്രഭാതത്തിന്റെ ആഗമനത്തോടുകൂടി രംഗപ്രവേശം ചെയ്തപ്പോളാണു് ഞങ്ങൾ പൊൻമുടിയ്ക്കുള്ള വിനോദയാത്ര ആരംഭിച്ചതു്. അനേകം ആത്മസുഹൃത്തുക്കൾ ഞങ്ങൾക്കു മംഗളമാശംസിച്ചാർത്തു വിളിച്ചു. ഞങ്ങളുടെ "വാൻ" മുന്നോട്ടു നീങ്ങി.

കണ്ണും കരളും കുളിർപ്പിക്കുന്ന പലതരം കാഴ്ചകളും പിന്നിട്ടുകൊണ്ടുള്ള ഞങ്ങളുടെ അന്നത്തെ യാത്ര എങ്ങനെയാണു വർണ്ണിക്കുക. ഏകദേശം പത്തുമണിയായപ്പോഴേക്കും ഞങ്ങൾ പൊൻമുടിയുടെ താഴ്വരയിൽ പ്രവേശിച്ചു. അവിടെ അല്പം വിശ്രമിച്ചശേഷം ഞങ്ങൾ വീണ്ടും യാത്ര തുടർന്നു. കീഴ്ക്കാംതൂക്കായ മലഞ്ചെരിവുകളിൽ വളഞ്ഞുപുളഞ്ഞു കിടക്കുന്ന പാതയിൽക്കൂടി ഞങ്ങളുടെ "വാൻ" സഞ്ചരിച്ചുകൊണ്ടിരുന്നു. അടിയ്ക്കടി പ്രകൃതിയുടെ വൈരുദ്ധ്യവും വൈവിദ്ധ്യവും ഞങ്ങൾക്കനുഭവമാകയും ഒരു പുതിയ സാഹചര്യത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങുകയും ചെയ്തു. മേലോട്ടു നീങ്ങുന്തോറും തണുപ്പും മഞ്ഞും വർദ്ധിച്ചുകൊണ്ടിരുന്നു. പ്രകൃതിയിലെ ഈ അസമത്വങ്ങൾ ലോകത്തിന്റെ പുരോഗതിക്കു് അനിവാര്യമായിരിക്കുമോ എന്നു ഞാൻ സംശ

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

യിച്ചു. മനുഷ്യനും ഇതിൽനിന്നും വ്യത്യസ്ഥനല്ല. അവൻെറ ആരോഗ്യം, കായബലം, മനശ്ശക്തി, വാസന, സാമത്ഥ്യം എന്നിവ ഒരേ നിലയിൽ ഒരിക്കലും കാണപ്പെടുന്നില്ലല്ലോ. ഈ അസമാനാവസ്ഥയിൽനിന്നും സമാനമല്ലാത്ത ഐശ്വര്യാദികൾ ഉണ്ടായേ മതിയാവൂ. ഈ ഒരു സത്യം നമുക്ക ഹിതമായാലും, അഹിതമായാലും സമ്മതിക്കാതിരിക്കാൻ നിർവാഹമില്ല. സ്ഥിതിസമത്വമില്ലാത്ത ഒരു ലോകം നമുക്ക വിഭാവനം ചെയ്യാൻപോലും സാദ്ധ്യമല്ല. സ്ഥിതിസമത്വവാദികൾ എത്രതന്നെ ശ്രമിച്ചാലും പ്രകൃതിയ്ക്കെതിരായ ഒരു വ്യവസ്ഥിതി ഉണ്ടാക്കാമെന്നുള്ള പ്രതീക്ഷ വെറും വ്യാമോഹമത്രേ.

മഞ്ഞണിഞ്ഞു മദാലസകളായി നീണ്ടു നിവന്നു കിടക്കുന്ന അനേകം കുന്നുകളെ തരണം ചെയ്തു ഞങ്ങൾ മുന്നോട്ടുനീങ്ങി. ഹിമവാഹിയായ മന്ദമാരുതൻ ഞങ്ങളെ കോരിത്തരിപ്പിച്ചുകൊണ്ടു സഞ്ചരിച്ചു. ഏകദേശം ഉച്ചതിരിഞ്ഞപ്പോൾ ഞങ്ങൾ തേയിലകൾ ധാരാളം വളരുന്ന ശാന്തശീതളമായ മേഖലയിൽ ചെന്നുചേന്നു. ഞങ്ങൾ അവിടെ കണ്ടകാഴ്ച ഏററവും അത്ഭുതകരമായിരുന്നു. നക്ഷത്രങ്ങളെ ചൂഡാരത്നമാക്കി നീണ്ടു നിവന്നു നിൽക്കുന്ന വൃക്ഷസമൂഹങ്ങൾ, അവയെ ആലിംഗനം ചെയ്തും, കാററിലുലഞ്ഞും കളിക്കുന്ന പുഷ്പവല്ലീജാലങ്ങൾ, പക്വഫലങ്ങളേന്തി രത്നപ്രഭ വീശുന്ന കുററിച്ചെടികൾ, വൃക്ഷശാഖകൾതോറും സൈ്വരസഞ്ചാരം ചെയ്യുന്ന ശാഖാമൃഗങ്ങൾ, പുഷ്പങ്ങൾതോറും പാറിപ്പറന്നു സാന്ത്വനം മന്ത്രിക്കുന്ന മധുപന്മാർ എന്നുവേണ്ട, ഹൃദയംകവരുന്ന കാഴ്ചകളാണ് ഞങ്ങൾ അവിടെ കണ്ടതു്.

പൊൻമുടിയുടെ മുകളിൽ എത്തിയപ്പോഴേക്കും നന്നെ ക്ഷീണിരുന്നതിനാൽഞങ്ങൾ ടി. ബി. യിൽ കുറെ വിശ്രമിക്കുകയും, അനന്തരം മലയുടെ ഉത്തുംഗശൃംഗത്തിൽ കയറുവാൻ തീരുമാനിച്ചിറങ്ങുകയും ചെയ്തു. ഒരു വലിയ കുന്നിൻെറ കീഴ്ക്കാംതൂക്കായ ചരിവിൽക്കൂടി മെല്ലെമെല്ലെ നടന്നു്, ചെറുപാറകളാൽ നിബിഡമായി, നിലംപോലും കാണുവാൻ കഴിയാത്തവിധം പുല്ലുകൾ ഇടതൂന്നുവളന്ന പവ്വതത്തിൻെറ മുകളിൽ ഒരുവിധം എത്തിച്ചേന്നു. നിരീശ്വരവാദികളെപ്പോലും ഈശ്വരവിശ്വാസികളാക്കുന്നതായിരുന്നു ഞങ്ങൾ അവിടെ കണ്ട കാഴ്ചകൾ. പ്രകൃതിവൈചിത്ര്യത്തിൻെറ പാരമ്യതയിൽ ഞങ്ങൾ ലയിച്ചുപോകുകയാണുണ്ടായതു്. അത്തു തഴച്ചു സമൃദ്ധിയായി വളരുന്ന സസ്യസഞ്ചയത്താൽ പച്ചവില്ലീസു വിരിച്ചതുപോലെ ശ്യാമളകോമളമായി നീണ്ടുപരന്നു ലസിക്കുന്ന വിളഭൂമികൾ; ഗിരിനിരകളിൽ നിന്നു നിഗ്ഗമിച്ചു് മധുരഗംഭീരമായ മമ്മരശബ്ദം പുറപ്പെടുവിച്ചുകൊണ്ടു പാറകളിൽ തട്ടിമുട്ടി പുളഞ്ഞുപായുന്ന നീർച്ചാലുകൾ; പൂന്തേൻ നുകരാൻ പുഷ്പങ്ങൾതോറും പാറിപ്പറക്കുന്ന പറവകളുടെ രാഗകോലാഹലത്താൽ മുഖരിതമായ ചെറുവനങ്ങൾ; സംഗീതസൗരഭ്യങ്ങളുടെ സമ്മേളനത്താൽ സായൂജ്യസുഖമനുഭവിപ്പിക്കുന്ന വള്ളിക്കുടിലുകൾ; അഹോ! എത്ര അനുപമവും അലൗകികവുമായ ആത്മനിർവൃതിയാണ് അവിടത്തെ പ്രകൃതിസൗന്ദര്യം പ്രേക്ഷകർക്ക നൽകുന്നതു്. വെള്ളക്കിരീടമ

ണിഞ്ഞ ആ കൊടുമുടിയുടെ മുകൾപ്പരപ്പിൽ ഞങ്ങൾ സ്വച്ഛന്ദം വിഹരിച്ചു. വനലക്ഷ്മി സുന്ദരികളെപ്പോലും ലജ്ജിപ്പിക്കത്തക്ക വിധത്തിൽ വസന്തപുഷ്പാഗമത്താൽ സർവ്വാലങ്കാരഭൂഷിതയായി ഞങ്ങൾക്കു സ്വാഗതമരുളി. സ്വപ്നം കാണാൻപോലും കിട്ടാത്ത ആ സന്ദർഭം ഞങ്ങൾ പാഴാക്കിയില്ല.

പ്രശാന്തരമണീയമായ പ്രകൃതിയുടെ വിരിമാറിൽ ഞങ്ങൾ സ്വച്ഛന്ദം സ്വല്പനേരം വിഹരിച്ചു. പ്രകൃതിസൗന്ദര്യം ആവോളം നുകന്നു. നിമിഷങ്ങൾ നീങ്ങുന്നതു ഞങ്ങൾ അറിഞ്ഞതേയില്ല. പരിണതവയസ്കനായ പകലവൻ പശ്ചിമചക്രവാളത്തിൽ നിലയുറപ്പിച്ചു. ആ സുവർണ്ണശൃംഗത്തിന്റെ മുകൾപരപ്പിൽ നിന്നുകൊണ്ട്, സൂര്യൻ ചരമാബ്ധിയിൽ മുഴുകുന്നതും ലോകം സായാഹ്നപ്രഭയിൽ കുളിച്ചുല്ലസിക്കുന്നതും ഒന്നു കാണേണ്ടതാണ്. ഏകദേശം അഞ്ചര മണിയായപ്പോഴേക്കും, അമിതമായ ആനന്ദം പ്രദാനംചെയ്ത് ഞങ്ങളെ ഉന്മേഷമുള്ളവരാക്കിത്തീർത്ത ആ സാഹചര്യങ്ങളോടു ഞങ്ങൾ യാത്ര പറഞ്ഞു.

ആനന്ദപരവശരായി തീർന്ന ഞങ്ങൾ ചുറ്റുപാടുകളെ വിസ്മരിച്ചു സൂര്യാസ്തമയം വരെ അവിടെ ഇരുന്നുപോയതിൽ ആശ്ചര്യപ്പെടാനില്ല. നാലു നാഴിക ഇരുട്ടിയപ്പോളാണ് ഞങ്ങൾ തിരുവനന്തപുരം പട്ടണത്തിലെത്തിയത്. ഞങ്ങളുടെ വിനോദയാത്രയിൽ നേതൃത്വംവഹിച്ച റവ. ഫാദർ ബെനീഡിക്ടിന് കൃതജ്ഞത പ്രദർശിപ്പിച്ചുകൊണ്ട് ഞങ്ങൾ സ്വഗൃഹങ്ങളിലേയ്ക്കു പിരിഞ്ഞുപോയി.

MAR IVANIOS COLLEGE LIBRARY * TRIVANDRUM

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

'പൊൻകതിരൊത്തെത്തും സ്വാതന്ത്ര്യലക്ഷ്മിതൻ
തങ്കച്ചിലമ്പിന്റെ നാദം കേൾക്കാൻ,
പാരിന്നമൃതായൊരദ്വൈത സംഗീതം
പാടിയനാടേ, യുണരുണരൂ!
ഉണ്മതന്നുന്നതമണ്ഡലം കാണുവാൻ,
കണ്മണി, യുണ്ണി — യുണരുണരൂ !

തുകിലുണർത്തൽ.

# കവനസാഹസം.

*C. V. Balachandran Nair—II U. C.*

കവിത കോർക്കാനൊരുങ്ങുകയാണു ഞാൻ
കവനവസ്തുത തേടുകയാണു ഞാൻ,
വളരെ നേരമായിപ്പൂവനത്തിലെ
പ്പുളകമേററുന്ന പൂക്കൾക്കിടയിലായ്,
കവിത വന്നാലുടൻ പകർത്തീടുവാൻ
കരുതലോടെ കാത്തീടുകയാണു ഞാൻ.

... ... ... ... ...

അതിമനോജ്ഞമാം സായാഹ്നഭംഗിക—
ളണിനിരന്നെൻെറ ചുററും ലസിക്കയായ്
കൊച്ചു കാററു വന്നെന്തോ പറയവേ,
പിച്ചിപ്പൂനിര പൊട്ടിച്ചിരിക്കയായ്
പട്ടുടുപ്പിട്ട കൊച്ചുപൂമ്പാററകൾ
വട്ടമിട്ടു കൊഞ്ചിക്കുന്നു പൂക്കളെ.
വാശ്യയായൊരു ശാന്തത, തൻവിശ—
വാശ്യമാം കതിരെങ്ങും വിരിക്കവേ,
ബന്ധുരമൊരു പൊൻതേരിലേറിയാ—
സുന്ദരിവന്നു സന്ധ്യാനതാംഗിയാൾ

... ... ... ... ...

കവനസുന്ദരമീരംഗമൊന്നിലും
കവനവസ്തുത കണ്ടില്ല വിഡ്ഢി ഞാൻ
പ്രകൃതിസാഹസച്ചില്ലുകൾ നീട്ടിനി—
ന്നരുതു സാഹസമെന്നു വിലക്കയായ്.
കളകളാരവത്തോടെ പറക്കുമീ—
കിളികളും കൂടിയെന്നെ ഹസിക്കയോ?
ഇന്ദുലേഖ തൻ വെൺസാരിത്തുമ്പിനാൽ
മന്ദമായ് മുഖം പൊത്തിച്ചിരിക്കയായ്.

... ... ... ... ...

"കവനസാഹസം" കാട്ടാൻ മുതിർന്നൊരെൻ
കരളുറപ്പോർത്തു ഞാനും ചിരിച്ചുപോയ്.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY



THE PRESIDENT, VICE-PRESIDENTS, AND SECRETARIES OF THE ASSOCIATIONS 1952-53.



COLLEGE ATHLETIC CLUB 1952-53.



TENNIS CLUB SOCIAL 1952-53.
Guest of honour: Col. Goda Varma Raja.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY



BASKET BALL TEAM 1952-53

# എന്റെ ഭാവനാലോകം.

*E. S. Mathai—II U. C.*

അത്ഭുതകരമായ പ്രപഞ്ചപരിധിക്കുള്ളിൽ മനുഷ്യജീവിതം പോലെ ശ്രേഷ്ഠമായിട്ടു മറ്റെന്താണുള്ളതു്? വിസ്തൃതങ്ങളായ മഹാസമുദ്രങ്ങളും അത്യുന്നതങ്ങളായ പർവ്വതപങ്ക്തികളും, ദുർഗ്രഹങ്ങളായ സൂര്യചന്ദ്രനക്ഷത്രസമൂഹങ്ങളും മഹത്തായ മനുഷ്യജീവിതത്തോടു് ഉപമിക്കുമ്പോൾ വെറും നിസ്സാരങ്ങൾ തന്നെയാണു്. ക്ഷണികമെന്നു മഹാശയന്മാർപോലും ഉൽഘോഷിക്കാറുണ്ടെങ്കിലും, ബ്രഹ്മാണ്ഡമായ ഈ പ്രപഞ്ചത്തിനുള്ളിൽ യഥാർത്ഥവും അനശ്വരവുമായി ഒന്നുണ്ടെങ്കിൽ അതു് മനുഷ്യജീവിതം തന്നെയാണു്. എന്നാൽ ശ്രേഷ്ഠവും അഭികാമ്യവുമായ ആ മനുഷ്യജീവിതത്തെക്കുറിച്ചു് ആരും ഗണ്യമായി ചിന്തിക്കുന്നില്ല എന്നുള്ളതാണു് അദ്ഭുതവും പരിതാപകരവുമായ പരമാർത്ഥം.

ഇതിനു ദൃഷ്ടാന്തമായി ദൈനംദിനം സംഭവിച്ചു കൊണ്ടിരിക്കുന്ന പ്രകൃതിഭേദങ്ങളെ കണ്ടറിയുവാൻ ഒരു 'ഭാവനാലോകം' സംജാതമാകുകതന്നെ വേണം. ലോകത്തിൽ കാണുന്ന അസമാധാനങ്ങൾക്കും യുദ്ധങ്ങൾക്കും കാരണം മനുഷ്യജീവിതത്തെപ്പറ്റിയുള്ള വീക്ഷണക്കുറവാണു്. ഈ കലാപങ്ങൾക്കു് 'മതം' ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ പ്രേരണ നൽകുമെന്നുള്ളതു് സ്പഷ്ടമാണു്. പ്രത്യേകിച്ചു ഭിന്നമതങ്ങൾ ലോകത്തിൽ നിലനിൽക്കുന്നിടത്തോളം കാലം കലാപങ്ങൾ അനിവാര്യങ്ങളാണെന്നുള്ളതിനു ചരിത്രസംഭവങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ടു്. പ്രകൃതിയെ നിയന്ത്രിക്കുന്ന ഒരു അദൃശ്യശക്തിയായ ഈശ്വരനെ പലരും പല വിധത്തിൽ വ്യാഖ്യാനിച്ചു് ആരാധിക്കുന്നതിന്റെ പരിണതഫലമാണു് ഭിന്നമതങ്ങൾ. മനുഷ്യസമുദായത്തിൽ ആദികാലംതൊട്ടുതന്നെ പ്രതിഷ്ഠാപിച്ചിട്ടുള്ള ഒരു വിശ്വാസവിശേഷമാണു് ഈശ്വരചിന്ത.

എന്നാൽ ആ വിശേഷചിന്ത മനുഷ്യരാശിയിൽ ഏകരൂപം അവലംബിച്ചു പ്രകാശിച്ചിരുന്നെങ്കിൽ യാതൊരു കുഴപ്പവും ലോകത്തിൽ ഉണ്ടാകയില്ലായിരുന്നു. അതിനുപകരം ഭാവനയ്ക്കും അഭിരുചിയ്ക്കും അനുസരണമായി പ്രകൃതിവസ്തുക്കളേയും വിവിധദേവതകളേയും സൃഷ്ടിക്കുകയും അവയെ അസമ്പാഗ്ഗികവും അബദ്ധജടിലങ്ങളുമായ കഥകളുമായി ഘടിപ്പിക്കുകയും, അവയ്ക്കു് അവിടവിടെ പാർപ്പിടങ്ങൾ നിർമ്മിക്കുകയും, അവിടെച്ചെന്നു് പൂജാദികൾ നിർവ്വഹിക്കുകയുമാണു് മനുഷ്യർ ചെയ്യുന്നതു്.

പരിഷ്ക്കാരസമ്പന്നരെന്നു് അഭിമാനിക്കുന്ന മനുഷ്യർ അധഃപതിക്കുന്നതു നോക്കുക!

എന്നാൽ അഭികാമ്യമായ ഈ മനുഷ്യജീവിതത്തെ ഉൽകൃഷ്ടമോ, അപകൃഷ്ടമോ ആക്കിത്തീർക്കുന്നതു് അവനവൻ തന്നെയാണു്. അതുകൊണ്ടു് മനുഷ്യന്റെ മുഖ്യമായ കത്തവ്യം ജീവിതത്തെ ഉത്തമവും സുഭഗവുമാക്കുക എന്നുള്ളതാണു്. മനുഷ്യജീവിതത്തിൽ പല ഘട്ടങ്ങളുണ്ടു്. അവയിൽ പ്രാധാന്യം കല്പിക്കാവുന്നതു് ഉത്തമജീവിതത്തിനു മാൎഗ്ഗനിദൎശനമരുളുന്ന അധ്യയനത്തിനാണു്. അതിപ്രധാനവും അഭികാമ്യവുമായ ആ വിദ്യാൎത്ഥിജീവിതത്തെ ഉൽകൃഷ്ടചിന്തകൾക്കു് അകരമാക്കാതെ നിഷ്ഫലമാക്കിത്തീർക്കുന്നവൻ എത്ര ബുദ്ധിഹീനനാണു്? പരിശീലനകാലം കഴിഞ്ഞു ലോകരംഗത്തിറങ്ങി പ്രവൃത്തിയാരംഭിക്കുമ്പോൾ മനുഷ്യൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതു് ഒരൊററ മതവും ഒരേതരത്തിലുള്ള ആരാധനാരീതിയും കൈവരുത്തുവാനായിരിക്കണം.

ഒരൊററ മതവും, ഒരൊററ ജാതിയുമാണു് എന്റെ ഭാവനാലോകം. അവിടെ സ്നേഹമാകുന്ന മതവും മനുഷ്യനാകുന്ന ജാതിയും മാത്രമേ ഉണ്ടായിരിക്കയുള്ളു. മതഭ്രാന്തോ, വൎഗ്ഗീയ കലാപമോ അവിടെ കാണപ്പെടുന്നതല്ല. മതത്തിന്റെ പേരും പറഞ്ഞു് യാതൊന്നും അക്കും അവിടെ ചൂഷണം ചെയ്യുവാനും സാധിക്കുന്നതല്ല. ജനങ്ങളെല്ലാം ഒരൊററ മതത്തിന്റെ അവിഭാജ്യഘടകങ്ങളായി പരസ്പരം സ്നേഹിക്കപ്പെടും. സവ്വസാഹോദൎയ്യത്തിന്റെ ധവളിമപുരളുന്ന ആ ലോകം എന്നാണു് എന്റെ ഭാവനയിൽ നിന്നും യാഥാൎത്ഥ്യത്തിലേക്കു് ഉയരുക!

അതിവിദൂരമായ ആ ഭാവനാലോകത്തിലേക്കു് നമുക്കു്

"ഒരൊററമതമുണ്ടുലകിനുയിരാം
പ്രേമം; അതൊന്നല്ലോ
പരക്കെനമ്മെപ്പാലമൃതൂട്ടും പാ–
ൎവ്വണശശിബിംബം."

എന്ന പദ്യഖണ്ഡമാകുന്ന വിമാനത്തിൽ കയറി ഒന്നു പറക്കാം.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

ജീവിതസ്പന്ദനം, തൂലികാചാലനം
ഭാവചിത്രത്തിൽപ്പകൎത്തിവെയ്ക്കെ,
ചിത്രീകരിച്ചു മഹാകവി ഭാഷയാൽ
മൎത്ത്യമനസ്സിൻ മഹാപ്രപഞ്ചം!

കർഷകന്റെ കലാസൃഷ്ടി.

ചെറുകഥ.

# പരിശുദ്ധമായ പനിനീർപുഷ്പം

കെ. എം. ചാക്കോ, III U. C.

പകൽമങ്ങി. രക്തവർണ്ണത്തോടുകൂടി ഭഗവാൻ സഹസ്രകിരണൻ പശ്ചിമാബ്ധിയിൽ മറഞ്ഞു. താരാവലികൾ പൊങ്ങിത്തുടങ്ങി. അന്ധകാരത്തെ ശാസിക്കുന്ന ദിനപതിയുടെ വിരലുകൾപോലെ അങ്ങുമിങ്ങും ദീപശാഖകൾ കാണാറായി.

അയാളുടെ ആത്മാവു് അങ്ങനെ തൂങ്ങിക്കിടക്കുകയാണു്—ഒരു ദ്രവിച്ച നൂലിൽ, ജീവിതത്തിൽനിന്നു് മരണത്തിലേക്കു്. ആ ദ്രവിച്ച നൂലു് കീഴ്പോട്ടു വലിയുന്നുണ്ടു്. നിമിഷങ്ങൾ മതി അതു പൊട്ടിത്തകരുവാൻ... ഹൃദയത്തിൽ ഒളിച്ചുവച്ചേക്കാറുള്ള ചില രഹസ്യങ്ങൾ പുറത്തു പറയുന്ന ചില നിമിഷങ്ങളുണ്ടു്. അതു ജീവിച്ചിരിക്കുമ്പോഴല്ല, മരിച്ചുകൊണ്ടിരിക്കുമ്പോഴാണു്. ഡാക്ടർ മോഹനൻ— അതെ, അതാണയാളുടെ പേരു്— ആംഗ്യം കാണിച്ചു ഭാര്യ അടുത്തു ചെല്ലുവാൻ. ഭർത്താവിന്റെ മുഖത്തെ ഭാവവ്യത്യാസം കണ്ടു് വിരഹതരംഗ പരമ്പരയിൽപ്പെട്ടു വലഞ്ഞുകൊണ്ടിരുന്ന മാലതി, നിഷ്കളങ്കമായ മനോനൈർമ്മല്യത്തിന്റെ ബാഹ്യമുദ്രയായ മനസ്സമാധാനത്തോടുകൂടി— ദിവ്യതേജഃപരിപൂർണ്ണതയോടുകൂടി—കട്ടിലിൽ കിടക്കുന്ന ആ കോമള വിഗ്രഹത്തിന്റെ പരിശുദ്ധ നേത്രങ്ങളിലേക്കു് വ്യസനപാരവശ്യത്തോടുകൂടി നോക്കി. വാത്സല്യപൂർണ്ണമായ ഒരു കടാക്ഷത്തിന്റെയും, സംതൃപ്തിസൂചകമായ ഒരു മന്ദസ്മിതത്തിന്റെയും, പ്രത്യക്ഷ ചരായ ആ രോഗിയുടെ മുഖത്തു സ്ഫുരിച്ചു. സങ്കടഭാവത്തോടുകൂടി അരികത്തണഞ്ഞിരിക്കുന്ന ഭാര്യയോടു് സന്തോഷത്തോടുകൂടി ഡാക്ടർ മോഹനൻ സ്വന്തം ഭൂതകാല ചരിത്രം പറയുവാനാരംഭിച്ചു.

"പ്രിയേ! എന്റെ ജീവിതം അവസാനിക്കാറായി. ആ ജീവിതത്തോണി കരയ്ക്കടുക്കുന്നതിനുമുമ്പു് എന്റെ ജീവിതയാത്രയിൽ എന്നെ അനുഗമിച്ച ഭവതിയോടു് എനിക്കു ചില രഹസ്യങ്ങൾ പറയുവാനുണ്ടു്. കേൾക്കുക. മാലതി! എട്ടുവർഷത്തിനു മുമ്പു് പല സഹൃദയരുടേയും സഹായത്താൽ ഞാൻ ഒരു ബി. എ). ഡിഗ്രി കരസ്ഥമാക്കി. അതിനുശേഷം, കേവലം നാല്പത്തഞ്ചുരൂപാ മാത്രം ശമ്പളം പററുന്ന ഒരു തൊഴിലാളിയായി ഞാൻ ഒരു ഫാക്ടറിയിൽ ജോലി നോക്കിക്കൊണ്ടിരുന്നു. ആ തുച്ഛമായ ശമ്പളംകൊണ്ടു് എന്റെയും, എന്റെ ചെറിയ കുടുംബത്തിന്റെയും ചെലവു നടത്തുന്നതു് പ്രയാസമായിരുന്നെങ്കിലും, അതിൽ നിന്നുപോലും ഒരു ചെറിയ തുക എന്റെ സഹോദരി എനിക്കുവേണ്ടി മിച്ചംവച്ചിരുന്നു. അങ്ങനെ കുറെ നാളുകൾ കൊണ്ടു് ഒരു നല്ല തുക എനിക്കു

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

വേണ്ടി സമ്പാദിക്കുന്നതിന് എന്നെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്ന ഫാക്ടറിയുടമസ്ഥൻെറ മകളുടെ സഹായവും—ഞാനറിയാതെതന്നെ—എൻെറ പ്രിയപ്പെട്ട സഹോദരിക്കുലഭിച്ചിരുന്നു. ഏറെത്താമസിയാതെതന്നെ നാല്പത്തഞ്ചു രൂപാ ശമ്പളക്കാരനായ ഞാൻ അൻപതു രൂപാ ശമ്പളക്കാരനായി ഉയർത്തപ്പെട്ടു"

"ശ്രദ്ധിച്ചു കേൾക്കൂ! മാലതി! നീ എന്തിനുപരിഭ്രമിക്കുന്നു. ഞാൻ പറയുന്നതു വാസ്തവം തന്നെയാണ്. ശോകപൂർണ്ണമായ ഒരു തൊഴിലാളിയുടെ ജീവിതം അതേപടി പകർത്തുകയാണു ഞാൻ"

"അതെ, അങ്ങനെ ദിവസങ്ങൾ മുന്നോട്ടുപോയി. ഒടുവിൽ, ഞങ്ങളുടെ മുതലാളിയിൽ ചില സ്വഭാവവൈകല്യങ്ങൾ പ്രത്യക്ഷപ്പെടുകയുണ്ടായി. തൊഴിലാളി പ്രസ്ഥാനം തല ഉയർത്തി. തൊഴിലാളികളുടെ കണ്ണിലുണ്ണിയായിരുന്ന ഞാൻ അവരുടെ നേതാവുമായിത്തീർന്നു"

"പ്രിയെ! എന്തിനു ഞാനധികം നീട്ടുന്നു. ഞാൻ ബദ്ധനായി, എങ്കിലും മാപ്പിനപേക്ഷിച്ചില്ല. അടിമത്വത്തിലെ ജീവിതത്തേക്കാൾ നല്ലതു് സമത്വത്തിലെ മരണമല്ലേ, മാലതി!"

"രണ്ടുകൊല്ലത്തെ ദീർഘയാതനയ്ക്കു ശേഷം ഞാൻ വിമുക്തനായി. അതിനിടയ്ക്കു് ദാരിദ്ര്യദേവതയുടെ നിർദ്ദയമർദ്ദനമേററ് എൻെറ സഹോദരി ഈ ലോകം ഉപേക്ഷിച്ചു കഴിഞ്ഞിരുന്നു. ഹാ! ദാരിദ്ര്യംഭയങ്കരവ്യാധിയാണ്. അതു ശരീരത്തേയും, ആത്മാവിനെയും, ഹൃദയത്തെയും നശിപ്പിച്ചുകളയുന്നു.

ഞാൻ സ്വദേശം ഉപേക്ഷിക്കുവാൻ നിശ്ചയിച്ചു. എൻെറ സഹോദരി എനിക്കുവേണ്ടി സമ്പാദിച്ചിരുന്ന തുക ഒരു മാന്യനെ അവൾ ഏല്പിച്ചിരുന്നതു് ഈ അവസരത്തിൽ എനിക്കു ലഭിച്ചു. അഹോ! എത്ര മഹത്തായ സഹോദരസ്നേഹം. അവൾ ദാരിദ്ര്യത്തിൽകിടന്നു വലഞ്ഞിട്ടും, താൻ സമ്പാദിച്ച പണം അവൾ ഉപയോഗിച്ചില്ല. ഞാൻ നേരേ പോയതു് കൽക്കട്ടായിലേയ്ക്കാണ്. എൻെറ കയ്യിലുള്ള രൂപാ തീരുന്നതുവരെ സുഖമായി ഞാനവിടെ ജീവിച്ചു. അതിനുശേഷം എരിയുന്ന ഹൃദയവും, പുകയുന്ന ബുദ്ധിയുമായി എത്ര എത്ര നിദ്രാഹീനങ്ങളായ നിശകളാണ് ഞാൻ തള്ളിയതെന്നറിയാമോ? ഞാൻ സഞ്ചരിച്ചു. പല നിലയിലും...നടനും...വാഹനങ്ങളിലും യാചകന്മാരുടെ കൂടെയും, ആഫീസു ക്ലാർക്കായും... അങ്ങനെ പല നിലയിലും ജീവിച്ചു. മനുഷ്യർ എവിടെയും ഒരുപോലെ. ഭാഷയ്ക്കും വേഷത്തിനും മാത്രം വ്യത്യാസം. ജനനന്മാർ ഞങ്ങളുടെ ഇടയിലുള്ള കഠിനയാതനകൾ എവിടെയുമുണ്ട്. അങ്ങനെ വിഷാദമഗ്നനായി പല ദിവസങ്ങളും ഞാൻ കഴിച്ചു. ഒടുവിൽ, ഒരുഡാക്ടരായി രൂപമെടുത്തു് ഉയരാൻ ആ കഷ്ടപ്പാട് എന്നെ സഹായിച്ചു.

മലതീ! നീ ശ്രദ്ധിക്കുന്നില്ലേ. ഇനിയും അധികം തുടരുവാൻ ഞാൻ അശക്തനാണ് അങ്ങനെ ഞാനിവിടെ താമസിക്കുന്ന സമയത്തല്ലേ നാം തമ്മിൽ കാണുവാൻ ഇടയായതും, താമസിയാതെ നമ്മുടെ ഹൃദയങ്ങൾ തമ്മിൽ ഇണങ്ങി നാം ദമ്പതികളായിത്തീർന്നതും"

ഹാ! ഇപ്പോൾ എന്റെ കൊച്ചനുജത്തി—എന്റെ സകല ശ്രേയസ്സിനും കാരണഭൂതയായ ആ കൊച്ചുതങ്കം—കൂടെ ഉണ്ടായിരുന്നെങ്കിൽ—ഇല്ല, ആ ദീപം പൊലിഞ്ഞുപോയി. ദാരിദ്ര്യത്തിലും, കണ്ണുനീരിലും ജീവിച്ച് അസമാധാനത്തിൽ മരിച്ചു. ഇതാണ് ഓരോ പാവപ്പെട്ടവന്റേയും ജീവിതരീതി. എന്നാൽ ജനതതിയിൽ സുഖം എന്നുള്ളത് ഒരു വിഭാഗക്കാർക്ക് മാത്രം ഉള്ളതല്ലെന്നും, പാടാനും സന്തോഷിക്കാനും നിർദ്ധനരായവർക്കും അവകാശമുണ്ടെന്നും, കരച്ചിലിൽ ജനിച്ചവർക്കും സന്തോഷത്തിൽ ജീവിക്കാൻ സംഗതിയാകുമെന്നും എന്റെ ചരിത്രം തെളിയിക്കുന്നുണ്ട്. മാലതി! ഇനി എനിക്ക് അധികം സംസാരിക്കുവാൻ വയ്യാ... പ്രിയെ!...... എനിക്കൊരു അപേക്ഷ...അന്ത്യമായി നീ സാധുക്കൾക്കുവേണ്ടി സർവസംഗപരിത്യാഗം ചെയ്യുക. സ്വാർത്ഥത്യാഗം...അതെ—സ്വാർത്ഥത്യാഗം ദേവപാദങ്ങളിൽ നിസ്സംശയമായി സ്വന്തം സുഖത്തിന്റെ ബലിദാനം. അതുതന്നെ പൗരധർമ്മബീജം. അതിൽനിന്നുണ്ടായവ മാത്രമാണ് മറ്റെല്ലാ ധർമ്മങ്ങളും—ദേവപാദങ്ങളിൽ ആദരവോടും, സന്തോഷത്തോടും സ്വന്തം ബലി അർപ്പിക്കുക—ഇതുമാത്രമാണ്—എന്റെ—അവസാനമായ അപേക്ഷ—പ്രിയെ! സ്വാർത്ഥത്യാഗം — സാധുസഹായം —— അതിനുവേണ്ടി ജീ--വി—തം—"

പരിപാവനമായ ഭർത്തൃസ്നേഹത്തിന്റെ 'മാറ്റൊലി' ഇപ്പോഴും ആ വീട്ടിൽനിന്നു പുറത്തു കേൾക്കാം. അനുകമ്പാർദ്രമായ ആ ദീനരോദനം അന്നാട്ടുകാർ ഹൃദയവേദനയോടെ കേട്ട് സഹതപിച്ചു കൊണ്ടിരിക്കയാണ്.

അതാ! ആ വീട്ടിന്റെ മുറ്റത്ത് മനോഹരമായ ഒരു കുടീരം. അതിന്റെ നാലുവശത്തും മനോഹര ലിപികളിൽ "പരിശുദ്ധമായ പനിനീർപുഷ്പം" എന്ന് എഴുതിപിടിപ്പിച്ചിരിക്കുന്നതു പലരേയും ആകർഷിക്കുന്നുണ്ട്. അവരെല്ലാം മാലതിയുടെ നേതൃത്വത്തിൽ സാധുസേവനത്തിൽ ഉൽസുകരായിത്തീരുന്നത് ആ പുഷ്പത്തിന്റെ മാഹാത്മ്യം അറിഞ്ഞതായിരിക്കുമോ? ആർക്കറിയാം!

# ഈശനെത്തേടി.

***A. J. Eappan—II U. C.***

വിശ്വാസം! വിശ്വാസം! ദൃശ്യമല്ലാത്തതിൽ
വിശ്വസിപ്പാനെനിക്കെന്തുബന്ധം?
ശാശ്വതനാണവനാദ്യന്തനാണവ-
നാശുഗരൂപനമേയനത്രേ.
വിശ്വൈകനാഥനാണീശനാണാശ്രിതർ-
ക്കാശ്വാസമേകും വിഭുവുമത്രേ.

* * * * * * *

നോക്കിഞാനെമ്പാടുമാമഹിമാവിനെ-
പ്പാക്കണമുണ്ടെങ്കിൽ കണ്ടേ തീരൂ.
ജിജ്ഞാസുവാമൊരു കററക്കിടാവിൻെറ
വിജ്ഞാനാന്വേഷണമെന്നപോലെ
വീക്ഷിച്ചു ഞാനെൻെറ ചുററിലും, യന്ത്രത്താൽ
വീക്ഷിക്കും ശാസ്ത്രജ്ഞദൃഷ്ടിയോടേ.
ഡോളായമാനമായെത്തിയെൻ ഹൃത്തട-
മോളത്തിൽ മന്ദപവനനൊപ്പം
പഞ്ചേന്ദ്രിയങ്ങളാൽ സഞ്ചിന്തനം ചെയ്തു
വഞ്ചിതനല്ലെന്നു വന്നുകൂടി.
നേത്രത്താൽ ശ്രോത്രത്താൽ നാസികാരന്ധ്രത്താ-
ലോത്ത്പൊരുളെൻെറ ചിത്തത്തിലും.
കല്പകവൃക്ഷഫലമായിക്കണ്ടു ഞാൻ
കല്പകവല്ലിയിൽ സൂനമായും,
സൂനത്തിൽ തേനായി, ഗാനത്തിൽ ജീവനായ്
വാനിൽപ്പറക്കും കപോതമായി.
സാന്ദ്രശ്രീ പൂണ്ടന്ന സങ്കല്പലോകത്തി-
ലിന്ദ്രപദവിയലങ്കരിക്കെ,
നോക്കി മഹോന്നതപർവതശൃംഗത്തി-
ലോക്കാതെ ഘോരവിപിനങ്ങളിൽ,

കത്തിജ്ജ്വലിക്കും ദഹനനിൽ പാരിടം
കുത്തിയൊലിക്കുമരുവികളിൽ,
ജീവനം നല്കുന്ന ജീമൂതരാജിക്കും
ജീവനം നല്കും സരിൽപതിയിൽ,
മഞ്ജുളമഞ്ജരീ സഞ്ചിതമെന്നാലും
ഭഞ്ജനം ചെയ്യും പ്രഭഞ്ജനനിൽ,
ഞെട്ടിപ്പിടഞ്ഞു ഞാൻ മേലോട്ടുനോക്കവേ
കഷ്ടമെന്നെന്നോട്ടുരച്ചു വാനം.
വിഷ്ടപത്രാണപരായണനാമക്കൻ
സൃഷ്ടികർത്താവെന്നെനിക്കുതോന്നി.
നിശ്ചയദാർഢ്യത്തിലെത്തുവതിൻ മുന്നെ
പശ്ചിമദിക്കിൽ മറഞ്ഞു ഭാസ്വാൻ.
കാലചക്രത്തിൻ ഗതിയിതെന്നോർത്തു ഞാൻ
പ്രാലേയഭാനുവെ നോക്കിനില്പായ്.

* * * * * * *

ശാരദനീരദനീലമേലാപ്പിനാ-
ലാരിത്രവേശമലങ്കരിച്ചു?
നിർല്ലോഭം വാരിവിതറിയ താരങ്ങൾ
സ്വർല്ലോകസാധകസാദൃശ്യങ്ങൾ
ശർവരിസർവ്വവിഭൂഷയായ് കാൺകയാൽ
പാർവണചന്ദ്രനുദിച്ചുപൊങ്ങി
ദുഗ്ദ്ധാബ്ധിമധ്യത്തിൽ വെൺതാമരപോലെ,
മുഗ്ദ്ധതാരങ്ങൾ കുമുദംപോലെ

* * * * * * *

ബിന്ദുതൊട്ടിന്ദുവരെയ്ക്കും ഞാനാരസ-
ബിന്ദുവെക്കണ്ടു പരിഭ്രമിച്ചു.
ഗംഭീരമൂർത്തി നീ, ഞാനൊരു പാംസുവാ-
മംഭോധിയങ്ങു, ഞാനംബുബിന്ദു
ഇക്കാണും ബ്രഹ്മാണ്ഡഭാണ്ഡത്തിലൊററയ്ക്കു
നില്ക്കാനമാകാപ്പരമാണു ഞാൻ.
സന്തപ്തചിന്തയാലുൾത്താർ വിടർന്നെന്റെ
യന്തരാത്മാവാം മധു വഹിച്ചു
ശാശ്വതനീശനെത്തേടിയ ഞാനപ്പോ
ളാശ്വാസനിശ്വാസാൽവിശ്വസിച്ചു.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

ചെറുകഥ.

# മാപ്പ്.

P. Karunakaran—IV U. C.

"കെ. വേലുപ്പിള്ള, അറപ്പുരവീട്ട് ഇവിടെ ഉണ്ടോ?"

"ഉണ്ടേ"—അടുക്കളയിൽ അമ്മയെ സഹായിച്ചുകൊണ്ടിരുന്ന വാസന്തി ഓടി വെളിയിൽ വന്നു. "എഴുത്തുണ്ടോ?" അവൾ ചോദിച്ചു. വാർദ്ധക്യത്തിലേക്ക് കാലൂന്നിക്കഴിഞ്ഞുവെങ്കിലും സ്വാതന്ത്ര്യത്തിൽ വലിയ കണിശക്കാരനായ ആ 'കാക്കി'ഉടുപ്പുകാരൻ ഒരു കവർ അവൾക്കു കൊടുത്തിട്ട് മെല്ലെ നടന്നു പോയി.

"അമ്മേ അമ്മേ, അപ്പുഅണ്ണന്റെ എഴുത്തു കിട്ടി." ആനന്ദത്താൽ മതിമറന്ന്, മന്ദസ്മേരവദനയായി അവൾ അകത്തേക്കോടി. അതിനുള്ളിൽ എവിടെ നിന്നോ ശാരദയുംഗോപിയും അവിടെ എത്തി.

"അക്കാ, എനിക്കു തരണേ, കൂട്, റബ്ബറും പെൻസിലുമിടാൻ" ഗോപി ചോദിച്ചു. "അക്കാ, അവനു കൊടുക്കരുത്, എനിക്കു തരണം" ശാരദ കിണുങ്ങി.

"പോടീ, ഞാനല്ല്യോ ആദ്യം ചോദിച്ചത്."

"എടീ പോടിയെന്ന് നിനക്കു വല്ലവളും ഉണ്ടെങ്കിൽ പോയി വിളിക്ക്!" ദേഷ്യം വന്ന് അവൾ ഗോപിയുടെ കൈയിൽ ഒരു നുള്ളു കൊടുത്തു. അവൻ അവളുടെ തലയ്ക്കിട്ടൊരു തട്ടും. ഉന്തും നുള്ളും അടിയും. പെട്ടെന്ന് അതൊരു സമരരംഗമായി മാറി.

"അമ്മേ, അമ്മേ, ഇതാശാരദയും ഗോപിയും കൂടെ അടി കൂട്ടുന്നു. ഓടി വരീൻ" വാസന്തി വിളിച്ചു പറഞ്ഞു. ഒരു നല്ല ചുള്ളിക്കമ്പെടുത്ത് ഇവരണ്ടെണ്ണം വീതം കാച്ചിക്കൊടെടീ. നിന്നോ, ഞാനിതാ വന്നു—"

അടുപ്പത്ത് അരി വാർത്തുകൊണ്ടിരുന്ന അവളുടെ അമ്മ ആജ്ഞ നൽകി.

"പിണങ്ങുന്നവർക്കാർക്കും കവറു തരികില്ല; ഞാൻ പറഞ്ഞേക്കാം." വാസന്തി ഒരുപായം പ്രയോഗിച്ചു.

വാശിപിടിച്ചു നിന്നവർ, "അക്കാ, അക്കാ, എനിക്ക്" എന്നു കൊഞ്ചിക്കൊണ്ട് അടുത്തു കൂടി.

"ഗോപീ, പശുവിനെ മേയ്ച്ചുകൊണ്ട് അച്ഛൻ പറമ്പിൽ നിൽക്കുകയാണ് അണ്ണന്റെ എഴുത്തു വന്നു, വേഗം വരാൻ പറയൂ"

"കൂടെനിക്കു തരുമോ?"

"ശരി" അവൾ സമ്മതിച്ചു.

ഒററൊട്ടത്തിൽ ഗോപി അച്ഛനെയും കൊണ്ടു തിരിച്ചെത്തി.

"ഓ, എന്താ പെണ്ണേ വിശേഷം? നിന്റെ അമ്മയെവിടെ? അവളും കൂടെ കേൾക്കട്ടെ"

MAR IVANIOS COLLEGE
DIGITAL REPOSITORY

കരിപുരണ്ട മുഷിഞ്ഞ വസ്ത്രം ധരിച്ച് പാറിപ്പറന്ന തലമുടി കൈത്തലം കൊണ്ടു തടവി ഒതുക്കി, മെലിഞ്ഞു കൃശമായ ഒരു സ്ത്രീരൂപം വെളിയിൽ വന്നു.

അമ്മ—"വായിരെടി. അവൻ എന്തൊക്കെ എഴുതിയിരിക്കുന്നു?"

വാസന്തി:—കേൾക്കിൻ.

പ്രിയപ്പെട്ട അച്ഛനു്

എനിക്കു് ഇവിടെ സുഖം തന്നെ. നിങ്ങൾക്കു് എല്ലാപേർക്കും സുഖമാണെന്നു വിശ്വസിക്കുന്നു. ഞങ്ങളുടെ ക്രിസ്തുമസ്സ് പരീക്ഷ അടുത്ത മാസമാണു്. പരീക്ഷ കഴിഞ്ഞാൽ ഒരുമാസത്തെ അവധി ഉണ്ടു്. അതു കഴിഞ്ഞ ഉടൻതന്നെ ഞാൻ വരും. പിന്നെ ഇവിടെ കുറെക്കടമൊക്കെയുണ്ടു്. ഹോട്ടലിൽ 40 രൂപാ കൊടുക്കണം. കഴിഞ്ഞമാസത്തെ ഫീസ് മുടക്കം. ഈ മാസത്തേക്കുള്ള തീയതിയും കഴിഞ്ഞു.

അച്ഛൻ—എന്തു്! കഴിഞ്ഞമാസത്തെ ഫീസു മുടക്കമോ? ഫീസിനു രൂപാ അയച്ചല്ലോ. അതു് അവൻ എന്തു ചെയ്തു?

വാസ—(തുടന്നു) ഷർട്ടും മുണ്ടുമെല്ലാം കീറിത്തുടങ്ങി.

അമ്മ:—ഉടുപ്പും മുണ്ടും കീറിയോ? അതെങ്ങനെ. ഇക്കഴിഞ്ഞ ഓണത്തിനു വന്നപ്പോൾ രണ്ടുടുപ്പുമുണ്ടു വാങ്ങിക്കൊണ്ടു പോയില്ലേ്യാ. അതു അതിനുമുമ്പേങ്ങു കീറിയോ. ഇവിടെ ഉടുതുണിക്കു മറുതുണിയില്ലാതെ പെടുന്ന പാടു് അവൻ അറിയുന്നോ!

അച്ഛ:—ഇടയ്ക്കു കേറി വായിട്ടലയ്ക്കാതെ കേൾക്കടീ.

വാസ—"പരീക്ഷക്കടലാസിനും ചോദ്യമടിച്ചു തരുന്നതിനും പത്തുരൂപ കൊടുക്കണമെന്നു് നോട്ടീസിട്ടിരിക്കയാണു്. എല്ലാംകൂടെ കുറഞ്ഞതു് ഒരമ്പതു രൂപയെങ്കിലും അയച്ചു തരണം. പ്രോഗ്രസ് കാർഡ് കിട്ടിയോ? ഒരു വിഷയത്തിനു് അല്പം മാർക്കു കുറവുണ്ടു്. മറ്റെല്ലാത്തിനും ജയിച്ചിട്ടുണ്ടു്.

വേറെ വിശേഷമൊന്നുമില്ല.

എന്നു്

സ്വന്തം രവീന്ദ്രൻ

അച്ഛ—നീയല്ലേ്യാ പെണ്ണേ വായിച്ചു പറഞ്ഞതു്, മൂന്നോ നാലോ വിഷയത്തിനു തോറ്റെന്നു്?

വാസ:—അതെ തോററ വിഷയങ്ങൾ ചുവന്ന മഷികൊണ്ടു വരച്ചിരുന്നതു കണ്ടില്ലേ?

അച്ഛ—അപ്പോ, അവൻ കള്ളം പറഞ്ഞതാണല്ലോ. എല്ലാം വേലത്തരമേയുള്ളു കയ്യിൽ. ഓ, നീ ഇപ്പോൾ എവിടെനിന്നു് പണമയക്കാൻ പോണു? എന്റെ കൈയിൽ നാലു ചില്ലിക്കാശുമില്ല. ഭാര്യയോടു ചോദിച്ചു.

അമ്മ:—ആരോടെങ്കിലും ചോദിച്ചു നോക്കണം.

അച്ഛ:—ഉടൻ കിട്ടും, തക്കമില്ല. എടീ മോനെ കാളേജിൽ പഠിപ്പിച്ചു്, ഇപ്പോൾ കടംമുഴുത്തു്, ആളുകളുടെ മുഖത്തു നോക്കാൻ വയ്യ! ഛേ നാണക്കേടു്. നിന്റെ കാതിലും കഴുത്തിലുമുള്ളതൊക്കെ ഊരി വിററല്ലോ. ഇനി എന്തു വില്ക്കാൻ പോണു?

അമ്മ—പിന്നെ പട്ടിണികിടന്നു ചാകട്ടന്നോ!

അവർക്കു സങ്കടം വന്നു കണ്ണുനീർ തുടച്ചു.

MAR IVANIOS COLLEGE DIGITAL REPOSITORY

അച്ഛ:—ഞാനന്നേ പറഞ്ഞു. ഇതൊന്നും നമ്മെക്കൊണ്ടു കഴികയില്ല, പണമുള്ളവർക്കേ പററു എന്ന്. ഇപ്പോ മനസ്സിലായോ? അന്നാ ഡാനിയേൽസാറു പറഞ്ഞില്ലേ്യാ, അങ്ങേരെ സ്കൂളിൽ ജോലി കൊടുക്കാമെന്ന്. ഒന്നിലും രണ്ടിലും പഠിപ്പിക്കുന്നതു് തള്ളയ്ക്കും മകനും എന്തൊരു കുറച്ചിൽ! കുണ്ടോ ഇന്നു തെണ്ടുന്നതു നാലു ചക്രം കിട്ടാൻ.

അമ്മ:—അതിനൊക്കെ തലയിലെഴുത്തുവേണം, ചുമ്മാ പറഞ്ഞാ മതിയോ?

അച്ഛ:—നിനക്കറിയാമോ, എത്രഎത്ര കുടുംബങ്ങൾ, എൻെറ അറിവിൽതന്നെ, ബി. ഏ. വരെ പഠിപ്പിച്ച് കടം കേറി നശിച്ചതെന്ന്. പഠിച്ചവന്മാരൊക്കെ മിടുക്കന്മാരുമായി, ബാക്കിയുള്ളവരൊക്കെ തെണ്ടികളുമായി. ഇതാണ് ഇന്നത്തെ കാലസ്ഥിതി.

അമ്മ:—എൻെറ മോനല്ലേ്യാ അപ്പു. ശ്ശേ ഒരിക്കലും നമ്മളെ അവൻ മറക്കൂല്ല!

അച്ഛ:—എടീ, എത്രയെണ്ണം കണ്ടിരിക്കുന്നു തൊലി വെളുത്ത ഒരുത്തിയെ കിട്ടി ഉദ്യോഗത്തിൽ കേറുമ്പോൾ പഴയ കഥയൊക്കെ മറക്കും!

വാസ:—ഇങ്ങനെ നാലും മൂന്നും പറഞ്ഞോണ്ടിരുന്നാൽ കാര്യം നടപ്പില്ല. രൂപായ്ക്കു രൂപ തന്നെ വേണം.

അമ്മ:—എടീ മക്കളെ, എൻെറ മോളല്ലേ്യാ. നിൻെറ കാതിക്കിടക്കുന്ന കമ്മലൂരിക്കൊട്. അവൻ പഠിച്ച് ശമ്പളം വാങ്ങിക്കുമ്പം നിനക്കു നന്നാക്കി ഇടാം.

വാസ:—എനിക്ക് കാതു മൂളിയിട്ടു നടക്കാൻ വയ്യ. കുട്ടികൾ ചിരിക്കും. (അവൾ വിസമ്മതിച്ചു.)

അച്ഛ:—കമ്മലൊന്നും ഊരി വില്ക്കണ്ടാ. വിററാലും പത്തോ പന്ത്രണ്ടോ രൂപയേ കിട്ടൂ.

വാസ.—പശുവിനെക്കൊടുത്താൽ മതി. (വാസന്തി പതുക്കെ മുരണ്ടു.)

അച്ഛ:—എന്തെടീ പശുവിനെയോ. അതിനു മൂന്നുമാസം തികഞ്ഞു. ഇനി ഒരു നാലു മാസം കൂടെ രക്ഷിച്ചാൽ പത്തുനൂറു രൂപ കിട്ടും.

അമ്മ.—ഇപ്പോൾ കെട്ടത്താലോ?

അച്ഛ:—പാതിക്കു പാതി കിട്ടും.

അമ്മ.—വേറൊരു വഴിയുമില്ലല്ലോ. നാളെ ചന്തയിൽ കൊണ്ടുപോയി കൊടുക്കണം.

അച്ഛ:—ഇത്ര ശീലവും ഇണക്കവുമുള്ള പശുവിനെ വില്ക്കാൻ എനിക്കു മനസ്സു വരുന്നില്ല. അപ്പു കന്നിലേ വാങ്ങി അഴിച്ചുകെട്ടി വളത്തിയതു്!! ഹാ, കഷ്ടം!

വാസ.—അണ്ണൻ ചക്രത്തിനു ബുദ്ധിമുട്ടുമ്പോൾ ഇങ്ങനെയൊക്കെ വിചാരിച്ചാലൊക്കുമോ? കിട്ടുന്ന വിലയ്ക്കു വിററു രൂപ അയക്കണം അല്ലെങ്കിൽ കൊണ്ടുകൊടുക്കണം.

അച്ഛ:—വിററ്, രൂപാ ഞാൻതന്നെ കൊണ്ടുകൊടുക്കാം. അവിടത്തെ വിശേഷങ്ങളൊക്കെ അന്വേഷിച്ചറിയുകയും ചെയ്യാമല്ലോ.

അമ്മ.—അണ്ണനല്ലേ്യാ അവനെ കൊണ്ടു ചേത്തതു്. നിങ്ങൾക്കറിയാമോ, കാളേജെവിടെയെന്നൊക്കെ?

അച്ഛ:—അതൊക്കെ തിരുവനന്തപുരത്തു ചെന്നാൽ ആരോടെങ്കിലും ചോദിച്ചാൽ പറയൂല്ലേ്യാ.

... ... ... ... ... ... ...

സവ്വത്ര പ്രകൃതിലാവണ്യം അലയടിക്കുന്ന ഹൃദയാവർജ്ജകമായ ഭൂപ്രകൃതി. എ

വിടെ നോക്കിയാലും ഉയർന്നുപരന്ന്, പച്ചവിരിച്ച കുന്നിൻചരിവുകൾ, അങ്ങ് അകലെ അനന്തതയിൽ നീലമേഘങ്ങളെ കെട്ടിപ്പുണർന്നുയർന്നു കാണുന്ന പർവ്വതനിരകളുടെ നേരിയ നിഴലുകൾ. അവിടെവിടെയായിക്കാണുന്ന വിവിധരൂപത്തിലുള്ള ഊററൻ പാറക്കൂട്ടങ്ങൾ. വൃക്ഷസസ്യനിബിഡമായ താഴ്വരകൾ. കലാലയത്തിൻെറ രണ്ടാമത്തെ നിലയിൽനിന്ന് കിഴക്കോട്ടു നോക്കിയാൽ കാണാം കവടിയാർ കൊട്ടാരത്തിൻെറ ഉന്നത ഗോപുരങ്ങൾ. അപ്പം തെക്കുകിഴക്കായിക്കാണുന്നു പണിതുയർന്നു വരുന്ന എം. ജി. കാളേജ്. നേരേ തെക്കുമാറിക്കാണുന്നതാണ് ദന്തനിർമ്മിതമാണോ എന്നു തോന്നുന്ന മനോഹരമായ മെഡിക്കൽകാളേജ്. നെൽപ്പാടങ്ങളുടേയും താഴ്വരകളുടേയും സങ്കേതമാണ് പടിഞ്ഞാറെ ചരിവ്. അവിടെയാണ് സുന്ദരമായ ഹോസ്റ്റൽ കെട്ടിടങ്ങൾ പണിതിട്ടുള്ളത്. അകലെയുള്ള കുന്നിൻചരിവുകളിൽ തിങ്ങിഞെരുങ്ങി വളരുന്ന തെങ്ങിൻതോപ്പ്. തെക്കേ ചക്രവാളത്തിൽ നീലാകാശത്തെ മറച്ച് അവ്യക്തമായി കാണുന്ന അറേബ്യൻകടൽ. പ്രപഞ്ചം മുഴുവനും, ഇവിടെ നിന്നു നോക്കിയാൽ കാണുന്ന വലിയ വൃത്താകൃതിയിലുള്ള ചക്രവാളത്തിനുള്ളിൽ ഒതുങ്ങിയിരിക്കയാണെന്ന് അക്കാം തോന്നിപ്പോകും. കണ്ണിനും കരളിനും കുളിർ കോരിയിടുന്ന കറയററ ഈ പ്രകൃതിസൗന്ദര്യം ആരുടെ ഹൃദയത്തെആനന്ദപുളകമണിയിക്കയില്ല. നഗരത്തിലെ തിക്കിലും തിരക്കിലും നിന്നകന്ന്, വിശാലമായ ഈ കുന്നിൽ ഈ സരസ്വതീക്ഷേത്രം പണിതുയർത്തിയ കാളേജുഭാരവാഹികൾ തീർച്ചയായും പ്രശംസാർഹരത്രേ! എന്തൊരു ഭാവനാവൈഭവം!!

പുത്രനെ കാണാൻ വന്നിരിക്കുന്ന നമ്മുടെ ഗ്രാമീണ കൃഷികൻ ഈ സരസ്വതീക്ഷേത്രസന്നിധിയിൽ സർവ്വവും മറന്ന്, നമ്രശിരസ്കനായി ജഗന്നിയന്താവിനെ സ്മരിച്ച് കുറെ നേരം നിന്നുപോയതിൽ എന്താണത്ഭുതം!!

അപ്പം മുഷിഞ്ഞ ഒററമുണ്ടും തോത്തും, കക്ഷത്തിലൊതുക്കിയ ഒരു പഴയ കുട, മടിക്കുത്തിൽ തിരുകിയ പാക്കുവെട്ടുന്ന പേനാക്കത്തി. ഒരു യഥാർത്ഥ നാടൻ കൃഷിക്കാരൻെറ വേഷം. വിയർത്തു തളർന്ന് കാളേജുനടയിൽ എത്തി.

തോളത്തെ തോർത്തെടുത്തു കുടയോടു ചേർത്തുപിടിച്ച്, ക്ഷേത്രദർശനത്തിനു നിൽക്കുന്ന ഭക്തനെപ്പോലെ, കോണിപ്പടിയിറങ്ങിവരുന്ന ആരെയോ പ്രതീക്ഷിച്ചു വരാന്തയിൽ നിൽക്കുകയാണ് അദ്ദേഹം.

താണുതൊഴുത് ഉപചാരപൂർവ്വം പടികളിറങ്ങിവന്ന ആളിനോട് അദ്ദേഹം ചോദിച്ചു.

"സാറേ എൻെറ മോൻ രവീന്ദ്രനെ അറിയാമോ?"

"രവീന്ദ്രനോ?" ഗൗരവം കലന്ന ഒരു ചോദ്യം.

"എഫെ് ക്ലാസിലാണ്."

"എഫെ്ക്കും എമ്മെക്കും പഠിക്കുന്ന വരെ ഞാനറിയത്തില്ല. മുകളിൽ പോയി അന്വേഷിക്കണം" അലസഭാവത്തിൽ അയാൾ നടന്നുപോയി.

അധികാരം തികട്ടുന്ന ആ വാക്കുകൾ അദ്ദേഹത്തിൻെറ കർണ്ണപുടങ്ങളിൽ മാറെറാലികൊണ്ടു. ആകപ്പാടെ ഒന്നു പരുങ്ങി.

"ഇങ്ങനെയുള്ളിടത്ത് വരേണ്ടതില്ലായിരുന്നു. ഇവിടെ നല്ലയാളുകളും കാണാ

തിരിക്കയില്ല." എന്നു ചിന്തിച്ചുറച്ചുകൊണ്ടു് അദ്ദേഹം പടികയറി മുകളിലെത്തി. പക്ഷേ, ആ ഗർജ്ജിച്ച ആൾ കാളേജിലെ "പ്യൂൺ" ആണെന്നു് അദ്ദേഹം അറിഞ്ഞിരിക്കയില്ല.

മുകളിൽ കണ്ട ആരോടും ഒന്നും സംസാരിക്കാതെ അദ്ദേഹം അവിടെ നിന്നുകൊണ്ടു് നാലുപാടും ഒന്നു കണ്ണോടിച്ചു. പ്രപഞ്ചം മുഴുവനും ഉണ്ണികൃഷ്ണൻെറ വായിൽ കണ്ടയശോദയുടെ ഭാവമാണു് അദ്ദേഹത്തിനുണ്ടായതു്. "പിടിച്ചാരും വിഴുങ്ങിക്കളയുല്ലല്ലോ. എല്ലായിടത്തും പോയി നോക്കാം, അവൻ കണ്ടാൽ ഉടനെ ഇറങ്ങിവരാതിരിക്കയില്ല." എന്നു പിറുപിറുത്തുകൊണ്ടു് അദ്ദേഹം ചുററിനടന്നു.

ഉച്ചക്കു് ബെല്ലടിക്കാൻ ഇനി വലിയ താമസമില്ല. ക്ലാസുകൾതിരുതകൃതിയായി നടക്കുന്നു.

കാഴ്ചബംഗ്ലാവു കാണുന്ന കൗതുകമുണ്ടു് അദ്ദേഹത്തിനു്. ഓരോ ക്ലാസിലേയും ജനലിലും ആ നഗ്നശരീരം ദൃശ്യമാകുമ്പോൾ ബഹളവും കൂട്ടച്ചിരിയും.

"എടേ, സോമാ! നിൻെറ അമ്മാവൻ അന്വേഷിച്ചു വന്നിരിക്കുന്നതു കണ്ടില്ലേ" ക്ലാസിൻെറ പിൻ ബെഞ്ചിൽ നിന്നൊരു ശബ്ദം, ഒരു കൂട്ടച്ചിരി.

"ആരേക്കാ സംബന്ധാലോചനക്കു്, പയ്യനെക്കാണാൻ വന്നതാ" വേറൊരു ക്ലാസിലെ അഭിപ്രായം മുഴങ്ങി.

"ധാരാളം കാശുള്ള കൂട്ടത്തിലാ, ആളിനെ കണ്ടാലേ അറിയാം" മറെറാരിടത്തെ റിമാർക്ക്.

"തന്നെടേ, കുരുമുളക വിററ രൂപയും കൊണ്ടു നടക്കുകയാ, മൂപ്പീന്നു്" ചിരി.

ബെല്ലടിക്കയാൽ മിക്കപേരും ഉണ്ണാൻ പോയി. ചില രസികന്മാർ അടുത്തുകൂടി, ഒരു രസത്തിനു്.

"അമ്മാവാ എവിടെയാ വീട്?"

ഒരാൾ ചോദിച്ചു. ആ സംബോധനയിൽ അസുഖം തോന്നിയിട്ടായിരിക്കാം അദ്ദേഹം ഒന്നു തുറിച്ചുനോക്കി.

"ഹോ, അമ്മാവൻെറ ഗൗരവം!"

അയാൾ അവിടെനിന്നും വലിഞ്ഞുകളഞ്ഞു.

"ആരെ കാണാൻ വന്നതാ?" ഭാസി ചോദിച്ചു.

"എൻെറ മോൻ രവീന്ദ്രനെ"

"ഏതു ക്ലാസിൽ?"

എഫേ് ക്ലാസിൽ" ഒരു കൂട്ടച്ചിരി.

അദ്ദേഹത്തിനു ദേഷ്യം വന്നു. കൂടിനിന്നവർ പിരിഞ്ഞുപോയി.

"സീനിയറിനു പഠിക്കുന്ന രവീന്ദ്രനല്ലേ? ഭാസി ചോദിച്ചു.

"ങാ, തന്നെ പിള്ളേ"

"കള്ളിക്കോടല്ലേ സ്ഥലം?"

"തന്നെ. അപ്പോൾ, ഞങ്ങളെ അറിയാമെന്നു തോന്നുന്നല്ലോ പിള്ളയ്ക്കു്"

നിങ്ങളെയൊന്നും അറിയത്തില്ല. എങ്കിലും രവിയും ഞാനും ഒരു ക്ലാസിലാ പഠിക്കുന്നതു്. സ്നേഹിതന്മാരുമാണു്. എന്താ വിശേഷം?"

അവൻ എവിടെ? ഇന്നു വന്നില്ല്യോ"

കെമിസ്ട്രി റിക്കാഡു് എഴുതിത്തീർക്കാനുണ്ടു്. എൻെറ ബുക്കു കൊണ്ടുപോയിരിക്കയാ. നാളെ വരുമെന്നാ എന്നോടു പറഞ്ഞതു്.?"

കള്ളം പറയരുതു്, പിന്നേ, ചോദ്യക്കടലാസിനു പത്തു രൂപ കൊടുക്കണോ?"

MAR IVANIOS COLLEGE DIGITAL REPOSITORY

"ശ്ശേ, അങ്ങനെ എഴുതിയോ? അതു ചുമ്മാതാ......ഭാസി ചിരിയടക്കി.

"അപ്പീ എന്റെടുത്തു് കള്ളം പറയൂല്ലല്ലോ. എങ്ങനെയൊക്കെയാണു് അവന്റെ നടപടികൾ കൂട്ടരുകൂടിയൊക്കെയാണോ നടപ്പു്?"

"അതെല്ലാം പറയാം. വരണം. വിശപ്പില്ലേ? ഊണു കഴിച്ചിട്ടുവരാം"

"വേണ്ട അപ്പി, ഇത്തിരി നേരത്തെ അല്പം കാപ്പി കടിച്ചു. നിങ്ങളു പോയി കുടിച്ചിട്ടു വരീൻ"

"എന്നാൽ ഞാനിതാ വന്നു. ഇവിടെത്തന്നെ നില്ലണം"

"പ്രിൻസിപ്പാൾ സാറു ഇരിക്കണതെവിടെയാ?"

"ഓ, അദ്ദേഹം എറണാകുളത്തു പോയിരിക്കയാണു്. രണ്ടു ദിവസം കഴിഞ്ഞേ വരത്തുള്ളു."

അദ്ദേഹം അക്ഷമനായി കാത്തുനിന്നു. ഊണു കഴിഞ്ഞു ഭാസി തിരിച്ചെത്തി.

"ഉച്ചയ്ക്കുമേൽ ഒരു ക്ലാസ്സേയുള്ളു. അതു കഴിഞ്ഞ ഉടൻ ഞാൻ വരാം. നമുക്കൊരുമിച്ചു പോയി രവീന്ദ്രനെക്കാണാം. പൊയ്ക്കളയരുതു്."

"ഇല്ല, ഞാനിവിടെത്തന്നെ നില്ലാം"

മണി മൂന്നടിച്ചു. ഭാസി താഴെഇറങ്ങി വന്നു.

"വരണം, പോകാം. ഞാൻ താമസിക്കുന്നതിനടുത്തുതന്നെ രവിയുടെ ലാഡ്ജു്."

അവരിരുവരും റോഡിലിറങ്ങി.

"പിള്ളേ മുറുക്കിയിട്ടു് പെരുത്തു നേരമായി. നില്ലീൻ, ഒന്നു വെററ തിന്നോട്ടു"

അടുത്തൊരു കടയിൽനിന്നും മുറുക്കിക്കൊണ്ടു് അവർ നടന്നു.

"ഓ. പറയാമെന്നു പറഞ്ഞ കാര്യം പറഞ്ഞില്ലല്ലോ."

"രവിയെ ശകാരിക്കയോ വഴക്കു പറയുകയോ ചെയ്യരുതു്, എങ്കിൽ പറയാം"

"ശ്ശേ പറയണം"

"രണ്ടു മാസമായി രവി താമസം മാററിയിട്ടു്. പുതിയ സ്നേഹിതന്മാരുമായിട്ടാണു് കൂട്ടുകെട്ടു് സിനിമക്കുപോക്കും ചീട്ടുകളിയുമൊക്കെ. പൊടിമീശയൊക്കെ വച്ചു പുള്ളി ഇപ്പോൾ ഒരു കൊച്ചു ഐക്യമുന്നണിയാ. ക്ലാസിലും വരാറില്ല. കടവും കേറിയിട്ടുണ്ടു്."

"അപ്പോ, ഞാൻ കരളുകലക്കി വേല ചെയ്യുണ്ടാക്കുന്ന ചക്രം നിനക്കു് സിനിമാ കാണാനും ചീട്ടു കളിക്കാനുമാണല്ലോടാ; മഹാ ദ്രോഹീ കുടുംബം നശിപ്പിച്ച പാപീ" അദ്ദേഹം അലറി.

"ശ്ശേ മഹാ മോശം. ആളുകൾ ചിരിക്കത്തില്ലേ? മിണ്ടാതെ വരണം. രവി വീട്ടിൽവച്ചും സിഗററും ബീഡിയും വലിക്കുമോ?

"അല്ല ബീഡിവലിയും തുടങ്ങിയോ"

"ദിവസം ഒരു പാക്കററു പുകച്ചു തള്ളുന്നതു്"

"എടാ എന്റെ ചക്രമെല്ലാം നശിപ്പിച്ചല്ലോടാ. നിന്നെ ഞാൻ മര്യാദപഠിപ്പിച്ചില്ലെങ്കിൽ ഈ വേലുപ്പിള്ള നിന്റെ മോനെന്നു് വിചാരിച്ചോ!

"കണ്ടോ ഞാൻ നേരത്തെ പറഞ്ഞില്ലേ, പറയത്തില്ലെന്നു്. ഇതാ സംഗതി കണ്ടോ"

"എനിക്കവനെ ഇപ്പോൾത്തന്നെക്കാണണം. എവിടെയാണു് താമസം? ഇനിയും ദൂരമുണ്ടോ?

അതാ, കാണുന്ന രണ്ടുനിലക്കെട്ടിടം.

MAR IVANIOS COLLEGE DIGITAL REPOSITORY LIBRARY

പുസ്തകമെല്ലാം കൊണ്ടുവച്ചിട്ട് ഞാനിതാ വന്നു. നില്ക്കണം"

ഭാസി വേഗം വന്നു. രണ്ടുപേരുംകൂടെ ലാഡ്ജിന്റെ മുമ്പിലെത്തി.

ഇതാ, ഇതിലെ കയറി, ഇടത്തോട്ടു തിരിഞ്ഞുപോകണം. അഞ്ചാമത്തെ മുറിയാണ് രവീന്ദ്രന്റേതു്. ഞാൻ കുറെ കഴിഞ്ഞു വരാം, കേട്ടോ നാം നേരത്തെ കണ്ട ഭാവമൊന്നും കാണിക്കരുതു്. തക്കസമയം ഞാൻ എത്തിക്കൊള്ളാം"

അദ്ദേഹത്തിന്റെ ശരീരം കോപംകൊണ്ടു വിറയ്ക്കുകയാണ്. നടന്നു് മുറിയുടെ വാതുക്കലെത്തി. വലിയ ചിരിയും ബഹളവും. ഏതാനുംപേർ മേശക്കു ചുററുമിരുന്നു ചീട്ടുകളിക്കയാണ്. ഓരോരുത്തരുടെയും വായിൽനിന്നു് സിഗററ്, അദ്ദേഹത്തിന്റെ കോപാഗ്നിപോലെ പുകയുന്നുണ്ട്.

നരകത്തിലിറങ്ങിയെന്നു് ഒരുതോന്നൽ. അദ്ദേഹം അവരെ സൂക്ഷിച്ചു നോക്കി. രസംപിടിച്ച കളിയിൽ ഉത്സുകരായിരിക്കയാണ് എല്ലാപേരും. അദ്ദേഹത്തിന്റെ ആശ മുകുളങ്ങൾ ഞെട്ടററു നിലംപതിച്ചു.

ഉറക്കെ ഒരു ചുമ. എല്ലാപേരും ഞെട്ടി തിരിഞ്ഞു നോക്കി. രവീന്ദ്രൻ പരിഭ്രമത്തോടെ ചാടി എണീററു വെളിയിൽ വന്നു.

"അച്ഛൻ നേരത്തെ വന്നോ?" മന്ദസ്മിതപൂർവ്വം കുശലം ചോദിച്ചു.

"ങും. വന്നിട്ട് പത്തൻപതു കൊല്ലമായി!!" നേത്രങ്ങളിൽനിന്നുംകോപാഗ്നിസ്ഫുലിംഗങ്ങൾ നാലുപാടും ചിതറുന്നതുപോലെ രവിക്കു തോന്നി.

"വീട്ടിൽ വിശേഷമൊന്നുമില്ലല്ലോ?" അല്പം പരുങ്ങലോടെ രവി ചോദിച്ചു.

"ആരും ചത്തൊന്നുമില്ല." കോപവും താപവും കലന്ന മറുപടി. രവി ആകെ പ്പാടെ അമ്പരന്നു.

എന്തെടാ, ഇതു മുറക്കാൻകടയോ, അതോ കള്ളുഷാപ്പോ?

രവി മൗനം പൂണ്ടു. സ്നേഹിതന്മാർ ഓരോരുത്തരായി അവിടെനിന്നും വലിഞ്ഞു. രവീന്ദ്രൻ കുഴങ്ങി.

"കഴിഞ്ഞ മാസമയച്ച ഫീസ് എന്തു ചെയ്തെടാ? സിനിമാ കണ്ടതോ, ബീഡിയും സിഗററും വലിച്ചതോ, അതോ ചായ കുടിച്ചു തീർത്തതോ? എന്തെടാ മൈൽക്കുററി പോലെ അനങ്ങാതെ നിൽക്കുന്നതു്. നാക്കു താണുപോയോ? പറയെടാ ഫീസ് എന്തു ചെയ്തെന്നു്.

രവി—രണ്ടു മൂന്നു പുസ്തകം വാങ്ങിച്ചു. ഭയചകിതനായി ഉരുവിട്ടു.

"ഛീ പട്ടീ, മുഖത്തു നോക്കി കള്ളം പറയുന്നോ? നിനക്കു് എത്ര രൂപ വേണമെടാ ചോദ്യക്കടലാസിനു്?"

രവിയുടെ തല പുകയുകയാണ്. ചുററും ഭൂമി കറങ്ങുന്നുവെന്ന തോന്നൽ. ശരീരമാകെ വിയർത്തു. ജനാലക്കു വെളിയിൽ മൂന്നു നാലു തലകൾ പ്രത്യക്ഷപ്പെട്ടു.

"നീയല്ല്യോടാ എഴുതിയതു് പത്തു രൂപാ വേണമെന്നു്. മററുള്ളവരൊക്കെ വിവരമില്ലാത്ത മണ്ടന്മാരെന്നു വിചാരിച്ചല്ല്യോ?



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

എഴുത്തെടുത്തു് അവൻെറ നേക്കെറിഞ്ഞു.

"ഉം. ഇതും നോക്കു്. ചുവപ്പു മഷിയിട്ടുവരച്ച 'സർട്ടിഫിക്കററ്'' പിടിയെടാ."

"ആരാണു് രവിയെ ശകാരിക്കുന്നതു്" എന്നു പറഞ്ഞുകൊണ്ടു ഭാസി മുറിയിൽ കയറി വന്നു.

'കൊടുക്കെടാ, വായിച്ചു നോക്കട്ടു് എത്ര എണ്ണത്തിനു ജയിച്ചെന്നു്."

ഭാസി വാങ്ങി 'ങാ, രണ്ടോ മൂന്നെണ്ണത്തിനല്ലേ മാർക്കു കുറവുള്ളൂ. അതു സാരമില്ല''

''എന്തു്! സാരമില്ലേന്നോ?'' പിള്ളേ, മനസ്സിൽ ചൂടൊണ്ടെങ്കിലേ പഠിക്കൂ കേട്ടോ, അല്ലാതെ പഠിക്കാനെന്നു വേഷം കെട്ടി നടന്നാൽ പോരാ. പണക്കാരൻെറ മകനെപ്പോലെയോ കൂലിവേലക്കാരൻെറ മകൻ?"

കഴിഞ്ഞുതാണു കണ്ണുകളിൽനിന്നും ഉരുണ്ടുവീണ ബാഷ്പകണങ്ങൾ തോർത്തെടുത്തു തുടച്ചിട്ടു് അദ്ദേഹം തുടന്നു.

"അതുകൊണ്ടുപിള്ളേ, എൻെറ വേദന. കേൾക്കിൻ. ഇവൻ എൻെറ മൂത്തമകൻ. ഇളയ മൂന്നു പിള്ളരും പഠിക്കയാണു്. അവക്കും ഫീസുവേണം, പുസ്തകം വേണം, മുണ്ടുവേണം. ഇതിനൊക്കെ പണം വേണ്ടേ? കടവും വായ്പയും തെണ്ടി മുടങ്ങാതെ ഇവനു രൂപയയക്കണം. ഞാനെന്തു ചെയ്യും. ഒരുതടി നിലം ഉള്ളതു് ഒററി വച്ചാണു് ഇവനെ ഇവിടെകൊണ്ടു വന്നു ചേത്തതു്. ഇവൻ ഇങ്ങനെ ദീപാളി കളിച്ചാൽ ഞങ്ങൾ നാളെ തെരുവിലാണു്. ഇവനിതറിയാമോ?

ഭാസി—''എല്ലാം ശരിതന്നെ. പക്ഷേ അവിവേകംകൊണ്ടു വന്ന തെററുകളാണു ക്ഷമിക്കണം.

അദ്ദേ—എങ്ങനെ ക്ഷമിക്കാൻ. നാട്ടുംപുറത്തുനിന്നുംവന്നവൻ ഇത്ര പെട്ടെന്നു് സകലതും മറന്നല്ലോ, ഈ പട്ടണംകണ്ടു്. എൻെറ ഈ കൈ നോക്കിൻ മൺവെട്ടി പിടിച്ചു തഴമ്പിച്ചിരിക്കുന്നതു്. വയറും വായുമിറുക്കി തിന്നാതെ കുടിക്കാതെയാണു് ചക്രമയക്കുന്നതു്. പഠിച്ചു ജയിച്ചാൽ വയസ്സുകാലത്തു നാലു ചക്രം കൊണ്ടു തരുമല്ലോ, എന്നൊക്കെയായിരുന്നു എൻെറ ആഗ്രഹങ്ങൾ. അതൊക്കെ...

അദ്ദേഹം നെടുവീപ്പുവിട്ടു.

രവീന്ദ്രൻ ശിലാപ്രതിമപോലെ നിൽക്കുന്നു. സംസാരിക്കാൻ നാവു പൊങ്ങുന്നില്ല. അധരം ഉണങ്ങി വറണ്ടു പോയി ആയിരം ചിന്തകൾ വെള്ളിത്തിരയിലെ ചിത്രങ്ങൾപോലെ മാഞ്ഞു മറയുന്നു. ബാഷ്പകണങ്ങൾ കവിളിൽക്കൂടെ ഒഴുകുന്നതു് ഷർട്ടിൻെറ അററംകൊണ്ടു തുടച്ചു.

ഭാസി—പശ്ചാത്താപംപ്രായശ്ചിത്തം. സ്വന്തം നിലമറന്നു പ്രവത്തിച്ചതാണു് കേട്ടോ ഇതിനൊക്കെ കാരണം!

അദ്ദേ—ഞങ്ങളുടെ എല്ലാം ആശാകേന്ദ്രമാണിവൻ. പക്ഷേ, ഇവനിൽ ഇനി എനിക്കു വിശ്വാസമില്ല. പഠിച്ചു് മിടുക്കന്മാരായി, വിവാഹവുംചെയ്തു് ഉദ്യോഗസ്ഥനായി ഉയരുമ്പോൾ പലരും മാതാപിതാക്കന്മാരേയും ബന്ധുക്കളേയും ഗണ്യമാക്കാറില്ല. സ്വന്തം അച്ഛനെ ''അച്ഛൻ'' എന്നു വിളിക്കുന്നതു് അവക്കു അ

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ന്നസ്സിനു കുറവ്! അച്ഛൻ വയസ്സനായാൽ പഴഞ്ചനല്ല്യോ?"

ഭാ—അങ്ങനെ കരുതുന്നതു സംസ്കാരവിഹീനതയാണ്.

അ—എന്റെ സ്ഥിതിയാണെങ്കിൽ, രാത്രി ഉറക്കമില്ല; വാതത്തിന്റെ ഉപദ്രവവും. പിന്നെ, ഇവൻ ഉണ്ണുന്നോ, സുഖമായി കഴിയുന്നോ എന്നുള്ള ചിന്തയും.

ഭാ—"ഇതൊക്കെ രവിക്കറിയാം, അല്ലേ, രവി? മറവി കൊണ്ടുവന്ന കുഴപ്പങ്ങളാണ്."

രവീന്ദ്രൻ ഭാസിയുടെ മുഖത്തു നോക്കാൻ ധൈര്യപ്പെട്ടില്ല.

ഭാ—ഇനി രവിയെപ്പററി ഒന്നും വ്യസനിക്കേണ്ട. അതൊക്കെ ഞാനേററു.

അ—ശരി, വന്നതൊക്കെ പോട്ടേ.

എടാ ഇതാ പശുവിനെക്കൊട്ടത്ത രൂപാ അൻപതും. പതിനഞ്ചു രൂപ പിള്ളേക്ക് ഫീസിനു കൊടുത്തു. അദ്ദേഹത്തിന്റെ നയനങ്ങൾ നിറഞ്ഞു.

"അയ്യോ! പശുവിനെ വിററോ? രവി പൊട്ടിക്കരഞ്ഞുപോയി. വാത്സല്യപൂർവം താൻ ശുശ്രൂഷിച്ച്, അഴിച്ചു കെട്ടിമേച്ചു വളർത്തിയ പശു.

"അഛാ... ..എനിക്കു......മാപ്പ്...

നിസ്സഹായനായി രവി പിതാവിനെ കെട്ടിപ്പുണർന്നു. അവന്റെ കയ്യിലിരുന്ന നോട്ടുകൾ നാലുപാടും ചിതറിപ്പറന്നു.

ആ ശോകമൂകമായ രംഗം അങ്ങനെ അവസാനിച്ചു.

"സത്യമോക്കിൽ സംസാരയാത്രയിൽ പാപത്തിൻകുഴൽ
കത്തിടാതെ കടന്നവർ കാണുകില്ലെടോ,
ബദ്ധപങ്കമായോട്ടന്നിതൊരുകാലം നദി പിന്നെ
ശുദ്ധികലന്നൊരുകാലം ശോഭ തേടുന്നു.

കരുണ.




FOOT BALL TEAM 1952-53.




VOLLEY BALL TEAM 1952-53.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY




HOCKEY TEAM 1952-53.




CRICKET TEAM 1952-53.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# ഉറക്കണ്ണ്.

K. N. P.

വിണ്ണിൻ വെളിച്ചം നുകരുവാനുള്ളിലെ
കണ്ണുതുറന്നുനിന്നാലേ പറ്റൂ.
സ്വർഗ്ഗത്തിൻ പൂർണ്ണമാം ശോഭകണ്ടീടുവാൻ
നിർണ്ണയം വഹ്നിയിൽ ചേർക്കവേണം.
എന്നുമേ സൗഖ്യവിജയങ്ങൾ കൈവരും
മന്നിലെന്നാരും നിനയ്ക്കവേണ്ടാ
പാരംകരുതി ദിനങ്ങൾ നയിച്ചാലേ
പാരിച്ച മോഹത്തിൻ പാരമെത്തൂ.
പാരിതിൽ ജീവിതപ്പോരിലേർപ്പെട്ടവർ
പാരം കുഴങ്ങി വശംകെട്ടുമ്പോൾ,
നേരായമാർഗ്ഗം തെളിച്ചു കാണിക്കുവാൻ
സാരമായുള്ളതു സത്യംമാത്രം.
നീലാംബരത്തിലുദിച്ചുയരുന്നൊരു
പ്രാലേയ ഭാനുതൻ കാന്തിപൂരം
മാലാകെമാറ്റിയീലോകരെയാനന്ദ
ലീലാതരംഗത്തിൽ മുക്കുന്നില്ലേ?
സത്യസ്വരൂപനാം ദൈവത്തിൻകാരുണ്യം
പ്രത്യക്ഷലക്ഷ്യമായിത്തരത്തിൽ
നിത്യവുമിപ്രപഞ്ചത്തിൽ പലതര
മത്ഭുതങ്ങളുണ്ടെത്രയെത്ര?
ദിവ്യവെളിച്ചം ലഭിക്കുവാനുള്ളിലെ
കണ്ണുതുറക്കുകതന്നെവേണം.

# പുരോഗമനം.

കെ. എം. തോമസ്സ്.

ഇക്കാലത്തു വളരെയധികം ഉപയോഗപ്പെടുന്ന പദങ്ങളിൽ ഒന്നാണു് 'പുരോഗമനം'. വളരെ വ്യക്തമായ ഒരു അർത്ഥമേ ഈ പദത്തിനുള്ളു. എന്നാൽ അടുത്ത കാലത്തു് ഈ പദത്തിന്റെ അർത്ഥത്തിൽ വലിയ മാററങ്ങൾ വന്നുപോയിട്ടുണ്ടു്. നിഘണ്ടുവിലല്ല, ജനതാമദ്ധ്യത്തിൽ മാത്രം. പുരോഗമനം എന്നാൽ എന്തു്? എന്നു ചോദിച്ചാൽ ഇന്നു പലരും പല പ്രകാരത്തിൽ ഉത്തരം പറയും. അതു് ഒരുവക സാഹിത്യശാഖയാണെന്നു ചിലർ പറയും. ഇൻഡ്യൻ ഭരണഘടനയിൽ വളരെ പ്രാധാന്യം കല്പിച്ചിട്ടുള്ള ആ 'മതേതര'മാണെന്നു വേറെ ചിലർ പറയും. മതേതരമെന്നതു ഭാഷാജ്ഞാനമില്ലാത്തവരുടെ തെററായ വിവക്ഷിതാർത്ഥമാണെന്നും 'മതധ്വംസനം' എന്നതാണു് കൂടുതൽ യോജിക്കുന്ന അർത്ഥമെന്നും മൂന്നാമതൊരു കൂട്ടർ പറയും. ലോകത്തെ ആശാവാഹിയായ ആ സ്ഥിതിസമത്വത്തിലേയ്ക്കു് ആനയിക്കുന്ന പഞ്ചാക്ഷരങ്ങളാണു് പുരോഗമനം എന്നു വിശ്വസിച്ചിരിക്കുന്നവരും ധാരാളമുണ്ടു്. ഏതോ വൈദേശികമായ ഒരു അർത്ഥാവേശം കൂടി ഈ പദത്തിൽ കടന്നുകൂടിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. ഏതായാലും ഇത്ര അർത്ഥവൈകല്യം സംഭവിച്ചുപോയിട്ടുള്ള മററൊരു പദവും മലയാള ഭാഷയിലുണ്ടെന്നു തോന്നുന്നില്ല.

ഈ അർത്ഥഭ്രംശത്തിനു സാധാരണന്മാരാരും ഉത്തരവാദികളല്ല, നേതാക്കന്മാരാണു് ഉത്തരവാദികൾ. ഈ തെററിദ്ധാരണ പരിഹരിക്കത്തക്കതല്ലേ എന്നൊരു ചോദ്യമുണ്ടാകാം. സാദ്ധ്യമാണു്; പക്ഷെ സ്കൂളുകളിലെ അദ്ധ്യാപകന്മാരും പൊതുനിരത്തുകളിലെജ്ജനങ്ങളുംഏകാഭിപ്രായക്കാരായിത്തീരുമ്പോൾ മാത്രം.

ഏതായാലും പുരോഗമന പദത്തിനു വലിയ ആകർഷണ ശക്തിയുണ്ടു്.

വെണ്ടയ്ക്കാ വലിപ്പത്തിൽ ഈ പദം ഒരു ബോർഡിൽ എഴുതിവയ്ക്കുക. കുസുമങ്ങളിൽ തേനീച്ച എന്നതുപോലെ ആളുകൾ ചുററും തടിച്ചുകൂടും. പലരിലും ഒരു ഭാവഭേദം പ്രത്യക്ഷപ്പെടും. കുറച്ചു സമയത്തേക്കു പലർക്കും വിശപ്പടങ്ങും. ഉപരിപ്ലവബുദ്ധികൾ മുഷ്ടി ചുരുട്ടും. പലരും ദിവാസ്വപ്നങ്ങൾ കാണും. സുകൃതത്തിന്റെയല്ല സുഭിക്ഷതയുടെ ഒരു സ്വർഗ്ഗം തങ്ങൾക്കും തങ്ങളുടെ സന്താനപരമ്പരകൾക്കും വേണ്ടി എന്നന്നേക്കുമായി ഭൂമിയിൽ സ്ഥാപിതമായപോലെ അവർക്കു തോന്നും. പദം അച്ചടിച്ചതാണെങ്കിൽ അതിനു മാസ്മരശക്തികൂടും. എങ്ങനെയായാലുംഅതു പ്രദർശിപ്പിക്കുന്നയാൾ സാധുജനസേവകനാണു്. യാതനയുടെ പേരിൽ പ്രതിഫലംപററേണ്ടവൻതന്നെ. പ്രസംഗവേദിയിൽനിന്നുകൊണ്ടു സന്ദർഭം സൃഷ്ടിച്ചു് ഈ പദം പലപ്രാവശ്യംഉരുവിടുക. അയാൾ നേ

താക്കന്മാരിൽ നേതാവായി പരിഗണിക്കപ്പെട്ടു. സ്ഥാനാത്ഥിമത്സരമുള്ള കാലമാണെങ്കിൽ അയാൾക്കു വോട്ടുനിശ്ചയമാണു്. തന്നെയുമല്ല സാധുജനങ്ങളുടെ ഹൃദയമെന്നതുപോലെ കായശക്തിയുംനേതാവിൻ സ്വാധീനമാകും.

പുരോഗമനപദത്തോടു് അടുത്തു ബന്ധമുള്ള പല പദപ്രയോഗങ്ങളുമുണ്ടു്. വില്പ്പോവുക, മുന്നേറുക, പൊരിയുന്ന വയറു്, കരിനിഴൽ, തുറിച്ചുനോക്കുന്നപ്രശ്നം, വിശപ്പിൻെറവിളി, സിന്ദാബാദ്, ഇങ്കിലാബു് ആദിയായവയാണു് അവ. ഇവയിൽ പലതും അധുനാതനങ്ങളാണു്. കരിങ്കാലി, പിന്തിരിപ്പൻ എന്നിവ 'പുരോഗമന'ത്തിൻ ശത്രുസംഹാരത്തിനുള്ള മൂച്ചയേറിയ രണ്ടു ആയുധങ്ങളാണു്. കരിങ്കാലിപദം അഭ്യന്തര ശത്രുവിനെയും പിന്തിരിപ്പൻ പദം ബാഹ്യ ശത്രുവിനെയും കുറിക്കുന്നു. ഇവയിൽ പിന്തിരിപ്പൻ പദത്തിനാണു് ശക്തി കൂടുതൽ. എത്ര ശക്തനോ സമത്ഥനോ ആയ എതിരാളിയെപ്പോലും അസ്തപ്രജ്ഞനാക്കുന്നതിനു് അതിൻ കഴിവുണ്ടു്. പിന്തിരിപ്പൻ ആക്ഷേപണം ശ്രവിക്കുന്ന മാത്രയിൽ തന്നെ ശത്രുവിൻ അഭിമാനക്ഷതം ഭവിക്കും. അയാൾ തല താഴ്ത്തും, മിണ്ടാതടങ്ങും, മറേറതോ ഒരു അധമലോകത്തിലേക്കു സ്ഥലം മാററപ്പെട്ടവനെപ്പോലെഅയാൾ തിരോധാനം ചെയ്യും. മററുള്ളവരുടെ ഉയച്ചയ്ക്കു് അഥവാ ലോകത്തിൻെറ അഭ്യുന്നതിക്കു് വിലങ്ങുതടിയായി നിൽക്കുന്നവർ അവഹേളനാർഹർ തന്നെയാണല്ലോ. ഇത്തരം പ്രതിബന്ധക്കാരില്ലാതിരുന്നുവെങ്കിൽ ലോകം ഇന്നു് എവിടെ എത്തിയേനേ! ജീവിതം എത്ര സൗഭാഗ്യപൂർണ്ണമായിത്തീരുമായിരുന്നു! ആററം ശക്തി വളരെ നേരത്തേ കണ്ടുപിടിച്ചേനെ. പക്ഷേ അതു മനുഷ്യരെ കൊല്ലുന്നതിനു ഉപയോഗിക്കുമായിരുന്നില്ല. അററ്ലാൻറിക്കിലെ ജലം, അതിനേക്കാൾ അരയടി താണുകിടക്കുന്ന സഹാറാ മരുഭൂമിയിലേക്കൊഴുക്കി ആ മരുഭൂമിയെ ഫലഭൂയിഷ്ഠമായ വിളഭൂമിയാക്കിത്തീക്കുന്നതിനു് ആ ശക്തി പ്രയോജനപ്പെടുത്തുമായിരുന്നു. പിന്തിരിപ്പൻമാരാണു് ലോകത്തിൻെറ പുരോഗതിക്കു തടസ്സം വരുത്തിയിട്ടുള്ളവരും വരുത്തുന്നവരും. ദൗർഭാഗ്യം നിമിത്തം ഇത്തരക്കാർ ആദിമകാലം മുതൽക്കെ ഭൂമിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ശ്രീബുദ്ധനും, ശ്രീയേശുക്രിസ്തുവും എല്ലാം പിന്തിരിപ്പന്മാരിൽ അഗ്രഗണ്യരാണു്. അണുകബോംബു് ഇന്നുള്ളവരെ മാത്രമെ നശിപ്പിക്കയുള്ളൂ. എന്നാൽ പിന്തിരിപ്പൻ ആയുധം അനേകായിരം വഷം മുൻപു് ജീവിച്ചിരുന്നവരുടെ മേലും പ്രയോഗിക്കപ്പെടാം.

ഇന്നത്തെ 'പുരോഗമനം' മിഥ്യയാണു്. വെറും കാനൽ ജലം മാത്രം. സ്വാത്ഥലാഭമേ അതുകൊണ്ടു കൈവന്നുള്ളൂ. മൃഗീയമനുഷ്യൻ പരിപോഷിക്കപ്പെടുന്നില്ല. അന്തരമനുഷ്യൻ അധഃപതിക്കുകയും ചെയ്യുന്നു. ലോകത്തെ അപഥചാരണം ചെയ്യിക്കുന്നതു് അപരാധമല്ലേ? വെളിച്ചം നൽകുവാൻ കഴിവില്ലാത്തവൻ കത്തുന്ന ദീപം അണച്ചുകളയരുതല്ലോ. ലോകത്തിൻെറ ഉടമസ്ഥത അറുപതോ എഴുപതോ വഷംമാത്രം. അവിടെ കഴിച്ചുകൂട്ടുന്ന അല്പജ്ഞനായ മനുഷ്യൻ അനവകാശപ്പെടുന്നതെന്തിനു്? പ്രാകൃതികമായി മനുഷ്യയത്നത്തിൽക്കൂടി ലോകം പുരോഗമിച്ചുകൊള്ളുകയില്ലേ? ഏതായാലും ഭൂഗോളത്തിൻെറ ചലനത്തിനും ദിനരാത്രങ്ങളുടെ ആവിർഭാവത്തിനുമൊക്കെ നാമാരുമല്ലല്ലോ കാരണക്കാർ.

MAR IVANIOS COLLEGE DIGITAL LIBRARY REPOSITORY

# രണ്ടിഞ്ച്.

ററി. ജെ. ജോൺ,—II U. C.

ചില നിസ്സാരസംഭവങ്ങൾ, ചിലപ്പോൾ മനുഷ്യജീവിതത്തെയാകമാനം പിടിച്ചുലയ്ക്കാറുണ്ട്. അവയുടെ പ്രാധാന്യം അപ്പോൾ നാം അറിഞ്ഞെന്നു വരികയില്ല. പക്ഷേ പില്ക്കാലത്തു് അതീതകാലങ്ങളിലെ, മൂടൽമഞ്ഞുപോലെ അവ്യക്തങ്ങളായിക്കിടക്കുന്ന സ്മരണകളിലേക്കു തിരിഞ്ഞുനോക്കുമ്പോൾ മിഴിവും കാന്തിയുമുള്ള ചില സംഭവങ്ങൾ അങ്ങനെ മായാതെ കിടക്കുന്നതു കാണാം. നമ്മിൽ അതു ചിലപ്പോൾ ചാരിതാർത്ഥ്യത്തിൻെറ പുഞ്ചിരികൾ വിതറിയെന്നു വരും; ചിലപ്പോൾ ശോകമധുരമായൊരു വേദന അത്തരം സ്മരണകൾ നമ്മുടെ മനസ്സിലുദിപ്പിച്ചെന്നു വരും...... അങ്ങനെ, ഞാനും തിരിഞ്ഞു നോക്കുകയാണ്......ആ 'രണ്ടിഞ്ചി'ൻെറ കാര്യം എൻെറ ഹൃദയത്തിൽ സന്തോഷത്തിൻേറയും ആശ്വാസത്തിൻേറയും കുളിർമ്മയേറിയ പൂനിലാവു് പരത്തുന്നു. അതേ സമയം, അതിന പിന്നിലുള്ള കഥ എന്നെ വിഷാദമൂകനാക്കുന്നു......ഞാനോക്കുകയാണ്.

ആണ്ടും മാസവുമൊന്നും വ്യക്തമായിഓർക്കുന്നില്ല. ഞാൻ ഒരു ബോർഡിംഗ് സ്കൂളിൽ പഠിക്കുന്നകാലം. കൗമാരത്തിൻെറ ഉചര്യം ചലതാബോധം എന്നിൽ അസ്വസ്ഥതകൾ നിറച്ചുകൊണ്ടിരിക്കുന്ന കാലം. അവിടത്തെ ജീവിതം ആദ്യത്തെ കൊല്ലത്തിൽ ഒട്ടേറെ സുഖകരമായിരുന്നു, പക്ഷേ രണ്ടാമത്തെ കൊല്ലമായപ്പോൾ എന്തോ അവ്യക്തമായ ഒരു അസ്വാസ്ഥ്യം എൻെറ മനസ്സിൽ കിളൎന്നു വന്നു. ഒരു പുസ്തകപ്പുഴുവായിക്കഴിയുന്നതിന് ഞാനിഷ്ടപ്പെട്ടില്ല. എൻെറ മുന്നിൽ ഹരിതച്ഛവി പൂണ്ടു നിൽക്കുന്ന പ്രകൃതിയുടെ മഞ്ജിമകളിൽ നീന്തിക്കളിക്കാനൊരു മോഹം. എൻെറ പ്രതീക്ഷകളുടെ കുമ്പുകൾ പൊട്ടി വിടരാൻ തുടങ്ങി. ജീവിതത്തിൻെറ നവപരിമളം എന്നെ മദിപ്പിക്കാൻ തുടങ്ങിയിരുന്നു......അവിടത്തെ യാന്ത്രികജീവിതം എനിക്കരോചകമായിത്തുടങ്ങി. അവിടത്തെ കനത്ത ചപ്പാത്തിയോട്ടും, അതിനകമ്പടി സേവിക്കുന്ന കയ്പുന്ന ജീരകവെള്ളത്തോടും യാത്ര പറയാൻതന്നെ ഞാനുറച്ചു.........

അതിനാൽ വീട്ടുകാരുടെ സമ്മതം വാങ്ങിക്കൊണ്ടു് അടുത്ത വർഷത്തിൽ, ബോർഡിംഗിൽനിന്നും മാറി ഒരു വീട്ടെടുത്തു് താമസമാക്കി; വീട്ടിൽ നിന്നും മുറയ്ക്കു് പണം വന്നിരുന്നതു കൊണ്ടു് ബുദ്ധിമുട്ടൊന്നും കൂടാതെ അങ്ങിനെ കഴിഞ്ഞുപോയി. പക്ഷേ, തികച്ചും ഏകാന്തമായ ജീവിതം ക്രമേണ മുഷിപ്പനായി തുടങ്ങി. ബോർഡിംഗിലെ ശബ്ദമുഖരിതമായ അന്തരീക്ഷത്തിൽ കഴിഞ്ഞുകൂടിയിരുന്ന എനിക്കു് ഇപ്പോഴത്തെ മൂകത അസഹനീയമായിത്തോ

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ന്നി. മാത്രമല്ല, ഒന്നു രണ്ടു പേരെ കൂടെ താമസിപ്പിച്ചാൽ ചിലവും ഒന്നു കുറയ്ക്കാൻ സാധിക്കുമല്ലോ.

മൂവാററുപുഴക്കാരൻ ഒരു ശങ്കരപ്പിള്ളയും പെരുമ്പാവൂരുകാരൻ ഒരു ഹബീബും ആയിരുന്നു എന്റെ ആത്മാർത്ഥസ്നേഹിതന്മാർ. സമൃദ്ധിയുടെ ഇടയിൽ ജനിച്ചു ശങ്കരപ്പിള്ള വെള്ളി നാണയങ്ങളുടെ കിലുകിലാരവം കേട്ടു് വളൎന്നവനാണു്. പട്ടുടുപ്പിട്ടു് പാലട തിന്നു് വളൎന്ന ഭാഗ്യവാൻ!......എങ്കിലും അവനല്പം കലാവാസനയുണ്ടു്. നാടകാഭിനയത്തിൽ ബദ്ധകങ്കണമാണു്. തന്റെ ഓമനപ്പുത്രനുവേണ്ടി അയാളുടെ അച്ഛൻ ലോഭമെന്യേ പണമയച്ചിരുന്നു. ക്രമേണ അയാൾ പല ദുശ്ശീലങ്ങളും തുടങ്ങി. സദാനേരവും ഒരു സിഗററെറങ്കിലും അയാളുടെ ചുണ്ടിൽ നിന്നു പുകയുന്നുണ്ടാവും...... റോസ്മിൽക്കും, ഐസ്ക്രീമും ഇല്ലെങ്കിൽ ശങ്കരപ്പിള്ളയുടെ ദാഹം ശമിക്കയില്ല. കമ്പോളത്തിലെ 'ലേററസ്റ്റ് ഫാഷൻ' തുണിവാങ്ങി ജാക്കററു് തയ്പിച്ചിട്ടാലേ അയാൾക്കു് സുഖനിദ്ര ഉണ്ടാവുകയുള്ളു......അങ്ങനെ പലതും.

ശങ്കരപ്പിള്ളയേക്കാളും ധനികനായിരുന്ന ഹബീബു്, പക്ഷേ, അദ്ദേഹത്തിന്റെ പിതാവു് ലുബ്ധനായിരുന്നു......” കേട്ടോ മോനേ, അത്യാവശ്യകാൎയ്യങ്ങൾക്കു മാത്രമേ നീ പണം വാങ്ങിക്കാവൂ കേട്ടോ....പടച്ചോൻ പ്രസാദിച്ചു് നമുക്കല്പമൊക്കേണ്ടു്........ എന്റെ കണ്ണടയുമ്പോ നിനക്കും നിന്റെ ഉമ്മാക്കും കഴിയാനാ ഞാൻ കരുതി വയ്ക്കുന്നേ കേട്ടോ! ......ഏങ്ങ്......” അയാളങ്ങനെ സ്നേഹം നിറഞ്ഞ സ്വരത്തിൽ മകനെ ഉപദേശിക്കും. ഹബീബു് സുമുഖനാണു്. സിനിമയിൽ വലിയഭ്രമക്കാരനാണു്. അയാൾ ജീവിക്കുന്നതുപോലും സിനിമാ കാണാനാണെന്നു തോന്നിപ്പോവും.

എന്റെ അപേക്ഷയനുസരിച്ചു് അവർ രണ്ടുപേരും എന്റെ കൂടെ താമസമാക്കി. ഞങ്ങൾ മൂവരും കൂടി അങ്ങനെ ജീവിതമാരംഭിച്ചു. ആകപ്പാടെ ഒരുത്സവം തന്നെയായിരുന്നു. പണം ചെലവു ചെയ്യുന്നതിൽ ഒരു നിയന്ത്രണവുമില്ലായിരുന്നു. വീട്ടിൽ നിന്നു് വരുന്ന പണമൊക്കെ രണ്ടു ദിവസം കൊണ്ടു് ഞങ്ങൾ തുലയ്ക്കുമായിരുന്നു. ക്രമേണ പഠിത്തത്തിന്റെ കാൎയ്യത്തിലും ശ്രദ്ധ കുറഞ്ഞുതുടങ്ങി. ഹെഡ്മാസ്റ്റർ ഞങ്ങളെ വിളിച്ചു ഗുണദോഷിച്ചു, ഭീഷണിപ്പെടുത്തി. ആദ്യമതുകൊണ്ടു കുറച്ചു പ്രയോജനമുണ്ടായി. ഞങ്ങൾ കുറേശ്ശെ പഠിക്കാൻ ശ്രമിച്ചു. പക്ഷേ ഞാൻ പുസ്തകം തുറന്നു വായിക്കാൻ ശ്രമിക്കുമ്പോൾ ഹബീബു് പുതിയ സിനിമയെ കുറിച്ചു പറയും. ശങ്കരപ്പിള്ള ആയിടയ്ക്കു് ഉദ്ഘാടനംചെയ്ത ഹോട്ടലിനെ വർണ്ണിക്കാൻ തുടങ്ങും......ഞാൻ, അതിനോടു ചേരും......അവർ പാട്ടുപാടും. ഞാൻ താളം പിടിക്കും. ഞാൻ കഥകൾ പറയും, അവർ നിശ്ശബ്ദരായിരുന്നു കേൾക്കും......അങ്ങനെ പോയി കഥകൾ നിറഞ്ഞ മാസങ്ങൾ......

“ഇങ്ങനെ ജീവിച്ചാൽ? ഓ! ആദ്യകാലത്തെ ആ ഏകാന്തജീവിതമായിരുന്നു ഇതിനേക്കാളും ഭേദം......” ഞാൻ ഒരു വൈകുന്നേരം മുററത്തെ മുല്ലയുടെ മൂട്ടിലിരുന്നു് എരിഞ്ഞടങ്ങുന്ന കതിരവന്റെ ചെങ്കനൽ പ്രഭയെ നോക്കി ചിന്തിക്കയായിരുന്നു. കയ്യിൽ നാലു കാശില്ല. അടുത്ത മാസത്തെ പണം വരാൻ ഇനിയും ദിവസങ്ങൾ കിട

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

ക്കുന്നു. അപ്പോഴുണ്ട് വരുന്നു കാപ്പിക്കട ക്കാരൻ ബില്ലുമായി! ഞാൻ വാങ്ങി നോക്കി—.

ഹബീബ്—80 രൂപ.

ജോൺ—65 രൂപ.

ശങ്കരപ്പിള്ള—85 രൂപ. 10 അണ.

……ഒരുവേള ഞങ്ങളിത്രയും വാസ്തവത്തിൽ കൊടുക്കാനില്ലാത്തതായിരിക്കാം. അയാളുടെ നശിച്ച കള്ളക്കണക്ക്! ഏതിന്നും കൊടുത്തല്ലേ പററു. കടം ഇനിയുമുണ്ട്……കെട്ടിടത്തിന്റെ വാടക. അരിവെപ്പുകാരന്റെ മൂന്നു മാസത്തെശമ്പളം… ഓ! എങ്ങനെയാണ് ഈ വൻപിച്ച തുക അടച്ചു തീർക്കേണ്ടതു്?……ഞാൻ തലപുകഞ്ഞാലോചിച്ചു. വീട്ടിൽനിന്ന് ആ മാസത്തിൽ നല്ലൊരു സംഖ്യ വരുത്തിക്കഴിഞ്ഞിരുന്നു. അതിനാൽ ഇനി അവരെ ബുദ്ധിമുട്ടിയ്ക്കുന്നതുകൊണ്ടു ഫലമില്ല … ഞാനും, ഹബീബും, ശങ്കരപ്പിള്ളയും കൂടിയിരുന്നാലോചിച്ചു.

കടക്കാരുടെ ശല്യം കൂടിവന്നു. അഭ്യർത്ഥനകൾ ശകാരങ്ങളായി, ശകാരങ്ങൾ പുലഭ്യങ്ങളായി, പുലഭ്യങ്ങൾ പ്രഹരത്തിലേക്കു കടക്കുമെന്ന മട്ടായി. ഞങ്ങൾ കുഴങ്ങി. ഒരു വിധത്തിൽ അവരെ പറഞ്ഞു സമാധാനിപ്പിച്ച ശേഷം ഞങ്ങൾ പണം വാങ്ങുന്നതിനായി അവരവരുടെ വീട്ടിലേക്കുപോയി. അവർ ഞങ്ങളെ വിശ്വസിച്ചതു ഭാഗ്യം!

വീട്ടിൽ ചെന്നശേഷം ഞാനെന്റെ സുഹൃത്തുക്കൾ രണ്ടു പേർക്കും ഓരോ കത്തുകൾ എഴുതി. പശ്ചാത്താപത്തിന്റെ കണ്ണുനീരാൽ കഴുകപ്പെട്ട രണ്ടു കത്തുകൾ. മേലാൽ മൂന്നുപേരും കടം വാങ്ങാതിരിക്കാൻ ശ്രദ്ധിക്കേണമെന്നും, തിരികെ വന്നാലുടൻ തന്നെ എപ്രകാരമെങ്കിലും കടം വീട്ടണമെന്നും മററും ഞാനതിലെഴുതിയിരുന്നു. അവർ അതു സമ്മതിച്ചുകൊണ്ടു മറുപടിയെഴുതുകയും ചെയ്തു. ഞാനും, നാളികേരംഇടീക്കാൻ പോയപ്പോൾ വീട്ടിലറിയാതെ കുറെ എണ്ണം കൊടുത്ത് ഒരെഴുപത്തഞ്ചു രൂപയും, അല്ലാതെ വീട്ടിൽനിന്നും ഒരിരുപത്തഞ്ചുരൂപായും വാങ്ങിവെച്ചു.

ഓണമവധി കഴിഞ്ഞു പഴയതുപോലെ എല്ലാവരും ജീവിതമാരംഭിച്ചു. ഞാൻ കടങ്ങളെല്ലാം തീർത്തു. കുറച്ചു ദിവസം എല്ലാം ഭംഗിയിൽ മുന്നോട്ടുപോയി……

മാസം രണ്ടു മൂന്നു കഴിഞ്ഞു.

* * * * *

വർഷാവസാനപ്പരീക്ഷ അടുത്തു. ഒരു ദിവസം രാത്രി ഒരു മണിയായിക്കാണും. തണുത്ത കാററു ജനാലയ്ക്കിടയിലൂടെ ചീറിയടിക്കുന്നുണ്ടായിരുന്നു. ജനാല ബന്ധിച്ചിട്ട് ഞാൻ വീണ്ടും വന്നിരുന്ന് വായിക്കാൻ ശ്രമിച്ചു. ഉറക്കം കൺപോളകളിൽ തൂങ്ങിനിൽക്കുകയായിരുന്നു. മുഖം കഴുകുന്നതിനുവേണ്ടി ഞാൻ വാതിൽ തുറന്നു വരാന്തയിലേക്ക് ചെന്നു. അവിടെ ഒരു ചാരുകസാലയിൽ ശങ്കരപ്പിള്ള ഒരു കഥാപുസ്തകം വായിച്ചുകൊണ്ടു കിടക്കുകയായിരുന്നു. അവ്യക്തമായ ഒരു ഭീതിയുടെ മുദ്രകൾ അയാളുടെ മുഖത്തു ദൃശ്യമായിരുന്നു. കുറച്ചു ദിവസമായി അയാൾ ഞങ്ങളിൽനിന്നും ഒഴിഞ്ഞു ജീവിക്കുകയായിരുന്നു. ഞാൻ അയാൾ വായിച്ചുകൊണ്ടിരുന്ന പുസ്തകം വാങ്ങി നോക്കി—ജ്ഞാനാംബിക!

"ഇതിൽനിന്നും പരീക്ഷയ്ക്കെത്ര ചോദ്യം വരും? ——" ഞാൻ ചിരിച്ചുകൊണ്ടു ചോദിച്ചു. എന്നാൽ അയാൾ ചിരിച്ചില്ല. ആ വിളറിയ മുഖത്തേയ്ക്കു് കണ്ണുനീരിന്റെ മുത്തുമണികൾ അടർന്നുവീണു. ഞാൻ സാത്ഭുതം സൂക്ഷിച്ചു നോക്കി.

"ങ്ഹ,! എന്താ പിള്ളേ കരയുന്നതു്? ഓ! ജ്ഞാനാംബികയുടെ കഷ്ടപ്പാടുകളോ ർത്താവും. ഇല്ലേ!...എന്തൊരു സഹാനഭൂതി..." ഞാൻ വീണ്ടും ചിരിച്ചു.

അയാളെണീററു് എന്നെ കെട്ടിപ്പിടിച്ചുകൊണ്ടു് വിങ്ങിവിങ്ങിക്കരയാൻ തുടങ്ങി. ഞാൻ അത്ഭുതംകൊണ്ടു് സ്തംഭിച്ചു പോയി. ദുഃഖമൊന്നാറിത്തണുത്തപ്പോൾ അയാളെല്ലാക്കാര്യവും തുറന്നു പറഞ്ഞു. കേസ്സിൽ കടന്നിരുന്ന അയാളുടെ അച്ഛൻെറ സകല വസ്തുക്കളും കടത്തിലായതും, ജീവിയ്ക്കാനൊരു വഴിയുമില്ലാതെ അവർ ഉഴലുന്ന കാര്യവുമെല്ലാം.

"ധൃത്തടിച്ചതിൻെറ ഫലം ഞാനനുഭവിച്ചു......ഇല്ല അനുഭവിക്കാൻ പോകുന്നു" അയാൾ പതുക്കെപ്പറഞ്ഞു.

ഞാനുത്തരം പറഞ്ഞില്ല. അയാൾ തുടന്നു.

"പ്രിയസുഹൃത്തേ, ഇനി ഞാൻ നിങ്ങൾക്കൊരു ഭാരമാകണമെന്നാഗ്രഹിക്കുന്നില്ല— ഞാൻ പോകയാണു്"

"ഓ! വിഷമിക്കാതിരിക്കൂ......നമുക്കെല്ലാററിനും പോംവഴി ഉണ്ടാക്കാം" ഞാൻ പറഞ്ഞു.

"ഇല്ല സ്നേഹിതാ, ഞാനിന്നു് തികച്ചും ദരിദ്രനാണു്. എൻെറ പ്രതീക്ഷകളും ആശകളുമെല്ലാം തകന്നു...ആത്മഹത്യയ്ക്കു...!

"ഛേര! ഛേര! വിഡ്ഢിത്തം പറയാതിരിക്കൂ..." ഞാൻ സാന്ത്വനിപ്പിച്ചു.

നൂററിയെഴുപത്തഞ്ചു രൂപയുടെ ഒരു ബിൽ എടുത്തു മേശപ്പുറത്തു വച്ചിട്ടയാൾ തുടന്നു......" ഇതാ ഞാനിന്നൊരു വലിയ കടക്കാരനാണു്. ഇതിലൊരു കാശു പോലും കൊടുത്തു തീക്കാനെനിക്കു് കഴിയുകയില്ല......ഞാൻ മാത്രമല്ല ഹബീബും ഇന്നൊരു കടക്കാരനാണു്. താങ്കളതറിഞ്ഞു കാണുകയില്ല. അവൻെറ അച്ഛൻ അവനെ വീട്ടിനു പുറത്താക്കിയിരിക്കുകയാണു്......"

"എനിക്കറിയാം? ഞാൻ മന്ത്രിച്ചു..."

"സാരമില്ല നമുക്കെന്തെങ്കിലും നിവൃത്തിമാർഗ്ഗമുണ്ടാക്കാം. ഞാൻ വെറുതെ അങ്ങനെ പറഞ്ഞു.

"എന്നാലും പിന്നത്തേയും ഗതി ഇതു തന്നല്ലേ?..."

ശങ്കരപ്പിള്ളയുടെ ആ ചോദ്യത്തിനു എനിക്കു മറുപടി പറയാൻ കഴിഞ്ഞില്ല.

* * * * *

രണ്ടാംലോകമഹായുദ്ധം ചീറിയടിക്കുന്ന കാലം. രണ്ടു ദിവസം കഴിഞ്ഞു് ഹബീബും, ശങ്കരപ്പിള്ളയും അഹ്ലാദത്തോടെ എൻെറ മുറിയിൽ വന്നു് ഇപ്രകാരം പറഞ്ഞു.

"കേട്ടോ, ജോണേ, എറണാകുളത്തു നേവിയ്ക്കു് ആളെടുക്കുന്നു. ഞങ്ങൾ പോകയാണു് നീ പഠിച്ചു് മിടുക്കനായി വാ..." ഞാനൊന്നും പറഞ്ഞില്ല. പരീക്ഷ സമയമാണു്. 'മാത്തമാററിക്സാ'ണു് പിറേറന്നു്. ഞാൻ പലതും ചിന്തിച്ചു കൊണ്ടു് കുനിഞ്ഞിരുന്നു. അന്നു രാത്രിയിൽ അവരുടെ മുറി ശബ്ദതരംഗങ്ങൾകൊണ്ടു ഇളകി മറിഞ്ഞിരുന്നു......

പരീക്ഷാഹാളിൽ ചെന്നിരുന്നിട്ടു് എനിക്കൊന്നും എഴുതാൻ കഴിഞ്ഞില്ല. തലച്ചോറിനൊരു മാന്ദ്യം. ഒരൊററക്കണക്കും ശരിയാവുന്നില്ല. ഞാൻ അവിടെ നിന്നും എണീററു് നേരേ 'ലോഡ്ജി'ലേക്കു് പോയി. അവിടെ എൻെറ രണ്ടു സുഹൃത്തുക്കളും എന്നോടു യാത്ര പറയാൻ കാത്തു നി

ല്ലുണ്ടായിരുന്നു. ചെന്നപാടേ ഞാൻ പറഞ്ഞു—.

“നിങ്ങടെക്കൂടെ ഞാനും വരുന്നു.——”

“വേണ്ടാ——നീ——”

“ഒന്നും കേൾക്കേണ്ട ഞാനുംവരുന്നു—” ഞാൻ ഉറപ്പിച്ചു പറഞ്ഞു. അവർ മറുപടി പറഞ്ഞില്ല. പേനായും മററു സാധനങ്ങളും വിററ് കുറച്ചു പണമുണ്ടാക്കിക്കൊണ്ട് ഞാനും അവരോടുകൂടെത്തിരിച്ചു. എറണാകുളത്തെ റിക്രൂട്ടിംഗ് ആഫീസിൽ ഞങ്ങൾ പിറെറന്നെത്തി. പ്രാരംഭമായി ചില ചോദ്യങ്ങളൊക്കെ ചോദിച്ചിട്ട് രണ്ടു ദിവസം കഴിഞ്ഞു വരാൻ സായ്പ് ഉത്തരവിട്ടു. ഞങ്ങൾ അവിടത്തെ തെരുവീഥികളിലലഞ്ഞ് രണ്ടു ദിവസം കഴിച്ചുകൂട്ടിയതിനുശേഷം വീണ്ടും അവിടെച്ചെന്നു. അവരുടെ ചിലവിൽ ഞങ്ങളെ കോയമ്പത്തൂക്കയച്ചു.

ചില പരിശോധനകളെല്ലാം കഴിഞ്ഞു. ഹബീബിനേയും ശങ്കരപ്പിള്ളയേയും നേവിയിലെടുത്തു. എന്നെ പുറംതള്ളി. എനിക്ക് ആവശ്യമായ പൊക്കമില്ല! രണ്ടിഞ്ചിൻെറ കുറവ്——എൻെറ തല കറങ്ങി. വയററിൻെറ അഗാധ തലങ്ങളിൽനിന്നും ഒരു ചൂളംവിളിയുയർന്നുപൊങ്ങി—” എന്നെയും എടുക്കണം. ഞാൻ അത്യുച്ചത്തിൽ അലറി. അവിടെ നിന്നിരുന്ന ഒരുദ്യോഗസ്ഥൻ എന്നെ തുറിച്ചു നോക്കി. ഞാനോടി——മെഡിക്കൽ പരിശോധന കഴിഞ്ഞ് അവർ രണ്ടുപേരും തിരികെ വന്നപ്പോൾ എന്നെ കണ്ടില്ല——!

ഞാൻ അവിടത്തെ പൊടിയണിഞ്ഞ തെരുവീഥികളിലൂടെ ഭ്രാന്തനെപ്പോലെ വേച്ചു വേച്ചു നടന്നു. രാത്രി ചുരുളുവിട്ടത്തി തുടങ്ങിയിരുന്നു. കയ്യിൽ പണമില്ല. ആഹാരം കഴിച്ചിട്ട് ദിവസം മൂന്നായി. കണ്ണിൽ ഇരുട്ടു കയറിത്തുടങ്ങി. ഞാൻ നടന്ന് ഒരു വലിയ പാലത്തിനുമുകളിലെത്തി. അതിനടിയിലൂടെ ഒഴുകിയിരുന്ന ജലത്തിൻെറ കിലുകിലാരവം അസ്പഷ്ടമായി കേൾക്കാമായിരുന്നു. ഞാൻ നടന്നു——അകലെനിന്നും അരിച്ചാക്കുകൾ കയററിയ ഒരു ലോറി കുതിച്ചു വരുന്നുണ്ടായിരുന്നു. ഞാൻ ഒഴിയാൻ നോക്കി——കാലുകൾ നീങ്ങുന്നില്ല. പ്രകാശമുള്ള രണ്ടു തുറിച്ച കണ്ണുകൾ—നില്ക്കാത്ത ഇരമ്പൽ—എൻെറ സർവാംഗം തളർന്നു—ഞാൻ റോഡിൽ വീണു—ഒരു ദയനീയവിളിയോടെ ലോറിനിന്നു.

“ഇതെന്ന കൂട്ടങ്ങളപ്പാ ശാകരത്തുക്കതാൻ വന്തു കിടക്കിറതുപോലിരുക്കേ. രണ്ടിഞ്ചു തെററിയിരുന്താൽ പയൽ ശമ്മന്തിയായ് വിട്ടുവാനായിരുന്തതു. ദൈവംതാൻ കാപ്പാററിനാർ. നാൻ ശെയ്ത ഭാഗ്യം! അശട്ട് പയൽ ശാകാമൽ തപ്പിക്കൊണ്ടാൻ——” ഡ്രൈവരുടെ ആ വാക്കുകൾ ഞാൻ അവ്യക്തമായികേട്ടു. ആ ലോറി ഞരങ്ങലോടെ ഇഴഞ്ഞു നീങ്ങി മറഞ്ഞു.



Goretti Home. His Grace's first appearance after his illness.
He attended the garden party, gave a long speech,
blessed the house and chapel.



Goretti Home Staff Quarters (Principal's room on the right)



Scientists where the three seas meet.



ALPHONSA HOSTEL, KESAVADASAPURAM 1952-53.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# ഹാസസാഹിത്യം—മലയാളത്തിൽ.

തോട്ടം രാജശേഖരൻ, എം. എ.

'സംസ്കാരത്തിന്റെ ചിഹ്നമാണ് ചിരി' എന്നൊരു ചൊല്ലുണ്ടു്. സാഹിത്യത്തെ സംബന്ധിച്ചിടത്തോളം അതു് വളരെ വാസ്തവമാണ്. ഗൌരവപൂർണ്ണങ്ങളും ധിഷണാബോധസംബന്ധികളുമായ കലാപ്രസ്ഥാനങ്ങൾ വളരുന്നതിനിടയ്ക്കു കൂടി, അതിനനുലോമമായി ഹാസസാഹിത്യവും വളർന്നുവന്നിട്ടുണ്ടു്. ആനന്ദപ്രദായകത്വവും കലാധർമ്മങ്ങളിലൊന്നായി കരുതപ്പെടുന്ന കാലംവരെ മറിച്ചാകാനും വയ്യ. ഏതു രാഷ്ട്രത്തിലെ സാഹിത്യത്തിന്റെയും വളർച്ച പരിശോധിച്ചു നോക്കിയാലും ഇക്കാര്യം വ്യക്തമാകും. അതിനു കാരണവുമുണ്ടു്— മനുഷ്യന്റെ നർമ്മബോധം. ഹാസസാഹിത്യത്തിന്റെ വളർച്ചകൊണ്ടുമാത്രം ഒരു രാജ്യത്തിലെ സാഹിത്യപ്രസ്ഥാനത്തിന്റെ ആക്കവും തൂക്കവും നിർണ്ണയിക്കാനാവില്ലെങ്കിലും ആ പ്രസ്ഥാനത്തിന്റെ അഭാവം കൊണ്ടു വലിയൊരു വിടവുണ്ടാകാറുണ്ടെന്നുള്ളതു് ഒരു പരമാർത്ഥമാണ്. സൂക്ഷ്മവിശകലനത്തേയും, നർമ്മബോധത്തേയും, കലാനിർമ്മാണസ്വാതന്ത്ര്യത്തേയും, സർവ്വോപരി പുതിയൊരു ആവിഷ്കരണശൈലിയേയും ആസ്പദിച്ചാണ് ഹാസസാഹിത്യത്തിന്റെ പുരോഗമനം. ഹാസ്യബോധത്തിലും ഫലിതപ്രയോഗചാതുരിയിലും കേരളീയർ ആർക്കും പിന്നിലല്ല.

ആര്യന്മാർ കേരളക്കരയിൽ കുടിപാർപ്പുറപ്പിച്ചതോടുകൂടിത്തന്നെ, അവരുടെ സംസ്കാരത്തിന്റെ കിരണങ്ങളും ഇവിടത്തെ സാമൂഹ്യജീവിതരംഗത്തിൽ വീശാൻ തുടങ്ങി. ജീവിതത്തിലെ ആനന്ദാനുഭൂതികൾ അങ്ങേ അററത്തെ തുള്ളിവരെ മോന്തിക്കുടിക്കുക എന്നതു് ജീവിത പരിപാടിയായി അംഗീകരിച്ചിരുന്ന അവർ ജീവിതംതന്നെ രസകരമായ ഒരു കലയായി ഉയർത്തിയിരുന്നു. നമ്പൂതിരിമാരിൽ ഭൂരിപക്ഷവും രസവേദികളായിരുന്നു. വ്യംഗ്യപ്രധാനങ്ങളായ അർത്ഥകല്പനകളടക്കിയ രസച്ചിമിഴുകൾ അവർ ഏതു സദസ്സിൽ വെച്ചും പൊട്ടിക്കും. രാജസദസ്സിലായാലും, ഭോജനശാലയിലായാലും അവരുടെ സംഭാഷണവും ശൈലിയും രസപുഷ്കലങ്ങളായിരുന്നു. കാലത്തിന്റെ ചുരുളുകളിൽ അവരുടെ ശരീരങ്ങൾ അമർന്നു കഴിഞ്ഞുവെങ്കിലും അവർ ഉതിർത്തുവിട്ട ഫലിതങ്ങൾ മിക്കവയും മലയാളത്തിന്റെ മണ്ണിൽ പൊട്ടിച്ചിരിയോടെ അമർന്നു കിടപ്പുണ്ടു്. അവർ രചിച്ച സാഹിത്യകൃതികളിലും ഈ ഫലിതബോധം ഉടനീളം കാണാനുണ്ടു്. കൂടിയാട്ടം തുടങ്ങിയ ദൃശ്യകലകൾക്കു് ഭാവപരമായ മേന്മയൊന്നുമില്ലായിരുന്നുവെങ്കിലും, അവ തികച്ചും ഫലിതരസപ്രധാനങ്ങളായിരുന്നു എന്ന വസ്തുത വിസ്മരിക്കുവാൻ സാദ്ധ്യമല്ല. ആര്യപ്രഭാവകാലഘട്ടത്തിന്റെ

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

യഥാൎത്ഥദർപ്പണമായിരുന്ന ചമ്പൂക്കളിലും അവരുടെ ഹാസ്യബോധം തെളിഞ്ഞു വിളങ്ങുന്നുണ്ടു്. പൗരാണികങ്ങളായ ഇതിവൃത്തങ്ങൾ തെരഞ്ഞെടുത്തു്, സമകാലികസാമൂഹ്യജീവിതത്തിലെ രസകരങ്ങളായ പ്രശ്നങ്ങൾ ഇണക്കിച്ചേർത്തു് നിൎമ്മിച്ചിട്ടുള്ള ചമ്പൂക്കളാണു് യഥാൎത്ഥത്തിൽ നമ്മുടെ ഹാസസാഹിത്യത്തിൻെറ പ്രാഗ്രൂപങ്ങൾ! അവിടന്നു തുടങ്ങിയ പ്രയാണമാണു് നൂററാണ്ടുകളിലെ സംസ്കരണം കഴിഞ്ഞു് ആധുനികഹാസസാഹിത്യമായി വാന്നു വീണിരിക്കുന്നതു്.

ചാടൂക്തിചതുരന്മാരായ ചാക്യാന്മാർ ചമ്പൂക്കളിൽ അജ്ഞാതങ്ങളായി കിടന്ന ഫലിതങ്ങളെ കൂടുതൽ ചമൽക്കാരഭംഗിയോടും, നൎമ്മബോധത്തോടും കൂത്തുകൾമുഖേന സദസ്സുകളിൽ അവതരിപ്പിച്ചു. ഏററവും വിരസങ്ങളായിരിക്കുന്ന പുരാണകഥാസന്ദൎഭങ്ങളെപ്പോലും അവർ ഫലിതപ്രയോഗം കൊണ്ടു ഹൃദയംഗമമാക്കിത്തീൎത്തു. അങ്ങനെ പരോക്ഷമായെങ്കിലും ജനങ്ങളിൽ സാഹിത്യാഭിരുചി വൎദ്ധിപ്പിക്കുകയും താന്താങ്ങൾ ഉപലക്ഷിക്കുന്ന സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തുവന്നു. പൊതുവെ കൂത്തുസാഹിത്യത്തിൽ ഹാസ്യം കവിഞ്ഞു നിന്നിരുന്നു. തികച്ചും പ്രാകൃതങ്ങളും, സാധാരണ ജീവിതജന്യങ്ങളുമായ ഫലിതപ്രയോഗങ്ങൾ കൊണ്ടാണു് അവർ ജനങ്ങളെ ആകർഷിച്ചിരുന്നതു്.

കൃഷ്ണഗാഥാകർത്താവായ ചെറുശ്ശേരി, തൻെറ കൃതിയിൽ ഭക്തിരസത്തിനാണധികം പ്രാധാന്യം നൽകിയതെങ്കിലും അദ്ദേഹത്തിൻെറ കാവ്യലോലങ്ങളായ കൈകൾ അതിലുടനീളം അഭിജാതവും, മനോഹരവുമായ ഫലിതങ്ങൾ കോർക്കുന്നതിനു് ശ്രമിച്ചിട്ടുണ്ടു്. ഓമനത്തം തുളുമ്പുന്ന ആ ഫലിതോക്തികൾ നമ്മെ ഊറി ഊറിച്ചിരിപ്പിക്കും.

ഹാസ്യരാജനായ കുഞ്ചൻനമ്പ്യാരുടെ ആവിർഭാവത്തോടുകൂടിയാണു് നമ്മുടെ ഫലിതസാഹിത്യം ശരിയായ പന്ഥാവിലൂടെ പുരോഗമിക്കാൻ തുടങ്ങിയതു്. പുരാണകഥകളെ "പടയണിക്കിഹ ചേരുന്ന ചാരുകേരളഭാഷയിലാക്കി" വിതറിയ കുഞ്ചനാണു് നമ്മുടെ ഹാസസാഹിത്യത്തിൻെറ യഥാൎത്ഥത്തിലുള്ള ജനയിതാവു്. കേരളീയരെ പൊട്ടിച്ചിരിപ്പിക്കാത്തതൊന്നും ആ നാവിൽനിന്നുതിൎന്നിട്ടില്ല. തൻെറ കവിതയിലെ ഫലിതാത്മകത്വം വൎദ്ധിപ്പിക്കുന്നതിനു വേണ്ടി പലയിടങ്ങളിലും കാവ്യസിദ്ധാന്തങ്ങളെത്തന്നെ അദ്ദേഹം അവഗണിച്ചിട്ടുണ്ടു്; പാത്രസൃഷ്ടിയിൽ ശ്രദ്ധവെയ്ക്കാതിരുന്നിട്ടുണ്ടു്. എല്ലാവിധവും തൻെറ അനുവാചകരെ ഒന്നു പൊട്ടിച്ചിരിപ്പിക്കുക — അതു മാത്രമേ അദ്ദേഹത്തിനു നോട്ടമുള്ളു. സമകാലികസാമൂഹ്യജീവിതത്തിൽ തെളിഞ്ഞു കാണുന്ന പ്രത്യേകതകളെ മാതൃകയായെടുത്തു് അദ്ദേഹം അവയ്ക്കു് പുരാണമാതൃകകളുടെ ഉടലു നൽകി അവയുടെനേരെ രൂക്ഷമായ പരിഹാസം ചൊരിഞ്ഞിട്ടുണ്ടു്. നമ്മുടെ ഹാസസാഹിത്യത്തിൻെറ ഏററവും സുന്ദരമായ കാലഘട്ടമായിരുന്നു അതു് എന്നു് നിസ്സംശയം പറയാം.

രസികക്കുഴമ്പന്മാരായ വെണ്മണിപ്രഭൃതികളിലേക്കു് വന്നപ്പോഴേക്കും നമ്മുടെ ഹാസസാഹിത്യത്തിനു് സാരസ്യവും, ലാഘവവും വൎദ്ധിച്ചിരുന്നു. നിയതമായൊരു ലക്ഷ്യമോ, സംഹിതകളോ കൂടാതെ, കേവലമായ ആനന്ദത്തിനുവേണ്ടി മാത്രമാണു് അവർ സാഹിത്യസൃഷ്ടി നടത്തിയിരുന്ന തു

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

മൃദുലവികാരജന്യങ്ങളായ ഭാവങ്ങളെ — പ്രത്യേകിച്ചും ശൃംഗാരഭാവത്തെ — തെല്ലും അച്ഛാദനം ചെയ്യാതെ അപ്പടി ചിത്രീകരിക്കുകയായിരുന്നു അവരുടെ പരിപാടി.

പിന്നെ കുറേക്കാലം നമ്മുടെ സാഹിത്യത്തിൽ, സംസ്കൃത കൃതികളിൽ നിന്നുള്ള തർജ്ജമകളുടെ കാലമായിരുന്നല്ലോ. ജീവിതം കൂടുതൽ സങ്കീർണ്ണമാവാൻ തുടങ്ങിയതോടുകൂടി കേവലമായ ഭാവചാപല്യങ്ങളുടേതായ ഫലിതം ജനങ്ങൾക്കത്ര രുചികരമായിത്തോന്നിയില്ല. എങ്കിലും ഒന്നുണ്ടു്; ആ ഫലിതങ്ങൾ സംസ്കരിക്കപ്പെട്ടവയായിരുന്നു. ചിലവ അതിപ്രൌഢങ്ങളും. ക്രമേണ സംസ്കൃതനാടകങ്ങൾ സൂകരപ്രസവംപോലെ വർദ്ധിച്ചുവന്നതോടുകൂടി അതിനൊരറുതി വരുത്താനെന്നവണ്ണം അതിസരസനായ മുൻഷി രാമക്കുറുപ്പു് തന്റെ 'ചക്കീചങ്കരവു'മായി പ്രവേശിച്ചു. കേരളീയ ഹാസ്യസാഹിത്യത്തിൽ മഹത്തായ ചലനം സൃഷ്ടിച്ച ഒരു ഗ്രന്ഥമാണു് ചക്കീചങ്കരം. പറയത്തക്ക കലാമൂല്യങ്ങളൊന്നും കൂടാതെ തുരുതുരെ ഇറങ്ങിക്കൊണ്ടിരുന്ന സംസ്കൃത നാടകതർജ്ജമകളുടെ ഗതി പെട്ടെന്നു നിലച്ചു. ഉജ്ജ്വലമായൊരു ഹാസസാഹിത്യ ഗ്രന്ഥത്തിനുള്ള അതുല്യമായ ശക്തി അപ്പോഴാണു് കേരളീയർക്കു് ശരിക്കു് ബോദ്ധ്യപ്പെട്ടതു്. അത്രക്കു് തീക്ഷ്ണവും, ഉഗ്രവും, നിശിതവുമായിരുന്നു പ്രസ്തുത ഗ്രന്ഥത്തിന്റെ ആക്ഷേപരീതി.

ഇങ്ങനെ നമ്മുടെ സാഹിത്യത്തിലെ ഫലിതശാഖയും, ഹാസ്യശാഖയും നന്നേ പുഷ്ടിപ്പെട്ടുവെങ്കിലും, ഹ്യൂമർ (സരസഫലിതം) സറ്റയർ (നിശിതഫലിതം—അതിലും ഉൾപ്പിരിവുകൾ—പൊളിറ്റിക്കൽ സറ്റയർ, സോഷ്യൽസറ്റയർ, തുടങ്ങിയവ) വിറ്റു് (Wit) പാരഡി (ഹാസ്യാനുകരണം) തുടങ്ങി ഈഷദീഷദ് വ്യത്യാസമുള്ള പല ശാഖകളും പുഷ്ടിപ്പെടേണ്ടതായിട്ടുണ്ടായിരുന്നു. സാഹിത്യപഞ്ചാനനൻ പി. കെ-യുടേയും, സാഹിത്യത്തിലും ഹാസ്യപ്രയോഗത്തിലും ഇ. വി. കൃഷ്ണപിള്ളക്കു് മാർഗ്ഗനിർദ്ദേശം നൽകിയ സഹൃദയ സാർവ്വഭൌമനായ സി. വി. യുടേയും ഫലിതപ്രയോഗങ്ങൾ പ്രൌഢങ്ങളായിരുന്നു. 'ബട്ലർ പപ്പൻ' തുടങ്ങിയ പ്രഹസനങ്ങളിലും, തന്റെ വിഖ്യാതങ്ങളായ ചരിത്രാഖ്യായികകളിലും സി. വി. സന്ദർഭാനുസാരം ഹൃദയംഗമമായ രീതിയിൽ ഫലിതങ്ങൾ പ്രയോഗിച്ചിട്ടുണ്ടു്. ആധുനിക ഫലിതസാഹിത്യത്തിന്റെ പ്രതിഷ്ഠാപകൻ തന്നെ അദ്ദേഹമായിരുന്നു എന്നു പറഞ്ഞാൽ അതൊരു അത്യുക്തി ആവുമെന്നു് തോന്നുന്നില്ല. ഇങ്ങനെ പ്രൌഢഫലിതത്തിൽ കേരളീയ സാഹിത്യം അന്നു തുടങ്ങി സമ്പുഷ്ടമായി വരികയാണു്.

സാരംകൊണ്ടും സാരസ്യംകൊണ്ടും മനോജ്ഞങ്ങളായ ഫലിതങ്ങൾ സന്ദർഭാനുസാരം പ്രയോഗിക്കുന്നതിനു് അപ്പൻ തമ്പുരാനുണ്ടായിരുന്ന കഴിവിനേയും നാം പ്രശംസിച്ചേ പറ്റൂ.

ഫലിതപ്രയോഗചതുരനായ ചന്തുമേനോനും നമ്മുടെ ഹാസസാഹിത്യത്തിനു് മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ടു്.

രസികശിരോമണിയായ വേങ്ങയിൽ കുഞ്ഞുരാമൻ നായരാണു് നമ്മുടെ സാഹിത്യത്തിലെ സരസഹാസ്യം (Light humour) വളർത്തിക്കൊണ്ടു വന്നിട്ടുള്ളതു്. സങ്കല്പമധുരങ്ങളും, മൃദുലമനോഹരങ്ങളുമായ, അദ്ദേഹത്തിന്റെ ഫലിതോപന്യാസങ്ങൾ നർമ്മബോധത്തോടെയാണെഴുതപ്പെട്ടിട്ടുള്ളതു്.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

അപഹാസനകുശലനായ സഞ്ജയനാണ് ആധുനികകേരളീയഫലിതസാഹിതത്തിൽ പ്രമുഖനും, പ്രധാനിയും. താത്കാലികമായ രസത്തിനു് വേണ്ടിയല്ല അദ്ദേഹം ഫലിതമെഴുതുന്നതു്. സഞ്ജയൻ പെട്ടെന്നു് നമ്മെ ചിരിപ്പിച്ചെന്നു് വരികയില്ല. പക്ഷേ വായിച്ചു കഴിഞ്ഞു് നമ്മുടെ മേധയും ഹൃദയവുമായി അല്പനേരത്തെ സംവാദം കഴിഞ്ഞാലുണ്ടാകുന്ന ചിരിയുണ്ടല്ലോ—അതു പിന്നെ നില്ക്കില്ല. അദ്ദേഹത്തിന്റെ വൈവിധ്യവും, വൈചിത്ര്യവും കലന്ന കൃതികളോരോന്നും ഫലിതത്തിന്റെ ഈടുററ സമാഹാരങ്ങളാണ്. പാരഡിയെ സംബന്ധിച്ചിടത്തോളം 'സീതാരാമൻ' ഏറെക്കുറെ അദ്ദേഹത്തോളമെത്താൻ ശ്രമിച്ചിട്ടുണ്ട് തന്റെ 'ഹാസ്യലഹരി'യിലൂടെയും മററും.

നായനാരെ അനുഗമിച്ചു് പുത്തേഴത്തു രാമൻമേനോൻ, സരസഫലിതോപന്യാസശാഖയെ ഏറെക്കുറെ പരിപോഷിപ്പിച്ചു വരുന്നുണ്ട്. അദ്ദേഹത്തിന്റെ 'എണ്ണക്കുടം' 'അട്ടത്തുൺ' തുടങ്ങിയ സമാഹാരങ്ങളും മററുപന്യാസങ്ങളും ഇക്കാര്യം തെളിയിക്കുന്നുണ്ട്.

ഇവരെയെല്ലാം സബഹുമാനം ആദരിച്ചുകൊണ്ടുതന്നെ പറയാം. ശ്രീ. ഈ. വി. കൃഷ്ണപിള്ളയാണ് കേരളീയ ഫലിതസാഹിത്യകാരന്മാരിൽ അഗ്രഗണ്യൻ എന്നു്. എന്തെന്നാൽ ഫലിതത്തിന്റെ ഉടലാന്ന രൂപമാണ് ഈ. വി. അദ്ദേഹത്തിന്റെ ഹാസ്യത്തിനുള്ള ഏററവും മികച്ച പ്രത്യേകത അതിന്റെ അക്ലിഷ്ടതയാണ്. ഉത്തമ ഹാസ്യത്തിന്റെ ജീവനാണ് അക്ലിഷ്ടത. എന്തെന്നു് അയത്നലളിതവും, സ്വാഭാവികവും ആയ രീതിയിലാണദ്ദേഹം പല പല ചിത്രങ്ങൾ നമ്മുടെ മുൻപിൽ അവതരിപ്പിക്കുന്നതു്! ക്ലേശാവഹമായ അന്വേഷണവും, അനുധാവനവും അദ്ദേഹത്തിനാവശ്യമില്ല. നാം സാധാരണങ്ങളെന്നു കരുതി അവഗണിക്കുന്ന വസ്തുക്കളിലും, സംഭവങ്ങളിലും അദ്ദേഹം വൈരൂപ്യം കാണുന്നു. സുന്ദരമായ രീതിയിൽ അകൃത്രിമമായ ശൈലിയിൽ അതു് അവതരിപ്പിക്കുകയും ചെയ്യുന്നു. നമ്മെ പൊട്ടിച്ചിരിപ്പിച്ചിട്ട് ആ രസഗോളങ്ങൾ നമ്മുടെ ഹൃദയസമക്ഷം ദയനീയതയുടെ നിവേദനവും കഴിഞ്ഞേ ചിന്താമണ്ഡലത്തിലേക്കു് പോകുന്നുള്ളു. അപ്രതിഹതമായ ആ അടിയൊഴുക്കു തടുത്തു നില്ക്കാൻ നമ്മുടെ യുക്തിക്കും കഴിയുന്നില്ല. അതിനു മുൻപേ മാസ്മരശക്തിയോടെ അതു് നമ്മെ കീഴ്പ്പെടുത്തിക്കഴിയുന്നു, ഈ. വി. യുടെ ഹാസ്യത്തിന്റെ മറെറാരു പ്രത്യേകത അതിലേക്കു് അദ്ദേഹം സ്വീകരിച്ച ഉപാധികളിലും രീതികളിലുമുള്ള അത്ഭുതാവഹമായ വൈവിധ്യമാണ്. ഹാസ്യവിപഞ്ചികയുടെ സകല കമ്പികളിലും അദ്ദേഹം വിരലോടിച്ചിട്ടുണ്ട്. ഹാസ്യത്തിന്റെ സകല രാഗവിശേഷങ്ങളും അദ്ദേഹം ആലപിച്ചിട്ടുണ്ട്" ഒരിടത്തു് അതു് സ്വഭാവനിഷ്ഠമാണെങ്കിൽ, വേറൊരിടത്തു് സന്ദർഭനിഷ്ഠമാണ്, ഇനിയുമൊരിടത്തു് ഭാഷാനിഷ്ഠമാണ്. സഹതാപജന്യവും, കരുണാസങ്കലിതവുമായ പരിഹാസംവരെയുള്ള സകലരസങ്ങളുടേയും ഹാസ്യരൂപഭേദങ്ങളും അദ്ദേഹം നമ്മെ അനുഭവിപ്പിച്ചിട്ടുണ്ട്. "ചിരിയും ചിന്തയും" മുതൽ "ജീവിതസ്മരണകൾ"

വരെയുള്ള കൃതികൾ ആ ത്രിലോകസഞ്ചാരിയുടെ അതുല്യവും, നിസ്സർഗ്ഗ സുന്ദരവുമായ ഫലിതബോധം സുതരാം വെളിപ്പെടുത്തിത്തരുന്നുണ്ട്.

തുടന്ന് ശ്രീ. എൻ. പി. ചെല്ലപ്പൻനായരും, എം. ഈ. കേശവപിള്ളയും, ഈ. എം. കോവൂരും മററും അദ്ദേഹത്തിൻെറ കാൽനഖേന്ദുമരീചികളെ അനുധാവനം ചെയ്തിട്ടുണ്ട്. കുറച്ചൊക്കെ വിജയിച്ചിട്ടുമുണ്ട്. പക്ഷേ മലയാളത്തിൽ ഈ. വി. സാഹിത്യത്തിന് ബദലായി ഈ. വി. സാഹിത്യം മാത്രമെ ഉള്ളൂ. അത്രക്ക് വൈവിധ്യം നിറഞ്ഞതാണ് ആ വ്യക്തിത്വം.

തൻെറ സാഹിത്യസപര്യയിൽ 'വൃദ്ധഹൌസി'നെ മാതൃകയാക്കിപ്പോരുന്ന പി. കെ. രാജരാജവർമ്മയുടെ പഞ്ചുമേനോനും, കുഞ്ചിയമ്മയും സഹൃദയന്മാർക്ക് ഈ അടുത്ത കാലത്തു് സുപരിചിതരായിട്ടുമുണ്ടല്ലോ.

ജീവിതമെനിക്കൊരു ചൂളയായിരുന്നപ്പോൾ
ഭുവിനാവെളിച്ചത്താൽ വെണ്മ തൊന്നുളവാക്കി.

ജി.

മുൾച്ചെടിക്കേ കഴിവൂ ജഗത്തിന
മുഗ്ദ്ധമായ പനീരലർ നൽകുവാൻ.

നാലാങ്കൽ.

# തിരശീലയ്ക്കുപിന്നിൽ
# അണിയറയ്ക്കുള്ളിൽ.

**P. T. Joseph—III U. C.**

പകൽ മങ്ങിക്കൊണ്ടിരുന്നു. കട്ടിക്കൂട്ടുന്ന ഇരുട്ടിൽ പേടിപ്പിക്കുന്ന മൂകത വ്യാപിച്ചു. കിഴക്കുനിന്നും അടിക്കുന്ന തണുത്തകാററിൽ കൂട്ടിമുട്ടുന്ന ഇലകളുടെ മർമ്മരശബ്ദം പിശാചുക്കളുടെ കാൽപെരുമാററംപോലെ ആ നിശ്ശബ്ദതയെ മുറിപ്പെടുത്തിക്കൊണ്ടിരുന്നു. മങ്ങിമങ്ങിക്കത്തുന്ന വിളക്കിൻെറ ദീപനാളത്തെ ഞെക്കിക്കൊല്ലുവാൻ ഉഗ്രമായ കാററിൻെറ തണുത്ത കൈകൾ ആഞ്ഞടുക്കുകയാണ്.

"മാലതീ……" നിശ്ശബ്ദത നിറഞ്ഞ വായുവിൽ ആ ക്ഷീണിച്ച ശബ്ദം നേരിയ അലകൾ സൃഷ്ടിച്ചു. പകുതിയടച്ച കതകിനപ്പുറം കരഞ്ഞുകൊണ്ടിരുന്ന മാലതി മുഖം തുടച്ച് ഓടിയെത്തി.

"എന്താമ്മേ……?" അവൾ സ്നേഹപൂർവ്വം അന്വേഷിച്ചു.

"ആ കതകൊന്നടയ്ക്കൂ മോളേ, എന്തൊരു കാററ്" തുറന്നുകിടന്ന ആ വാതിലിൽക്കൂടി മാലതി വെളിയിലേക്കു നോക്കി. ആർത്തുതുന്ന കാററിൽ ആടിയുലയുന്ന വൃക്ഷങ്ങളും കട്ടിപിടിച്ച ഇരുട്ടും, ഞെട്ടിപ്പിക്കുന്ന ഇടിമുഴക്കവും ….മാലതിയുടെ ജീവിതംപോലെ അത്ര ഭയങ്കരമായിരുന്നു അന്നത്തെ അന്തരീക്ഷം. അങ്ങകലെ അവൾക്കു കാണാമായിരുന്നു, കറുത്തിരുണ്ട ആ കരിമ്പടം തീക്കൊള്ളികൾ കുത്തിക്കീറുന്നത്. ക്ഷീണംകൊണ്ടു വിറയ്ക്കുന്ന കൊച്ചുകൈകൾ ആ മരക്കതക് വലിച്ചടച്ചു—ഉഗ്രമായി അലറുന്ന പ്രകൃതിയുടെ ആക്രമണത്തിനെതിരായി.

മങ്ങിയ വിളക്കിൻെറ നേരിയ പ്രകാശത്തിലൂടെ ത്യാഗത്തിൻെറ ഉഴവുചാലുകൾ. അമ്മയുടെ രക്തം വററിയ മുഖത്ത് അവ്യക്തമായി അവൾ കണ്ടു. മരം കോച്ചുന്ന തണുപ്പിൽ വിയർപ്പുതുള്ളികൾ മുഖത്തു സ്ഫുടിക്കുന്നുണ്ടായിരുന്നു. അസ്ഥിമാത്രമായ നെഞ്ച് അതിവേഗം ഉയരുകയും താഴുകയും ചെയ്യുന്നുണ്ടായിരുന്നു. ഓരോ ശ്വാസോച്ഛ്വാസവും ചലനവും അവൾ സൂക്ഷിച്ചു. അമ്മ അനുഭവിക്കുന്ന വേദന ചുക്കിച്ചുളിഞ്ഞ മുഖത്ത് അതേപടി കാണാമായിരുന്നു

ചുമ! ചുമ! അതിഭയങ്കരമായ പുമ! ചുമച്ചു ചുമച്ചു ചോരതുപ്പി.

മാലതിയുടെ കൊച്ചു ഹൃദയത്തിൽ ആയിരം വാൾ ഒന്നിച്ചു കുത്തിയിറക്കുന്ന പ്രതീതി. അവൾക്കു ഉറക്കെ കരയണമെന്നുതോന്നി. എങ്കിലും കരഞ്ഞില്ല. പ്രിയപ്പെട്ട അമ്മയുടെ മരണ വേദന. മാലതിക്കു സ്വയം പൊട്ടിത്തെറിച്ചു നശിയ്ക്കണമെന്നു തോന്നി. ആളിപ്പിടിക്കുന്ന ഹൃദയവേദന നി

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

യന്ത്രിച്ചുകൊണ്ടു് പതിഞ്ഞ ചുവടുവെപ്പോടെ മാലതി ആ കിടക്കയുടെ അടുത്തെത്തി, സാവധാനം വിയർപ്പു തുടച്ചു. ഭയങ്കരമായ പനിയുടെ ചൂടുകൊണ്ടു് അവളുടെ ഇളംകൈകൾ പൊള്ളിപ്പോയി.

ഇടറിയ കണ്ഠം ശരിയാക്കിയിട്ടു് മാലതി വിളിച്ചു:—

"അമ്മേ!" ദുർബ്ബലങ്ങളായ കൺപോളകൾ മെല്ലെ ഉയന്നു. ദുഃഖപൂർണ്ണമായ ആ കണ്ണുകൾ നിസ്സഹായതയിൽനിന്നും ആശയുടെ അഭയസ്ഥാനത്തിൽ ചെന്നുപതിച്ചു.

ഞെട്ടററ കൊടുങ്കാററിൽ പറന്നുപോകുന്ന രണ്ടു് ഇലകൾഒന്നിച്ചുചേന്നു—അന്യോന്യം ആലംബമായി. ശോകമുദ്ര പതിച്ച ചില നിമിഷങ്ങൾ ഇഴഞ്ഞു നീങ്ങി. മാലതി അറിഞ്ഞില്ല, അവളുടെ കണ്ണുനീർ അമ്മയുടെ പൊള്ളുന്ന കവിളുകളെ നനയ്ക്കുന്നുണ്ടെന്നു്. ആ കണ്ണുനീർപ്രവാഹത്തിൽ മാതൃഹൃദയം അലിഞ്ഞൊഴുകിപ്പോയിരിക്കും. കിടക്കയിൽ ഇരിക്കുവാൻ ആ രോഗിണി ആംഗ്യം കാണിച്ചു. മകൾ മൂകമായി അനുസരിച്ചു. അമ്മ കൈ ഉയത്തി അവളുടെ കപോലത്തിൽ മെല്ലെതടവി. മററെ കൈകൊണ്ടു മാലതിയുടെ കൈയിൽ ബലമായി പിടിച്ചു. മാലതി കുഞ്ഞായിരുന്നപ്പോൾ ആ കൈകൾ അവളെ പിടിച്ചിട്ടുണ്ടു്—മറിഞ്ഞു വീഴാതെ. അന്നത്തെ ബലമുള്ള കൈകൾ ഇന്നു തളന്നു് ശോഷിച്ച അവസ്ഥയിൽ അവളുടെ നേരെ നീട്ടിയിരിക്കുന്നു. കാലത്തിൻെറ കടുംകൈ.

"കരയാതിരിക്കു കുഞ്ഞേ..." വളരെ വിഷമിച്ചായിരുന്നു ഉണങ്ങിയ തൊണ്ടയിൽനിന്നും ആ ശബ്ദം പുറത്തു വന്നതു്. മാലതിക്കു് ഒന്നും പറയുവാൻ കഴിഞ്ഞില്ല. ഉണങ്ങിയ നാവു വീണ്ടും ചലിച്ചു:—"ശശി ഉറങ്ങിയോ?

മാലതി ഒന്നു മൂളി.

"അവൻ വല്ലോം കഴിച്ചോ? "

മാലതി വീണ്ടും മൂളി.

"ഇവിടെ ഒന്നുമില്ലായിരുന്നല്ലോമോളേ"

"അവനു കിഴങ്ങു വലിയ ഇഷ്ടമാണമ്മേ ഞാൻ രണ്ടു കിഴങ്ങു ചുട്ടു കൊടുത്തു"

"നീ........?

"ഞാൻ കഴിച്ചോളാം"

അമ്മ നെടുതായൊന്നു നിശ്വസിച്ചു. തകന്ന ഹൃദത്തിൻെറ ചൂടുള്ള സന്ദേശങ്ങൾ!!

"നിനക്കെന്തൊരു ബുദ്ധിമുട്ടാണു്. ദൈവമേ..."

"ഒന്നുമില്ലമ്മെ. അമ്മ ഈ മരുന്നു് ഒന്നു കുടിച്ചേ"

മാലതി മരുന്നു പകന്നു കൊടുത്തു.

"അപ്പോത്തിക്കിരി എന്തോ പറഞ്ഞു മോളേ"

"നാളേ മുതൽ ഒരു മരുന്നു മുപ്പതു പ്രാവശ്യം മുടങ്ങാതെ കുത്തിവയ്ക്കണമെന്നു പറഞ്ഞു"

"മുപ്പതു പ്രാവശ്യമോ? അയ്യോ! അതിനു നമുക്കു വശമുണ്ടോ? എത്ര രൂപയാകും മോളെ?"

"90 രൂപയൊള്ളമ്മെ. അതുസാരമില്ല."

"എനിക്കിനി മരുന്നും ഒന്നും വേണ്ടാ മോളേ. ഞാൻ......അവർ ആ വാചകം മുഴുപ്പിച്ചില്ല.

"ഇന്നു് ഒരു ഡാൻസിനു വിളിച്ചിട്ടുണ്ടു് നാളെ മരുന്നു മേടിക്കാം.

അസ്തമിച്ച ആശ പിടിച്ചു നിത്തുവാൻ മാലതി ശ്രമിക്കുകയായിരുന്നു.

"മകളെ നിൻെറ കൈക്കു് എന്തൊരു ചൂടു്. നന്നെ പനിക്കുന്നുണ്ടല്ലോ"

മാലതിയുടെ നെററിയിലും നെഞ്ചത്തും ഒക്കെ തൊട്ടുനോക്കി. മാലതിയുടെ ദേഹത്തു വല്ലാത്തചൂട്.

"നീയിന്നു് എങ്ങും പോകണ്ടാ"

"ഞാൻ ചെല്ലാമെന്നു പറഞ്ഞുപോയി. പണം വേണ്ടേ" വീണ്ടും ചുമയ്ക്കുന്നു.

മാലതിയേയും ശശിയേയും പുലത്തുന്നതിനുവേണ്ടി രാപകൽ ബുദ്ധിമുട്ടി ഭയങ്കരമായ രോഗത്തിൽ ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരിക്കുന്ന അമ്മയുടെ ഹൃദയം വിങ്ങിമുട്ടി. ആ കണ്ണുകൾ ഒന്നുകൂടി വികസിച്ചു. നെഞ്ചു തിരമാലപോലെ ഉയരുകയും താഴുകയും ചെയ്തു. അണയാൻ പോകുന്ന ദീപത്തിൻെറ ആളിക്കത്തൽ!

"നിൻെറ അച്ഛനുണ്ടായിരുന്നെങ്കിൽ ........"

മാലതിയുടെ കൈ മുറുകെ പിടിച്ചുകൊണ്ടു് അമ്മ പറഞ്ഞു. വികാരനിർഭരമായ നൂറു നൂറു കഥകൾ പറയുവാനുള്ള വെമ്പൽ ആ കണ്ണുകളിൽ തിളങ്ങി.

*　*　*　*　*

മാലതിയുടെ അച്ഛനുണ്ടായിരുന്നെങ്കിൽ!

അന്നു് അവൾക്കു നാലു വയസ്സു കഴിച്ചു കാണും. പൂമ്പാററയേയും അമ്പിളി അമ്മാവനേയും അന്വേഷിച്ചു നടക്കുന്ന ബാല്യാരാമത്തിലെ വസന്തോത്സവം; ആരേയും കൂസാത്ത ഒരു കൊച്ചു കുസൃതികുട്ടക്ക; ശശി അന്നു മുല കുടിക്കുന്ന കൊച്ചു കുഞ്ഞാണു്. അച്ഛൻ അടുത്തുള്ള ഫാക്ടറിയിൽ എന്നും ജോലിക്കുപോകും. സന്ധ്യയാകുമ്പോൾ എന്നും തിരിച്ചു വരും, മാലതിക്കും ശശിക്കും ഇഷ്ടപ്പെട്ട കൊച്ചു കൊച്ചു സമ്മാനങ്ങളുമായി. ജീവിതമണലാരണ്യത്തിൽ ആശയാകുന്ന മരീചികയുടെ പിന്നാലെ പാഞ്ഞു നടക്കുന്ന ആ മനുഷ്യൻെറ നിർമ്മലസ്നേഹനിർഝരിയാണു് ശശിയും മാലതിയും അവരുടെ അമ്മയും കൂടിയുള്ള ആ കുടുംബം.

അന്നു് ഒരു ഇംഗ്ലീഷ്മാസം 15-ാംനുആയിരുന്നു. പതിവിലധികം കഴിഞ്ഞിട്ടും ഫാക്ടറിയിൽനിന്നും അയാൾമടങ്ങിവന്നില്ല. കാത്തു കാത്തു കണ്ണുകഴച്ചു. ഒടുവിൽ അച്ഛൻെറ സ്നേഹിതന്മാർ ആരെയോ താങ്ങിയെടുത്തു് അവരുടെ മുമ്പിൽ കൊണ്ടുവച്ചു. അതു് അവരുടെ അച്ഛൻെറ മൃതശരീരമായിരുന്നു. എന്തൊരു അത്യാഹിതം! അതിവേഗത്തിൽ ചലിക്കുന്ന യന്ത്രത്തിൻെറ ഇടയിൽ പണിയെടുത്തിരുന്ന ആ ജോലിക്കാരൻ ആ വൈദ്യുതക്കമ്പിയിൽ ഒന്നു തൊട്ടുപോയി. അങ്ങനെ അയാൾ ഇഹലോകവാസം വെടിഞ്ഞു. ചോര കട്ടി പിടിച്ചുപോയ ആ ശരീരംപുറത്തുതള്ളപ്പെട്ടു. അതിൻെറ ഉടമസ്ഥന്മാർക്കു കൊണ്ടുപോകുന്നതിനുള്ള അവകാശം നിഷേധിക്കപ്പെട്ടിരുന്നില്ല. അതിൻെറ ശരിയായ അവകാശികൾക്കു് അയാളുടെ ഒരുമാസത്തെ ശമ്പളം തികച്ചു കൊടുക്കുവാനും ആ ഫാക്ടറി ഉടമസ്ഥനു സമ്മതമായിരുന്നു. അമ്മ വാവിട്ടു കരഞ്ഞു. മാലതിയും കരഞ്ഞുകാണും. അവൾക്കൊന്നും ശരിക്കു മനസ്സിലായില്ല. അച്ഛൻ അനങ്ങാതെ കിടക്കുന്നു. പകുതി തുറന്ന വായും കണ്ണുകളും. പതിവുപോലെ അന്നു മാലതിയെ അരികെ വിളിച്ചു കഥകൾ പറഞ്ഞില്ല. ശശിയെ വാരിക്കോരി തോളിൽ എടുത്തില്ല. നിശ്ചേഷ്ടമായി അങ്ങനെ കിടക്കുകയായിരുന്നു—അവ്യക്തമായ ചില ഓർമ്മകൾ മാലതിയുടെ പുകയുന്ന മസ്തിഷ്കത്തിൽക്കൂടി അതിവേഗം പാഞ്ഞുകൊണ്ടിരുന്നു—ഹൃദയത്തിൽ വേദനയുടെ പോറലുകൾ സൃഷ്ടിച്ചുകൊണ്ടു് അച്ഛൻെറ ശവപ്പെട്ടിയിൽ അവ

സാനത്തെ ആണി തറച്ചുകഴിഞ്ഞു. അതിൽ പിന്നീട് അവൾ അച്ഛനെ കണ്ടിട്ടില്ല. വിഷാദാത്മകമായ ദിവസങ്ങൾ, ആഴ്ചകളും മാസങ്ങളും വർഷങ്ങളും സൃഷ്ടിച്ചു. ജീവിതാവശ്യങ്ങൾ ആ കുടുംബത്തെ അലട്ടിക്കൊണ്ടിരുന്നു. പ്രക്ഷുബ്ധമായ സമുദ്രത്തിലെ ഇരമ്പിമറിയുന്ന തിരമാലകളിൽ അകപ്പെട്ട് ആ കൊച്ചുവഞ്ചി തകരയാറായി. അബലയായ ഒരു സ്ത്രീയുടെ കൈയ്കൾ ആ വഞ്ചിയുടെ ഗതിയെ നിയന്ത്രിച്ചുകൊണ്ടിരുന്നു. പണക്കാരിയായ ഒരു ക്ഷയരോഗിയെ ശുശ്രൂഷിക്കുവാൻ അമ്മ രാപകൽ ബുദ്ധിമുട്ടി. ഉറങ്ങാതെയും വിശ്രമിക്കാതെയും കഫവും മലവും മാററി ശുചിയാക്കുന്ന ജോലി ആത്മാർത്ഥമായി അവർ ചെയ്തു. മാസം 15 രൂപാ ശമ്പളത്തിന്. ഓമനക്കുഞ്ഞുങ്ങളെ പോററാൻ. അങ്ങനെ ഭയങ്കരമായ രോഗത്തിൻെറ മാരകമായ അണുക്കൾ അവരിലും കടന്നു. അങ്ങനെ ചുമച്ചുചുമച്ച് അ സ്നേഹത്തിൻെറ കാതൽ അവശയായി. ആ സിരകളിലെ രക്തം വററിപ്പോയി. നൈസർഗ്ഗികമായി മൊട്ടിട്ടു തുടങ്ങിയിരുന്ന വാസനകളെ വികസിപ്പിക്കുവാൻ പരിമിതമായ അവരുടെ വരുമാനത്തിൽ ഒരുഭാഗം ചിലവഴിക്കപ്പെട്ടിരുന്നു.

ഭൂമി 12 പ്രാവശ്യം സൂര്യനെ പ്രദിക്ഷണം ചെയ്തു. അമ്മയുടെ ശക്തി മുഴവൻ ക്ഷയിച്ചുകഴിഞ്ഞിരുന്നു. ആ കുടുംബത്തിൻെറ ഭാരം കൗമാരത്തിൽനിന്നും യൗവ്വനത്തിലേക്കാഞ്ഞ മാലതിയുടെ തോളിൽ വീണു. വിദൂരതയിൽ ഒരു നക്ഷത്രം മിന്നിത്തിളങ്ങി. കടമ അവളെ ഉണർത്തി. യൗവ്വനത്തിൻെറ മാദകത്വം മൊട്ടിട്ടു; പ്രവണതകൾ വികസിച്ചു പരിപുഷ്ടമായി; അങ്ങനെ കർത്തവ്യത്തിൻെറ വിളി മാലതിയെ ഒരു നർത്തകിയാക്കി.

* * * * * *

കനത്ത കാർമേഘപടലം കെട്ടു കാകോളമായ ആകാശത്തിലെ കൊള്ളി മീനുകൾ പോലെ ശിഥിലമായ ചിന്തകൾക്ക് അവൾ അധീനയായി. പടിപ്പുരയിൽ വന്നു നിന്ന കാറിൻെറ ഹോറൻ പറക്കുന്ന ചിന്തയുടെ കടിഞ്ഞാണിട്ട് മാലതി പിടഞ്ഞെണീററു. അമ്മയുടെ പിടി പെട്ടെന്നു വിട്ടു. സ്വപ്നലോകത്തിലെന്നവണ്ണം അവളുടെ കാലടികൾ നീങ്ങി. കനമുള്ള ചങ്ങലകൾ കാലിൽ തൂങ്ങുന്നതുപോലെ ഒരസ്വാസ്ഥ്യത. നീറുന്ന ജീവിതാവശ്യങ്ങൾ അപ്പോൾ അവളെ മുന്നോട്ടു വലിച്ചു. ആ വലി കൂടുതൽ ശക്തിയുള്ളതായിരുന്നു. അമ്മയ്ക്കെല്ലാം മനസ്സിലായി.

"പോ കെണ്ടാ മകളെ"

മാലതി തിരിഞ്ഞുനിന്നു. അമ്മയുടെ കണ്ണുകൾ നനഞ്ഞിരുന്നു. ആ ഹൃദയത്തോടു പററിച്ചേർന്നു കെട്ടിപ്പിടിച്ചു കിടക്കുവാൻ അവൾ ആഞ്ഞു. ഹോറൻ ഒന്നു വീണ്ടും മുഴങ്ങി.—കാലൻെറ കാഹളം പോലെ.........എങ്ങനെയോ അവൾ കാറിനകത്തായി. ആ വാഹനം ഇരമ്പിപ്പാഞ്ഞു—അസ്തപ്രാണയായ മാതാവിനെ പറിച്ചെറിഞ്ഞിട്ട്.

* * * * * *

"അബ് മേരാ കോൻ സഹാരാ..."

റയിൽവേസ്റ്റേഷൻെറ മുൻപിലുള്ള നാടകശാലയിൽനിന്നും ശോകനിർഭരമായ ഒരു ഹിന്ദിഗാനം മുഴങ്ങിക്കൊണ്ടിരുന്നു. മിസ് മാലതിയുടെ വർണ്ണചിത്രം പതിച്ച ഒരു കാളവണ്ടി വാദ്യമേളങ്ങളോടുകൂടി ആ നിരത്തിൽക്കൂടി മുന്നോട്ടു നീങ്ങുന്ന

ണ്ട്. തെരുവുപിള്ളേർ ഓടിക്കൂടി നിരത്തിൽ നിരന്നുകിടന്ന നോട്ടീസിനു കടിപിടിയായി. അത്ഭുതപൂർവ്വമായ ഒരുചൈതന്യമുണ്ട് ആ പരിസരത്തിനു്. വൈദ്യുതദീപങ്ങളുടെ കൃത്രിമപ്രഭ രാത്രി പകലാക്കി.

നാടകശാല നിറഞ്ഞുകഴിഞ്ഞു. വലിയ വിലകൊടുത്തു വാങ്ങിയ ടിക്കററിന്റെ മുതലെടുക്കുവാൻ—അങ്ങേയററം ആസ്വദിക്കുവാൻ—മുൻനിരയിൽ സ്ഥാനംപിടിച്ച യുവപ്രഭുക്കന്മാർ—സുന്ദരസ്വപ്നങ്ങളുടെ കലവറയുമായി ജീവിതാരാമത്തിലെ പനിനീർ പൂവിറുക്കുവാൻ വെമ്പൽകൊള്ളുന്ന കാളേജുകുമാരന്മാർ — ഇങ്ങനെ പോകുന്നു നിന്നിമേഷരായ ആ പ്രേക്ഷകരുടെ പട്ടിക.

അണിയറയിൽ മാലതിയെ അണിഞ്ഞൊരുക്കുകയാണ്. തിളങ്ങുന്ന വസ്ത്രങ്ങൾ ഉടുപ്പിച്ചു്—പോരാ—സെക്സ് അപ്പീലുണ്ടാക്കണം. അകൃത്രിമസുന്ദരമായ അവളുടെ പൂമേനിയിൽ മേക്കപ്പുകാരൻ എന്തൊക്കെയോ കാട്ടിക്കൂട്ടി. പൗഡറിട്ടു, കണ്ണെഴുതി, ലിപ്സ്റ്റിക്കിട്ടു. അങ്ങനെ അങ്ങനെ ശാസ്ത്രീയമായി പലതും. മാലതി ഒരപരാധിയെപ്പോലെ ഇരുന്നുകൊടുത്തു. അവളുടെ തലയിൽ കൊടുങ്കാററുതുകയാണ്. ഭയങ്കരമായ പനി. തലയോട്ടി തല്ലിപ്പൊളിക്കുന്ന തലവേദന, അമ്മയെ ഓർത്തു് നീറിപുകയുന്ന ഹൃദയം, ചായത്തിന്റെ ചുവപ്പുനിറത്തിൽ മുഖത്തെ ഭാവപ്പകർച്ച വ്യക്തമായില്ല. പട്ടിണികൊണ്ടു ശുഷ്കിച്ച രക്തധമനികൾ ത്രസിച്ചു. സദസ്യർ അക്ഷമരായി. അപശബ്ദങ്ങളും ചില കൂക്കുവിളികളും അങ്ങിങ്ങായി ഉയർന്നുതുടങ്ങി .ഫണമുയർത്തിയാടുന്ന സാമൂഹ്യസർപ്പങ്ങളുടെ മാരകീയമായ ചീററലുകൾ!

മേക്കപ്പുകാരൻ ഫിനിഷിംഗ് ടച്ചുചെയ്തു കഴിഞ്ഞു. എല്ലാം ഭംഗിയായി. നാടകവേദിയുടെ ചുവട്ടിലുള്ള വിവിധവർണ്ണ വൈദ്യുതദീപങ്ങൾ തെളിഞ്ഞു. കരയിപ്പിക്കുന്ന കഥകൾ—കണ്ണുനീരിലും വേദനയിലും കുഴച്ചു അനുഭൂതികൾ—ഞെട്ടിപ്പിക്കുന്ന യഥാർത്ഥ്യങ്ങൾ, അവയുടെ മുന്നിൽ മറവിയുടെ യവനികയിടുവാൻ മാലതി ബദ്ധപ്പെടുകയാണ്.

കർർർ...

കർട്ടൻ ഉയർന്നുകഴിഞ്ഞു. പ്രേക്ഷകർ ഹസ്തതാഡനംകൊണ്ടു് അവളെ സ്വാഗതം ചെയ്തു. ആ മാരകമായ ശബ്ദം ആ നാടകശാലയുടെ ഭിത്തികളെ ഭേദിപ്പിച്ചില്ലായിരിക്കാം. മാലതിയുടെ ഹൃദയഭിത്തികൾ തകർന്നു തരിപ്പണമായി. അഴകുള്ള കൈകൾ കൂപ്പി അവൾ സദസ്യരെ അഭിവാദനം ചെയ്തു. പഠിച്ചിരുന്ന വിദ്യയുടെ അരങ്ങേററം മാലതി ആരംഭിച്ചു. മലനാട്ടിൽ അലതല്ലുന്ന അരുവിയുടെ കരയിലെ മന്ദസമീരനിൽ ഇളകിയാടുന്ന കാട്ടുപൂവുപോലെ പ്രേക്ഷകർ ആനന്ദിക്കുകയാണ്. മാലതിയുടെ ഹൃദയം ഉഴറി. കൈകാലുകൾ വിദഗ്ദ്ധമായി ചലിച്ചുകൊണ്ടിരുന്നു—വെറും യാന്ത്രികമായി.

നൃത്തം സജീവമായി നടക്കുന്നുണ്ട്—താളം മുറുകി—നർത്തകിയുടെ ചലനവേഗവും മെയ്‌വഴക്കവും അതിനൊപ്പം ത്വരിച്ചു.

ബലേഭേഷ്.!

പ്രേക്ഷകർ അഭിനന്ദിച്ചു. അവർ കണ്ടില്ല—ആ നർത്തകിയുടെ ലോലമായ ഹൃദയത്തിൽ തറയ്ക്കുന്ന ക്രൂരമ്പുകൾ!

കർട്ടൻ വീണു. തളർന്നു വാടിയ ലതപോലെ അവൾ വീണുപോയി. പനിയുടെ ചൂടു് ബുദ്ധി മന്ദിപ്പിച്ചു.

നൃത്തം പൊടിപൊടിച്ചു. നാടകക്കമ്പനിക്കാർ പണം വാരിക്കൂട്ടി—ആയിരക്കണക്കിന്. പണം മുടക്കി കെട്ടിടം പണിയിച്ചതും വൈദ്യുതവിളക്കുകൾ ഘടിപ്പിച്ചതും, നോട്ടീസടിച്ചു പറപ്പിച്ചതും എല്ലാം അവരാണ്. 100 രൂപാ അന്നത്തെ നൃത്തത്തിനു പ്രതിഫലമായി ആ നല്ല മാനേജർ മാലതിയുടെ വിറയ്ക്കുന്ന കൈകളിൽ അർപ്പിച്ചു. മാലതിയ്ക്കതു വിലതീരാത്ത പാരിതോഷികമായിരുന്നു. ആശകൾ ചിറകു വിരിച്ച് ലക്ഷ്യത്തിൽ പറന്നെത്തുന്നതു് അവൾ കണ്ടു. അമ്മയ്ക്കു മരുന്ന്, കൊച്ചനുജന് ഉടുപ്പ്, ഇടങ്ങഴി നല്ലപൊടിയരി, ചേരുന്നങ്ങാ ഇങ്ങനെ ബഡ്ജററു തയാറാക്കിയതിനിടയിൽ കാറ് വീട്ടുനടയിലെത്തി.

ആവേശത്തോടുകൂടി മാലതി ഓടി—ചാരിയിരുന്ന കതകു തുറന്ന് അകത്തു കടന്നു വിളക്കു തെളിച്ചു. അമ്മയെ വിളിച്ചുണർത്തേണ്ട, സുഖമായിട്ടുറങ്ങുകയാണ്—അവൾ വിചാരിച്ചു.

മണി മൂന്നു പ്രാവശ്യം മുഴങ്ങി.

അകലെ കുന്നിൻപുറത്തു് കൊട്ടാരകാവൽക്കാർക്കുള്ള മുന്നറിയിപ്പ്.

മാലതി മെല്ലെ അടുത്തു ചെന്ന് പതിഞ്ഞ കാൽവെയ്പോടെ അമ്മയുടെ നെററിയിൽ മെല്ലെ കൈ വച്ചു. വല്ലാത്ത തണുപ്പ്. നാഡി പരിശോധിച്ചു. നിശ്ചലം!

തിളച്ചു പുകയുന്ന അഗ്നിപർവ്വതംപോലെ മാലതിയുടെ ഹൃദയം പൊട്ടിത്തെറിച്ചു തകരുവാൻ തുടങ്ങുകയാണ്. ഹാ! അവൾക്കൊന്നു കരയാൻ കഴിഞ്ഞിരുന്നെങ്കിൽ!

മാലതിയുടെ ജീവിതസർവ്വസ്വമായ അമ്മയുടെ ശരീരത്തിൻെറഅവസാനത്തെ സ്പന്ദനവും നിലച്ചു. ജീവിതഭാരത്തെ വലിച്ചെറിഞ്ഞിട്ട് ആ സ്നേഹത്തിൻെറ അവതാരം പരമസ്വാതന്ത്ര്യ സന്നിധാനത്തിലേയ്ക്കു പറന്നു പൊയ്ക്കഴിഞ്ഞു. ഇങ്ങിനി വരാതവണ്ണം നോക്കെത്താത്ത മണലാരണ്യംപോലെ ജീവിതം ഇനിയും നീണ്ടുകിടക്കുകയാണ് മാലതിയ്ക്കും ശശിക്കും. ഉത്തരം കിട്ടാത്ത ഈവക ചോദ്യങ്ങൾ ഉയർന്നു ആ കൊച്ചു ജീവിതങ്ങളുടെ മുൻപിൽ. എത്തും പിടിയുമില്ലാത്ത അനന്തശക്തിയുടെ ശീതളഛായയിൽ ആ ഇളം തരുക്കൾ വാടാതെ വളരുമോ എന്തോ?

ശോകാത്മകമായ ആ രംഗത്തിനു സാക്ഷ്യം വഹിക്കുവാൻ മേഘങ്ങളുടെ ഇടയിൽനിന്നും ചന്ദ്രൻ പുറത്തുവന്നു. വിദൂരതയിൽ ചില നക്ഷത്രങ്ങൾ മിന്നിത്തിളങ്ങാനും തുടങ്ങി.

# ഇലയുടെ ആത്മകഥ.

*P. Solomon—II U. C.*

പ്രായംചെന്ന ആളുകളിൽനിന്നു നിങ്ങൾ പലതും പ്രതീക്ഷിക്കുന്നുണ്ട്. അതുപോലെ, നിസ്സാരനായ എന്നിൽനിന്നും ചിലതു പ്രതീക്ഷിക്കുന്നുണ്ടാവാം.

ഞാൻ ഇന്നൊരു കിഴവനാണ്. എന്റെ സ്വതസ്സിദ്ധമായ ആകർഷണശക്തി എന്നിൽ നിന്നു വേർപെട്ടിരിക്കുന്നു. ഹൃദയം കവരുന്ന പച്ചനിറം എന്നിൽനിന്നു എന്നന്നേയ്ക്കും ഓടി മറഞ്ഞിരിക്കുന്നു. നിസ്സാരനാണെങ്കിലും എനിക്ക് ഒരുകാലത്തു ചില ഗുണങ്ങളുണ്ടായിരുന്നു. എന്റെ ബാല്യവും, യൗവനവും എന്നെ ഉപേക്ഷിച്ചിരിക്കുന്നതിനാൽ ഞാൻ ഇന്നു നിസ്സഹായനാണ്. എനിക്ക് ആരെയും, എന്നെ ആർക്കും ഇന്നു സഹായിക്കുവാൻ കഴിവില്ല. എങ്കിലും എനിക്കു നിങ്ങളോടു രണ്ടു വാക്കു പറയുവാനുണ്ട്. ശരീരം ബലഹീനമാകയാൽ പറയുവാനുള്ളതു പൂർണ്ണരൂപത്തിൽ എനിക്കു നിങ്ങളെ ഗ്രഹിപ്പിക്കുവാൻ കഴിയുമോ എന്നു സംശയമാണ്. എന്റെ നാവു വരളുകയും ശരീരം വിറയ്ക്കുകയും ചെയ്യുന്നു. എന്റെ അന്ത്യം അടുക്കാറായി. ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഞാൻ തഴെ വീണു മണ്ണിൽ ലയിക്കും. അതിനു മുൻപ് എന്റെ കഥ ഞാൻ നിങ്ങളെ കേൾപ്പിക്കാം; അടുത്തിരുന്നു ശ്രവിച്ചാലും.

ഞാൻ ആദ്യമായി ഈ ലോകം കണ്ടതു് ഒരു തളിരിന്റെ രൂപത്തിലാണ്. അന്ന് എന്റെ നിറം ഇളംഹരിതമായിരുന്നു. ആരുടേയും മനം മയക്കുവാൻ പറ്റിയതായിരുന്നു അതു്. മൃദുലകോമളമായ എന്റെ ശരീരത്തെ പലതിനോടും ഉപമിച്ച പല കവികളും ബഹുമതിയാർജ്ജിച്ചിട്ടുണ്ട്. എങ്കിലും ഞാൻ ഇന്നു വിസ്മൃതനാണ്. എന്റെ വംശത്തിൽപ്പെട്ട പല ജാതി സഹോദരന്മാരും പല പ്രകാരത്തിൽ പ്രസിദ്ധി നേടിയവരാണ്. എന്റെ വംശജാതന്മാരില്ലായിരുന്നുവെങ്കിൽ ആയുർവേദ വൈദ്യന്മാർ ഈ ഭൂമിയിൽ ഉദയം ചെയ്യുമായിരുന്നില്ല. മനുഷ്യവർഗ്ഗത്തിന്റെ മുഖ്യമായ ആഹാരപദാർത്ഥങ്ങൾക്കു കാരണഭൂതർ ഞങ്ങളാണെന്നു് ആരെങ്കിലും ഓർക്കുന്നുണ്ടോ? സസ്യശാസ്ത്രം പഠിക്കുന്ന വല്ലവരും ജീവിതവൃത്തിക്കുവേണ്ടി പക്ഷെ ഓർമ്മിക്കുന്നുണ്ടാവാം, ഞങ്ങളുടെ ശീതളച്ഛായയിൽ സ്വർഗ്ഗീയസുഖമനുഭവിക്കാത്ത വഴിയാത്രക്കാർ എത്രപേർ കാണും? അവരും ഇന്നു ഞങ്ങളെ സ്മരിക്കുന്നുണ്ടോ എന്നു സംശയമാണ്.

ജീവിതാരംഭത്തിൽ അപ്പൂപ്പന്മാരായ വാടിയ ഇലകളോട് എനിക്കു അവജ്ഞ തോന്നിയിരുന്നു. റോസാ ചെടിയിലാണു ഞാൻ ജനിച്ചതു്. അതിലെ മോഹനകുസുമങ്ങളും, പട്ടുപോലെ മൃദുലങ്ങളായ തളിരുകളും ഇരുണ്ട കേശഭാരമലങ്കരിക്കാത്ത തരുണീരത്നങ്ങൾ അന്ന് ആരുമുണ്ടാ

യിരുന്നില്ല. എന്നാൽ അക്കൂട്ടത്തിൽ മഞ്ഞ നിറത്തിലുള്ള ഒരു വയസ്സനെ കണ്ടാൽ അവനെ അവരും ഉപേക്ഷിക്കുകയായിരുന്നു പതിവ്. അതിനാൽ ആ പഴുത്ത ഇലകളെ ഞാനും വെറുത്തതിൽ എന്താണു തെററ്. പക്ഷെ ഒരു കാലത്ത്, അവയും എന്നെപ്പോലെ തളിരുകളായി ശോഭിച്ചിരുന്നു എന്നു ഞാൻ അറിയാത്തതാണ് അത്ഭുതം.

കാലം കുറെ കഴിഞ്ഞു. ഞാൻ ബലവാനും, കടുത്ത നിറമുള്ളവനുമായ ഒരു യുവാവായി രൂപാന്തരപ്പെട്ടു. അപ്പോഴാണ് കർത്തവ്യബോധം എന്നിൽ ഉദയം ചെയ്തതു്. വിഷമമേറിയവയായിരുന്നു അന്നത്തെ എന്റെ ജോലികളെല്ലാം. ശ്രമസാദ്ധ്യങ്ങളായ അവയിൽ സദാ വ്യാപൃതനായിരുന്ന ഞാൻ ബലഹീനങ്ങളായ തളിരുകളേയും, ഭംഗി നശിച്ച വാടിയ ഇലകളേയും അന്നു പുച്ഛഭാവത്തോടെയാണു വീക്ഷിച്ചതു്. കഷ്ടം! കാലചക്രത്തിന്റെ തിരിച്ചിലിൽ എന്റെ യുവത്വവും നഷ്ടമായി. ഓജസ്സും തേജസ്സും എന്നെയും വേർപിരിഞ്ഞു. അപ്പോഴാണ് വസന്തത്തിനു് ഒരു വർഷവും, പകലിനു് ഒരു രാത്രിയും ഉണ്ടെന്നു് എനിക്കു മനസ്സിലായതു്. സൗന്ദര്യവും ബലവും മറഞ്ഞതോടുകൂടി എന്റെ അഹംകാരവും നശിച്ചു. ഇന്നത്തെ തളിരുകൾ എന്നെ നോക്കി പരിഹാസഭാവത്തിൽ പുഞ്ചിരിപൊഴിക്കുന്നു. എന്നെപ്പോലെ ഒരു ഭാവി അവർക്കും ഉണ്ടെന്നു് അവർ എങ്ങനെ അറിയും? ഇതാണു ലോകജീവിതം.

ഇത്രമാത്രമേ എനിക്കു നിങ്ങളോടു പറയുവാനുള്ളു. ക്ഷമയോടെ എന്റെ ചരിത്രം ശ്രവിച്ച നിങ്ങൾക്കു് എന്റെ ഉള്ളഴിഞ്ഞ കൃതജ്ഞത. ഐശ്വര്യത്തിൽ അഹംകരിക്കാതെ, ഉപകാരത്തിനു പ്രതിഫലം ഇച്ഛിക്കാതെ ജീവിതം ധന്യമാക്കിത്തീർക്കുവാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. അതാ നോക്കുക, ആ വരുന്ന കാററു് എന്നെ താഴെ തള്ളിയിട്ടു എന്നു വരാം. അത്രയ്ക്കു് അസ്ഥിരമാണു് ഈ ജീവിതം. നിങ്ങൾക്കു നമസ്കാരം.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

പേരാർന്നപേനതൻതുമ്പിനാലൂഴിയെ
നൂറാണ്ടുദൂരംപുരോഗമിപ്പിക്കുവാൻ
ഒററനിമിഷമേ വേണ്ടൂ, നിനക്കു ഹാ!
സത്യതേജസ്സിന്റെ സത്യസന്താനമേ!

അപ്പൻ

# മാർ ഇവാനിയോസ് കാളേജ് മലയാളസമാജം.

## 1952–1953–ലെ റിപ്പോർട്ട്.

നിറഞ്ഞ പ്രതീക്ഷകളോടും, കവിഞ്ഞ ഉത്സാഹത്തോടും കൂടിയാണ് ഇത്തവണത്തെ മലയാളസമാജത്തിന്റെ പ്രവൎത്തനങ്ങൾ ആരംഭിച്ചത്. 1952 ഒക്ടോബർ 22–ാംതീയതി വൈകുന്നേരം കൃത്യം മൂന്നര മണിക്ക് കോളേജ്ഹാളിൽ കൂടിയ ഒരു വൻപിച്ച യോഗത്തിൽവച്ച് സംസ്കൃത കോളേജ് പ്രിൻസിപ്പാൾ ശ്രീ എൻ. ഗോപാലപിള്ള എം. ഏ. മലയാളസാഹിത്യത്തിന്റെ ഉദ്ഭവം, വളൎച്ച, വൈശിഷ്ട്യം നവീനപ്രവണതകൾ എന്നിവയെ വിശദമായും, വിശദമായും അപഗ്രഥിച്ചുകൊണ്ട് ഫലിതരസസമ്പൂൎണ്ണമായ ഒരു പ്രസംഗത്തോടെ സമാജം ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ പ്രസംഗിച്ച ശ്രീ. എൻ. കൃഷ്ണപിള്ള എം. എ. (യൂണിവേർസിററി കോളേജ് ലെക്ചറർ) മലയാളസാഹിത്യരംഗത്തു കുറച്ചുകാലമായി വേരൂന്നിപ്പടൎന്നു പന്തലിച്ചു വരുന്ന അവിഹിതവും, അനാരോഗ്യകരവുമായ നിരൂപണവ്യഗ്രതയേയും സിദ്ധാന്തപരതയേയും നിർദ്ദയം വിമർശിക്കുകയുണ്ടായി. സനാതനമായ കലാമൂല്യങ്ങളുടെ ലാവണ്യത്തേയും, സാൎവ്വജനീനതയേയും പററി അക്കൂട്ടത്തിൽ അദ്ദേഹം പ്രത്യേകം പ്രസ്താവിച്ചു.

ഈ പ്രവൎത്തനത്തിൽ മൂന്നു സാധാരണ യോഗങ്ങൾ നടക്കുകയുണ്ടായി.

പ്രസ്തുത സമാജത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പ്രസംഗമത്സരത്തിൽ വിജയികളായ ശ്രീ. സി. കെ. ദേവസ്യയേയും (ഒന്നാംസമ്മാനം), ശ്രീ. ഡി. തങ്കയ്യനേയും (രണ്ടാംസമ്മാനം) ഉപന്യാസമത്സരത്തിൽ വിജയികളായ ശ്രീ. സി. പി. രാമചന്ദ്രപിള്ളയേയും (ഒന്നാംസമ്മാനം), ശ്രീ. കെ നിൎസ്സ്റ്റീഫനേയും (രണ്ടാംസമ്മാനം) അഭിനന്ദിക്കുവാനും ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു.

രണ്ടു മൂന്നു യോഗങ്ങൾ കൂടി ഈ വൎഷത്തിൽ നടക്കുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ.

ഈ സമാജത്തിന്റെ പ്രവൎത്തനങ്ങളിൽ സദയം സഹകരിച്ചു വിജയത്തിലേയ്ക്കു വഴി തെളിച്ച സമാജം പ്രസിഡൻറ് റവ. ഫാദർ പ്രിൻസിപ്പാൽ അവർകളോടും, സമാജം വൈസ് പ്രസിഡൻറ് ശ്രീ. ജി. വൈദ്യനാഥയ്യർ (എം. എ.) അവർകളോടും ഞങ്ങൾക്കുള്ള കൃതജ്ഞതയേയും സദയം രേഖപ്പെടുത്തിക്കൊള്ളുന്നു.

ഡാനിയൽ ഏബ്രഹാം,
സമാജം സെക്രട്ടറി.



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

## UNIVERSAL PRINCIPLE

"Therefore all things whatsoever ye would that men should do unto you, do ye even so unto them; for this is the law and the prophets."

And more so with **SIVARAM S PHOTOGRAPHERS**, Trivandrum.

## ZENITH STUDIO

**By appointment**

To

**SOCIETY**

**PORTRAIT PHOTOGRAPHERS**

ZENITH STUDIO
UNIVERSITY COLLEGE JN.,
*Trivandrum.*

Phone No. 3003.

REMEMBER

## PARAMOUNT STUDIO

Main Road, Trivandrum.

for

ALL YOUR PHOTOGRAPHIC REQUIREMENTS.

We offer prompt and efficient Service always.

## SPORTS GOODS

FOR GOOD SPORTS

Are always available

at

*Malabros Sports Co., Trivandrum.*

MAR IVANIOS COLLEGE LIBRARY TRIVANDRUM

# *The Elite*

BOARDING AND LODGING

*Puthenchantha, Trivandrum.*

EUROPEAN and INDIAN DISHES



CATERINGS for PARTIES UNDERTAKEN

From above the terrace, the vast panorama of the capital city breasts before you and in the beyondness kissing the blue sky, the sea provides a fascinating view for the poetic and prosaic.

MAR IVANIOS COLLEGE DIGITAL REPOSITORY

## THE ATHLETIC SUPPLIES

**Phone 2402**

INCORPORATING

## THE METRO STUDIO

TRIVANDRUM

**PHOTOGRAPHS** **SPORTS GOODS**

For warm rich TONES in your Photographs please call on us. Our Studio is complete with the latest equipments and we are ever ready to give entire satisfaction. Enlargements are our speciality. We stock all kinds of sports goods at moderate rates, as we are suppliers to all the premier institutions in the State.